മാസിക
# സുന്നത്ത്

2025 ഒക്ടോബർ
1447 റ.ആഖിർ - ജ. അവ്വൽ
പുസ്തകം 48/ ലക്കം 08
വില 18 രൂപ

Samastha Kerala
Sunni Jam-iyyathul Mu-allimeen
Samastha Islamic Centre,
P.O Eranhippalam, Calicut-6

Ph: 0495 277 2846

sunnethmonthly@gmail.com
Sunnethcirculation@gmail.com




**Managing Editor**
Sayyid Ali Bafaqy Thangal

**Chief Editor**
V.P.M Villyapalli
9446 731 889, 0496 253 4373

**Executive Editor**
Shafeeq Bukhari Kanthapuram
cp222306@gmail.com

**General Manager**
Sulaiman Saqafi Kunhukulam

**Editor**
Muhammed Parannur

**Sub Editor**
E.M Sufyan Bukhari

**Circulation Manager**
Shareef saqafi Edayur

**Design & Layout**
Anvar Sadique Bukhari

മുഖക്കുറി

## രക്ഷാകർതൃത്വം, അധ്യാപനം മാറണം, മാറ്റത്തിനൊപ്പം

നേപ്പാളിലെ ഭരണകൂടത്തെ താഴെയിറക്കിയിരിക്കുകയാണ് ജെൻസി പ്രക്ഷോഭകർ. അഴിമതിയും അരാജകത്വവും നിറഞ്ഞ ഭരണത്തിനെതിരെ നേപ്പാളിൽ മുമ്പും ചെറുപ്പക്കാരുടെ സമരങ്ങളും പ്രതിഷേധങ്ങളും ഉണ്ടായിരുന്നെങ്കിലും പൗരന്മാരുടെ സോഷ്യൽമീഡിയ ഉപയോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയതോടെയാണ് പ്രക്ഷോഭം അക്രമാസക്തമായത്.

ഇന്റർനെറ്റും സാങ്കേതികവിദ്യയും അത്യധികം പുരോഗതി പ്രാപിച്ച കാലത്ത് പുതിയ തലമുറയെ അവഗണിക്കുന്നത് അപകടമാണെന്ന സന്ദേശമാണ് നേപ്പാൾ പ്രക്ഷോഭം നൽകുന്നത്. ജെൻസി തലമുറയെ വഴിതെറ്റിക്കുന്നതിൽ പ്രധാനമായും പാരന്റിംഗ്, ടീച്ചിംഗ് മേഖലകളിലെ പൊരുത്തക്കേടുകൾക്ക് അനിഷേധ്യമായ പങ്കുണ്ട്.

അച്ചടക്കവും നീതിബോധവും ധാർമികമൂല്യങ്ങളുമുള്ള തലമുറയെ വാർത്തെടുക്കാൻ പുതിയകാലത്ത് രക്ഷിതാക്കളും അധ്യാപകരും പ്രത്യേകം ജാഗ്രത പാലിക്കണം. കുട്ടികളിൽ നിന്ന് ശരികേടുകൾ സംഭവിക്കുമ്പോൾ അവഗണിക്കുകയോ ബഹിഷ്കരിക്കുകയോ ചെയ്യുന്നതിനു പകരം ചേർത്തുനിർത്താനും സ്നേഹപൂർവ്വം തിരുത്താനും അവരുടെ മുന്നോട്ടുള്ള യാത്രയിൽ എപ്പോഴും കൂടെയുണ്ടെന്ന് ബോധ്യപ്പെടുത്താനുമാണ് രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ടത്. ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നിടത്തും സാംസ്കാരിക സാമൂഹിക രംഗങ്ങളിലുള്ള പുതിയ തലമുറയുടെ ട്രെന്റുകളെ മനസ്സിലാക്കുന്നിടത്തും കഴിഞ്ഞ തലമുറയിലെ അംഗങ്ങളായ രക്ഷിതാക്കളും അധ്യാപകരും ഏറെ മുന്നേറാനുണ്ട്.

പാഠപുസ്തകങ്ങൾക്കപ്പുറത്തുള്ള ചില സാമൂഹ്യപാഠങ്ങളും ധാർമികമൂല്യങ്ങളും ഗൗരവത്തോടെ പുതിയ തലമുറയിലെ കുട്ടികളിൽ നട്ടുവളർത്താൻ കാര്യമായ ആലോചനകൾ അനിവാര്യമാണ്.

*എഡിറ്റർ*

കവർസ്റ്റോറി

## എത്ര പറഞ്ഞിട്ടും കേൾക്കുന്നില്ലന്നോ?

കെ.എം. ഫാത്തിമ ശമീമ

പുതിയ തലമുറയിലെ കുട്ടികൾക്ക് അച്ചടക്കവും അനുസരണയും കുറവാണെന്ന് ചിന്തിക്കുന്നവരാണ് പലരും. രക്ഷാകർതൃത്വത്തിലും അധ്യാപനത്തിലും രക്ഷിതാക്കളും അധ്യാപകരും അല്പം ജാഗ്രത പുലർത്തുകയാണ് പരിഹാരം.

06




കവർസ്റ്റോറി

## തുല്യതയില്ലാത്ത വിവാഹങ്ങൾ

സിയാദ് സഖാഫി പാറന്നൂർ

വിവാഹം കഴിക്കേണ്ടത് ആരാണ്? എങ്ങനെയാണതിന്റെ ശൈലി? ഇണകൾ തമ്മിലുള്ള യോജിപ്പ് പരിഗണിക്കുന്നതിന്റെ താല്പര്യമെന്താണ്? തുടങ്ങിയ ചോദ്യങ്ങൾക്കുള്ള ഇസ്‌ലാമിക വിശദീകരണം.

09




കവർസ്റ്റോറി

## വാക്കുകളുടെ മൂർച്ച

സൈറ അലി അരീക്കോട്

വാക്കുകൾക്ക് അപാര മൂർച്ചയാണ്. സന്തോഷം കൊണ്ട് മനസ്സു നിറയ്ക്കാനും ഉണങ്ങാത്ത മുറിവുകൾ സമ്മാനിക്കാനും വാക്കുകൾക്ക് കഴിയും. ജീവിതയാത്രയിൽ കേട്ട് അനുഭവിച്ച ചില വാക്കുകളെക്കുറിച്ച്.

15






19 **അച്ചടക്കം സൗന്ദര്യമാണ്**
സൈനുദ്ദീൻ ശാമിൽ ഇർഫാനി

**ശൈഖ് രിഫാഈ(റ) വിജ്ഞാനം, സേവനം**
റൈഹാൻ 24





35 **ആത്മീയലോകത്തെ രണ്ടാം പിറവി**
അലി സഖാഫി പുൽപ്പറ്റ

05 തസ്കിയ
27 ശാഫിഈ ഫിഖ്ഹ്
48 വാർത്തകൾ
ചരിത്രാഖ്യായിക 29
നോവൽ 32
ഹനഫീ ഫിഖ്ഹ് 39

26 **ട്രെൻഡിനൊപ്പം നിൽക്കുമ്പോൾ ജാഗ്രതവേണം**
അബൂലിയാന

27 **നബിദിനാഘോഷവും മതസൗഹൃദവും**
ചെറുശ്ശോല അബ്ദുൽജലീൽ സഖാഫി

40 **കൗമാരത്തിന്റെ മനസ്സറിയാം**
ജാശിർ കുന്നളം

46 **കുട്ടികളിൽ സഹാനുഭൂതി വളർത്താം**
അനസ് ബുഖാരി ആമപ്പൊയിൽ

46 **പാരമ്പര്യം തിരിച്ചുപിടിക്കണം**
അബൂവാഹിബ ഫാളിലി

# ജനസേവനത്തിന്റെ പുണ്യം



തസ്കിയ

ഇബ്നുഅബ്ബാസ്(റ) നിവേദനം: 'തിരുനബി(സ)യുടെ പള്ളിയിൽ ഇഅ്തികാഫിലായിരിക്കെ ഒരു ദിവസം ഒരാൾ അദ്ദേഹത്തെ സമീപിച്ചു സലാം പറഞ്ഞു. അദ്ദേഹത്തിന്നടുത്തായി ഇരുന്നു. അയാൾ വളരെ ദുഃഖിതനും വിവശനുമാണെന്നു മനസ്സിലാക്കിയ ഇബ്നുഅബ്ബാസ് ചോദിച്ചു: 'താങ്കൾ വളരെ ദുഃഖിതനും വിവശനുമാണല്ലോ. എന്താണ് താങ്കളുടെ പ്രശ്നം?'

അയാൾ പറഞ്ഞു: 'അതേ. തിരുനബി(സ)യുടെ പിതൃവ്യപുത്രാ, എനിക്കൊരാളുമായി സാമ്പത്തിക ബാധ്യതയുണ്ട്. (തിരുനബി(സ)യുടെ ഖബറിലേക്കു ചൂണ്ടി) ഈ ഖബറിൽ കിടക്കുന്നവരുടെ മാഹാത്മ്യമാണ! അത് കൊടുത്തുവീട്ടാനുള്ള സാമ്പത്തികശേഷി എനിക്കില്ല. അതാണെന്നെ അലട്ടുന്ന പ്രശ്നം.'

അപ്പോൾ ഇബ്നുഅബ്ബാസ്(റ) ചോദിച്ചു: 'താങ്കളുടെ കാര്യത്തിൽ ഞാൻ ആ വ്യക്തിയുമായി ഒന്ന് സംസാരിച്ചു നോക്കട്ടെ?'

'താങ്കൾക്കിഷ്ടമാണെങ്കിൽ സംസാരിച്ചോളൂ.' അയാൾ പറഞ്ഞു.

അബ്ബാസ്(റ) പള്ളിയിൽ നിന്നെഴുന്നേറ്റ് ചെരുപ്പ് ധരിച്ച് പുറത്തേക്കിറങ്ങിയപ്പോൾ അയാൾ ചോദിച്ചു: 'താങ്കൾ ഇഅ്തികാഫിലാണെന്ന കാര്യം മറന്നുപോയതാണോ?' ഇബ്നുഅബ്ബാസ് പറഞ്ഞു: 'അല്ല, ഈ ഖബറിൽ കിടക്കുന്ന റസൂലുല്ലാഹി(സ) ഒരിക്കൽ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്; ഒരാൾ തന്റെ സഹോദരന്റെ ആവശ്യപൂർത്തീകരണത്തിനു വേണ്ടി പുറത്തേക്കിറങ്ങുകയും അക്കാര്യം നിറവേറ്റിക്കൊടുക്കുകയും ചെയ്താൽ അതയാൾക്ക് പത്തുവർഷം ഇഅ്തികാഫ് ഇരിക്കുന്നതിനെക്കാൾ ഗുണകരമായിരിക്കുമെന്ന്. (ഇഅ്തികാഫിന്റെ മഹത്വം എത്രയാണെന്നറിയാമോ?) ഒരാൾ അല്ലാഹുവിന്റെ പ്രീതി ലക്ഷ്യമാക്കി ഒരു ദിവസം പള്ളിയിൽ ഇഅ്തികാഫിരുന്നാൽ അല്ലാഹു അയാൾക്കും നരകത്തിനുമിടയിൽ മൂന്നു കിടങ്ങുകളുണ്ടാക്കും. അവയിൽ ഓരോ കിടങ്ങിനും രണ്ടു ചക്രവാളങ്ങൾക്കിടയിലുള്ളതിനെക്കാൾ അകലമുണ്ടായിരിക്കുമെന്നും അവിടുന്ന് പറഞ്ഞിട്ടുണ്ട്. ഇക്കാര്യം പറയുമ്പോൾ തിരുനബി(സ)യെക്കുറിച്ചുള്ള ഓർമ്മയിൽ അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.' (ബൈഹഖി, ത്വബ്റാനി)

അതിശ്രേഷ്ഠമായ ഒരു ആരാധനാകർമ്മമാണ് ഇഅ്തികാഫ്. ഭൗതികചിന്തകളും വ്യാപാരങ്ങളും മാറ്റിവെച്ച് മനുഷ്യൻ ദൈവികചിന്തയുമായി പള്ളിയിൽ കഴിഞ്ഞുകൂടുന്ന അനവദ്യമായ മുഹൂർത്തമാണത്. എന്നാൽ, അതിവിശിഷ്ടമായ ഈ ആരാധനകളെക്കാൾ പുണ്യമേറിയതാണ് ജനസേവനം എന്ന സന്ദേശം ഈ ഹദീസ് നൽകുന്നുണ്ട്.

ജനങ്ങളിൽ നിന്നകന്ന് സ്വന്തം മോക്ഷം മാത്രം കാംക്ഷിച്ച് ആരാധനയുമായി കഴിഞ്ഞുകൂടാനല്ല; ജനങ്ങൾക്കിടയിൽ ജീവിച്ച്, അവരുമായി ഇടപെട്ട് അവരുടെ പ്രയാസങ്ങളകറ്റാനും അവർക്ക് മാർഗ്ഗദർശനം നൽകാനും പരിശ്രമിക്കുകയാണ് യഥാർത്ഥ വിശ്വാസി ചെയ്യേണ്ടത്. സാമൂഹ്യസേവനത്തിലൂടെ പൂർണസമയവും നിസ്കാരവും നോമ്പും ഖുർആൻ പാരായണവുമൊക്കെയായി കഴിഞ്ഞുകൂടുന്നവരെക്കാൾ ഉന്നതമായ പദവികൾ നേടിയെടുക്കാൻ കഴിയുമെന്നു ചുരുക്കം. സംഘടനാ പ്രവർത്തകർക്കും മറ്റും പ്രചോദനവും പ്രതീക്ഷയും നൽകുന്നതാണ് ഈ ഹദീസ്. പക്ഷേ, പ്രവർത്തനത്തിൽ മനഃശുദ്ധിയും ആത്മാർത്ഥതയും സത്യസന്ധതയും അനിവാര്യമാണെന്നു മാത്രം. നേതൃത്വവും പ്രശസ്തിയും മറ്റു ഭൗതികതാൽപര്യങ്ങളുമാണ് ജനസേവനത്തിന് പ്രചോദനമാകുന്നതെങ്കിൽ അത് അപകടമാണെന്നു മാത്രമല്ല; അല്ലാഹുവിന്റെ കോപത്തിനു വിധേയമാക്കുന്നതുമാണെന്ന കാര്യം മറക്കാതിരിക്കുക.

കവർസ്റ്റോറി

കെ.എം ഫാത്തിമ ശമീമ (കൺസൾട്ടന്റ് സൈക്കോളജിസ്റ്റ്)

# എത്ര പറഞ്ഞിട്ടും കേൾക്കുന്നില്ലെന്നോ?

മൂന്നാം വയസ്സിലെ മൂച്ചിപ്പിരാന്തിലൂടെ ഓടിക്കൊണ്ടിരിക്കുകയാണ് എന്റെ മോളും. 'ഇങ്ങോട്ട് വാ മോളേ' എന്നു പറയുമ്പോൾ അങ്ങോട്ടു ഓടുന്നതും 'ഫുഡ് കഴിക്കാൻ വാ' എന്നു പറഞ്ഞാൽ വേണ്ടെന്നു പറഞ്ഞ് പോകുന്നതും 'എന്നാൽ നിനക്കിന്ന് ഫുഡില്ലാ ട്ടോ' എന്നു പറയുമ്പോൾ തിരിച്ചുവന്ന് പ്ലേറ്റിൽ വിളമ്പിവെച്ചതും അതിലേറെയും കഴിക്കുന്നതുമെല്ലാം സ്വാഭാവികമാണ്. അങ്ങോട്ടെന്തെങ്കിലും പറഞ്ഞു ചൂടായാൽ അതേ എക്സ്പ്രഷനിൽ, അതേ ടോണിൽ, അതേ ശരീരഭാഷയിൽ തിരിച്ചും ചൂടാകും. പ്രതികരണത്തിന്റെ തീവ്രത ഇത്തിരി കൂടിപ്പോയേക്കുമെന്നല്ലാതെ കുറയില്ലെന്നുറപ്പ്. ഇതൊക്കെ കാണുമ്പോൾ 'ഇതിപ്പോൾ ഞാനാണോ ഇവളാണോ ഉമ്മ/ഉപ്പ' എന്നൊക്കെ നമുക്കു തോന്നിപ്പോകും. 'ഇപ്പോഴത്തെ കുട്ടികളുടെ സ്വഭാവം ഇങ്ങനെ ത്തന്നെ' എന്ന് നമ്മുടെ വക ഒരു ടാഗും കൊടുക്കും.



കുട്ടികളായിരുന്നപ്പോൾ നമുക്കൊക്കെ മാതാപിതാക്കളെ പ്രത്യേകിച്ച് ഉപ്പയെ ഇത്തിരിയെങ്കിലും പേടിയുണ്ടായിരുന്നു. പുതിയ തലമുറക്ക് അതുമില്ല എന്ന് നാം ചിന്തിക്കാറില്ലേ? അനുകരണമാണ് ഈ വ്യത്യാസങ്ങൾക്കു കാരണം. മാതാപിതാക്കളെ കണ്ടാണ് എല്ലാ കാര്യങ്ങളും മക്കൾ പഠിക്കുന്നത്. അനുകരണത്തിൽ രക്ഷിതാക്കളുടെ വാക്കുകളെക്കാൾ പ്രവർത്തനങ്ങൾക്കാണ് കുട്ടികൾ പ്രാധാന്യം നൽകുക. മക്കൾ അനാവശ്യമായി ദേഷ്യപ്പെടുന്നുണ്ടെങ്കിൽ തങ്ങളുടെ ദേഷ്യത്തെക്കുറിച്ചും ദേഷ്യപ്രകടനത്തെക്കുറിച്ചും രക്ഷിതാക്കൾ ആലോചിക്കണം. മക്കൾ അനുസരണക്കേട് കാണിക്കുമ്പോൾ അവരോടുള്ള തങ്ങളുടെ സംസാരശൈലിയെക്കുറിച്ച് രക്ഷിതാക്കൾ ചിന്തിക്കണം.

ആജ്ഞകൾക്കും കുറ്റപ്പെടുത്തലുകൾക്കും പകരം സ്നേഹോപദേശങ്ങളിലൂടെയും സൽപ്രവർത്തനങ്ങളിലൂടെയും രക്ഷിതാക്കൾ മാതൃക കാണിക്കണം. തെറ്റുകൾ കാണുമ്പോൾ ഉചിതമായ രൂപത്തിൽ തിരുത്ത

ണം. ആവശ്യമെങ്കിൽ മാത്രം ശിക്ഷിക്കണം. ശിക്ഷക്കർഹരാകാനുള്ള കാരണം അവരെ ബോധ്യപ്പെടുത്തുകയും വേണം. കുറ്റപ്പെടുത്തുന്നത് പ്രധാനമായും രണ്ടു രൂപത്തിൽ കുട്ടികളെ സ്വാധീനിക്കും. അവസരം കിട്ടുമ്പോഴെല്ലാം രക്ഷിതാക്കളെയും മറ്റുള്ളവരെയും കുറ്റപ്പെടുത്താനുള്ള പ്രവണതയാണ് അതിലൊന്ന്. അറിവില്ലായ്മകൊണ്ടോ അബദ്ധത്തിലോ ഉണ്ടാകുന്ന വീഴ്ചകൾക്ക് അവരെ കുറ്റപ്പെടുത്തുമ്പോൾ തിരുത്തുന്നതിനു പകരം അത് കുട്ടികളിൽ ഒരുപാട് സ്വഭാവദൂഷ്യങ്ങൾക്ക് കാരണമായേക്കാം. ആത്മവിമർശനമാണ് (Selfcriticism) മറ്റോരു ദൂഷ്യഫലം. അഥവാ, വീഴ്ചകൾ സംഭവിച്ചതിന് കുറ്റപ്പെടുത്തി സംസാരിച്ചാൽ, അതവരിൽ താനൊരു കുറ്റവാളിയാണെന്ന ബോധമുണ്ടാക്കും. പിന്നീടത് അപകർഷതാബോധം (Inferiority Complex) സൃഷ്ടിക്കാൻ കാരണമാകും. സ്വന്തം കഴിവുകളെ വില കുറച്ചു കാണാനും ആത്മവിശ്വാസം നഷ്ടപ്പെടാനും അത് കാരണമാകും.

കുട്ടിക്കാലത്ത് മുതിർന്നവരെ അനുസരിക്കാൻ നമ്മെ പ്രേരിപ്പിച്ച പ്രധാന ഘടകം പേടിയാണ്. പ്രത്യേകിച്ച് ഉപ്പമാർ കുട്ടികളുമായി കൂടുതൽ ഇടപഴകാത്തതു കാരണമായുണ്ടാകുന്ന അകൽച്ചയാണ് ആ പേടിക്കു കാരണം. എന്നാൽ, ഇക്കാലത്തെ മക്കൾ അങ്ങനെയല്ല, ഒരുപക്ഷേ, ഉമ്മമാരെക്കാൾ ഉപ്പമാരോടിടപഴകാനും ഉപ്പമാർക്കൊപ്പം സമയം ചെലവഴിക്കാനും സംസാരിക്കാനുമാണ് കുട്ടികൾക്ക് താത്പര്യം. അതുകൊണ്ട് മുമ്പുണ്ടായിരുന്ന അകൽച്ചയോ പേടിയോ മക്കൾക്ക് ഇന്നില്ല. അനുഭവിക്കുന്ന പ്രശ്നങ്ങൾ ഉപ്പമാരോട് തുറന്നു പറയാൻ കുട്ടികൾ സന്നദ്ധമാകുമെന്ന നിലയ്ക്കത് നല്ലതുമാണ്. അനുസരണക്കേടിന്റെ പ്രശ്നം ഉത്ഭവിക്കുന്നത് മക്കളോടുള്ള രക്ഷിതാക്കളുടെ പെരുമാറ്റത്തിൽ നിന്നാണെന്ന് വ്യക്തം.

ദേഷ്യം വരുമ്പോൾ ആത്മസംയമനം പാലിച്ച് വിനയപൂർവ്വം സംസാരിക്കുന്നത് അത്ര എളുപ്പമുള്ള ഏർപ്പാടൊന്നുമല്ല.



**കുട്ടിക്കാലത്ത് മുതിർന്നവരെ അനുസരിക്കാൻ നമ്മെ പ്രേരിപ്പിച്ച ഘടകം പേടിയാണ്. പ്രത്യേകിച്ച് ഉപ്പമാർ കുട്ടികളുമായി കൂടുതൽ ഇടപഴകാത്തതു കാരണമായുണ്ടാകുന്ന അകൽച്ചയാണ് ആ പേടിക്കു കാരണം. എന്നാൽ, ഇക്കാലത്തെ മക്കൾ അങ്ങനെയല്ല. ഒരുപക്ഷേ, ഉമ്മമാരെക്കാൾ ഉപ്പമാരോടിടപഴകാനും ഉപ്പമാർക്കൊപ്പം സമയം ചെലവഴിക്കാനും സംസാരിക്കാനുമാണ് കുട്ടികൾക്ക് താത്പര്യം.**

'മൽപ്പിടുത്തത്തിൽ ജയിക്കുന്നവനല്ല; ദേഷ്യം വരുമ്പോൾ ശരീരത്തെ അടക്കിനിർത്തുന്നവനാണ് ശക്തൻ' എന്ന നബിവചനം ഏറെ പ്രസിദ്ധമാണല്ലോ. പൊട്ടിത്തെറിക്കുന്നതിനു പകരം സംയമനം പാലിച്ച് ഒന്നാഞ്ഞു ശ്രമിച്ചാൽ പിണങ്ങിപ്പോകുന്നവരെ ഇണക്കാനും അകലുന്നവരെ അടുപ്പിക്കാനും കഴിയുമെന്നു തീർച്ചയാണ്.

പ്രസിദ്ധ അമേരിക്കൻ സൈക്കോളജിസ്റ്റ് ആൽബർട്ട് ബണ്ടുര ഒരു പരീക്ഷണം നടത്തി. കുട്ടികളിലെ സ്വഭാവരൂപീകരണത്തിൽ നിരീക്ഷണത്തന് എത്രത്തോളം സ്വാധീനമുണ്ടെന്നറിയുകയായിരുന്നു ലക്ഷ്യം. ഏതാനും കുട്ടികളെ തെരഞ്ഞെടുത്ത് എ, ബി എന്നിങ്ങനെ രണ്ട് ഗ്രൂപ്പുകളാക്കിത്തിരിച്ചു വ്യത്യസ്ത റൂമുകളിലിരുത്തി. എല്ലാവരുടെയും കൈയിൽ ഓരോ പാവക്കുട്ടിയെയും നൽകി. രണ്ടു ഗ്രൂപ്പിലെയും കുട്ടികൾക്ക് ഓരോ വീഡിയോ കാണിച്ചുകൊടുത്തു. എ ഗ്രൂപ്പിലുള്ള കുട്ടികൾക്ക് കാണിച്ചുകൊടുത്ത വീഡിയോയിൽ ഒരു പാവയെ സ്നേഹിക്കുന്നതും ഭക്ഷണം നൽകുന്നതും താരാട്ടു പാടി ഉറക്കുന്നതുമായ രംഗമായിരുന്നു. എന്നാൽ ബി ഗ്രൂപ്പിലെ കുട്ടികൾക്ക് പാവയെ ഉപദ്രവിക്കുന്ന രംഗമാണ് കാണിച്ചുകൊടുത്തത്. വീഡിയോ കണ്ട് റൂമിൽ നിന്നു പുറത്തിറങ്ങിയ കുട്ടികൾ

**മക്കൾക്ക് ധാരാളം കാര്യങ്ങൾ പറഞ്ഞുകൊടുക്കുന്നതിനെക്കാൾ നല്ലത് അക്കാര്യം രണ്ടു പ്രാവശ്യം ചെയ്തു കാണിക്കുന്നതാണ്. മക്കൾ ഫുഡ് കഴിക്കണമെങ്കിൽ അവരുടെ കൂടെയിരുന്ന് രക്ഷിതാക്കളും ഫുഡ് കഴിക്കണം. അവർ സ്മാർട്ട്ഫോണിൽ റീലുകൾ കാണുന്നത് നിർത്തണമെങ്കിൽ ചുരുങ്ങിയത് അവരുടെ മുന്നിൽ നിന്നെങ്കിലും രക്ഷിതാക്കളും സ്ക്രോളിംഗ് നിർത്തണം, അവർ വായിക്കണമെങ്കിൽ രക്ഷിതാക്കളും വായിക്കണം.**

തങ്ങളുടെ കൈകളിലുള്ള പാവയോട് വീഡിയോയിൽ കണ്ട രൂപത്തിലാണ് പെരുമാറിയത്. ഈ പരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ പഠനത്തിലും പ്രവർത്തനത്തിലും നിരീക്ഷണത്തിന് വലിയ പങ്കുണ്ടെന്ന് അദ്ദേഹം വിലയിരുത്തി. മക്കൾക്ക് ധാരാളം കാര്യങ്ങൾ പറഞ്ഞുകൊടുക്കുന്നതിനെക്കാൾ നല്ലത് അക്കാര്യം രണ്ടു പ്രാവശ്യം ചെയ്തു കാണിക്കുന്നതാണ്. മക്കൾ ഫുഡ് കഴിക്കണമെങ്കിൽ അവരുടെ കൂടെയിരുന്ന് രക്ഷിതാക്കളും ഫുഡ് കഴിക്കണം. അവർ സ്മാർട്ട്ഫോണിൽ റീലുകൾ കാണുന്നത് നിർത്തണമെങ്കിൽ ചുരുങ്ങിയത് അവരുടെ മുന്നിൽ നിന്നെങ്കിലും രക്ഷിതാക്കളും സ്ക്രോളിംഗ് നിർത്തണം, അവർ വായിക്കണമെങ്കിൽ രക്ഷിതാക്കളും വായിക്കണം. നിസ്കരിക്കണമെങ്കിൽ ഒരുമിച്ച് നിസ്കരിക്കണം.

ഇതുമായി ബന്ധപ്പെട്ട് ഒരു കേസ് വന്നതോർക്കുന്നു: നാലു വയസ്സുള്ളൊരു കുഞ്ഞിനു വേണ്ടിയായിരുന്നു രക്ഷിതാക്കൾ സമീപിച്ചത്. കാണുന്നതെല്ലാം തകർക്കുന്നതും മറ്റുള്ളവരെ ആക്രമിക്കുന്നതുമാണ് അവന്റെ ഹോബി. മറ്റുള്ളവർക്ക് വേദനയാകുമോ, കളിപ്പാട്ടങ്ങളും മറ്റും നാശമാകുമോ എന്നിങ്ങനെയുള്ള കുറ്റബോധമൊന്നും അവനില്ല. വേറെ പ്രശ്നങ്ങളൊന്നുമില്ലതാനും. രണ്ടുമൂന്ന് കൗൺസിലിംഗ് സിറ്റിംഗുകൾ കഴിഞ്ഞപ്പോഴാണ് ആ കുഞ്ഞിന്റെ ഇക്കാക്ക ഒരു ഗെയിംഭ്രാന്തനാണെന്നറിഞ്ഞത്. കുഞ്ഞ് പറഞ്ഞു: 'ഇക്കാക്ക കളിക്കുന്ന ഗെയിമിൽ ആൾക്കാരെ തല്ലുമ്പോഴും വെടിവെക്കുമ്പോഴും കെട്ടിടങ്ങൾ തകർക്കുമ്പോഴുമൊക്കെയാണ് പോയിന്റ് കിട്ടുന്നത്. അങ്ങനെ കൂടുതൽ പോയിന്റുകൾ കിട്ടുമ്പോൾ ഇക്കാക്ക ഭയങ്കര ഹാപ്പിയാണ്.' ചുറ്റുപാടുകൾ കുഞ്ഞുമക്കളെ എത്രത്തോളം സ്വാധീനിക്കുന്നുണ്ടെന്ന് ഇതിൽ നിന്നു വ്യക്തമാണല്ലോ.

മാതാപിതാക്കളുടെ പൊരുത്തവും നല്ല പെരുമാറ്റവുമാണ് മക്കളുടെ സ്വഭാവരൂപീകരണത്തിൽ നിർണായക പങ്കുവഹിക്കുന്നത്. മക്കളിൽ കാണണമെന്നാഗ്രഹിക്കുന്ന നന്മകൾ രക്ഷിതാക്കളിൽ നിന്നാണവർക്ക് ലഭിക്കേണ്ടത്. 'ഞാനോ കേടുവന്നു. നീയെങ്കിലും നന്നായിക്കോ' എന്ന തിയറി ഒട്ടും പ്രായോഗികമല്ലെന്നർത്ഥം. മക്കളിൽ ഒരു ദുസ്വഭാവം കണ്ടാൽ അത് തങ്ങളിലുണ്ടോ എന്നാണ് രക്ഷിതാക്കൾ ആദ്യം ശ്രദ്ധിക്കേണ്ടത്.

നിസ്കരിക്കാത്ത, പള്ളിയിൽ ജമാഅത്തിനു പോകാത്ത ഉപ്പ മക്കളോട് നിസ്കരിക്കാനോ ജമാഅത്തിന് പള്ളിയിൽ പോകാനോ പറഞ്ഞാൽ 'ഒന്നു പോടോ' എന്ന് മുഖത്തുനോക്കി ഉറക്കെ പറഞ്ഞില്ലെങ്കിലും മനസ്സിൽ അവർ രോഷംകൊണ്ടേക്കും. ദേഷ്യപ്പെട്ടുള്ള സംസാരവും ദീർഘമായ ഉപദേശവും കുറ്റപ്പെടുത്തലുകളും വിപരീതഫലമാണുളവാക്കുക. അവരുടെ ശ്രദ്ധ പിടിച്ചുപറ്റി സൗമ്യമായി ഒന്നോ രണ്ടോ വാക്കിൽ ചുരുക്കി മനസ്സിൽകൊള്ളുന്ന ഒരു ഉപദേശം നൽകിയാൽ അത് ഉൾകൊള്ളാനും പ്രവർത്തിക്കാനും അവർ തയ്യാറാകുമെന്നുറപ്പ്. മക്കളോട് വല്ലതും ചെയ്യാൻ പറയുമ്പോൾ താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിച്ചു നോക്കൂ; പോസിറ്റീവായ ഒരുപാട് മാറ്റങ്ങൾ കാണാനാകും.

1. വീഴ്ചകൾ കാണുമ്പോൾ ശകാരിക്കുന്നതിനു പകരം ലളിതമായ വാക്കുകളിൽ അവരുടെ പ്രവൃത്തിയിലെ തെറ്റും ശരിയും ചൂണ്ടിക്കാണിക്കുകയും പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക. (ഉദാഹരണം: റൂമിലെ ചുമരിൽ സ്കെച്ച്പേനയോ ക്രയോണുകളോ ഉപയോഗിച്ച് വരച്ചുവൃത്തികേടാക്കുമ്പോൾ മക്കളെ ശകാരിക്കുന്നതിനു പകരം കളറിംഗ് പുസ്തകങ്ങളോ ആർട്ട് പേപ്പറുകളോ നൽകി 'ഇതിൽ വരച്ചാൽ കൂടുതൽ മനോഹരമാകും; ചുമരിൽ വരച്ച് വൃത്തികേടാക്കിയാൽ പിന്നെ ആരും നമ്മുടെ വീട്ടിൽ വരാൻ ഇഷ്ടപ്പെടില്ല' എന്നിങ്ങനെ പറയാം. വീട് വൃത്തിയാക്കി സൂക്ഷിച്ചാലുള്ള ഗുണവും ഓർമിപ്പിക്കാം.)

2. കാര്യങ്ങൾ എത്ര പറഞ്ഞിട്ടും അവർ ചെയ്തില്ലെങ്കിൽ, ദേഷ്യപ്പെടാതെ അത് മനോഹരമായി ചെയ്തുകാണിച്ചു കൊടുക്കാം.

3. തിരുനബി(സ)യുടെയും മഹാരഥന്മാരായ ഇമാമുകളുടെയുമെല്ലാം ജീവിതമാതൃകകൾ കഥകളിലൂടെ വിശദീകരിച്ചു നൽകാം.

4. റൂമിന്റെ ഡോറിൽ ഒരു കളർപേപ്പറിൽ എഴുതിയൊട്ടിച്ചോ ചിത്രങ്ങൾ വരച്ചൊട്ടിച്ചോ സന്ദേശങ്ങൾ കൈമാറാം. ചിലപ്പോൾ എഴുത്തുകളും ചിത്രങ്ങളും വാക്കുകളെക്കാൾ കുട്ടികളെ സ്വാധീനിക്കും.

കവർസ്റ്റോറി

സിയാദ് സഖാഫി പാറന്നൂർ

# തുല്യതയില്ലാത്ത വിവാഹങ്ങൾ



അതിപ്രധാനവും പരിപാവനവുമാണ് വൈവാഹിക ബന്ധം. മനുഷ്യരാശിയുടെ നിലനിൽപ്പിനും സമൂഹത്തിലെ ധാർമികനിഷ്ഠയ്ക്കും വിവാഹം ഒരനിവാര്യ ഘടകമാണ്. അനുവദനീയ മാർഗത്തിൽ ലൈംഗികബന്ധം നടത്തി വികാരം ശമിപ്പിക്കുക, സന്താനോല്പാദനം വഴി മനുഷ്യവർഗ്ഗത്തിന്റെ നിലനിൽപ്പിൽ കണ്ണിയായവുക, അച്ചടക്കവും അഭിമാനബോധവുമുള്ള സമൂഹത്തെ സൃഷ്ടിക്കുക, സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും തണലിൽ സുരക്ഷിതമായ ജീവിതം നയിക്കുക, സന്താനങ്ങളെ വളർത്തുക, ഇരുലോകത്തും ഉപകരിക്കുന്ന പുതുതലമുറയെ വാർത്തെടുക്കുക തുടങ്ങി ധാരാളം ലക്ഷ്യങ്ങൾ വിവാഹത്തിനുണ്ട്.

ചിട്ടയൊത്ത ജീവിതവും ലൈംഗികഅച്ചടക്കവും ഓരോ വ്യക്തിക്കും ഉണ്ടായിരിക്കണമെന്ന് ഇസ്‌ലാം നിഷ്കർഷിക്കുന്നു. കുടുംബവ്യവസ്ഥയില്ലാതെയുള്ള മൃഗീയമായ ലൈംഗികത ഇസ്‌ലാം അനുവദിക്കുന്നില്ല. വിവേകബുദ്ധി എന്ന മഹാഅനുഗ്രഹം ലഭിച്ച മനുഷ്യവർഗത്തിന്റെ സാമൂഹ്യജീവിതവും വ്യക്തിബന്ധങ്ങളും കൃത്യമായ നിയമവ്യവസ്ഥയിൽ നിക്ഷിപ്തമാണ്. ഇതിന് വ്യക്തമായ മാർഗ്ഗനിർദേശങ്ങൾ ഇസ്‌ലാം മുന്നോട്ടുവയ്ക്കുന്നുണ്ട്.

വിശുദ്ധഖുർആനിൽ വിവാഹത്തെ സംബന്ധിച്ച് നിരവധി ആയത്തുകൾ കാണാം:

'നിങ്ങൾക്ക് സമാധാനത്തോടെ ഒത്തുചേരുന്നതിന്നായി നിങ്ങളിൽ നിന്നു തന്നെ ഇണകളെ സൃഷ്ടിച്ചുതരുകയും നിങ്ങൾക്കിടയിൽ സ്നേഹകാരുണ്യങ്ങൾ നിറയ്ക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാകുന്നു. ചിന്തിക്കുന്ന ജനങ്ങൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്.' (അർറൂം:21)

വിവാഹത്തെ പ്രോത്സാഹിപ്പിക്കുന്ന നബിവചനങ്ങളും ധാരാളമുണ്ട്. ഇമാം ത്വബ്റാനി ഉദ്ധരിച്ച ഹദീസിൽ നബി(സ) പറയുന്നു: 'വിവാഹം കഴിച്ചവർ വിശ്വാസത്തിന്റെ പാതി പൂർത്തിയാക്കി. ശേഷിക്കുന്ന പാതിയിൽ അവൻ അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളട്ടെ.' (അൽമുഅ്ജമുൽ ഔസത്ത് ഹ.നം 7862) ഇമാം അബൂദാവൂദ് നിവേദനം ചെയ്ത ഹദീസ്: 'കൂടുതൽ പ്രസവിക്കുന്ന, കൂടുതൽ സ്നേഹമുള്ള സ്ത്രീയെ നിങ്ങൾ വിവാഹം ചെയ്യുക. നിങ്ങളുടെ അംഗബാഹുല്യത്തിൽ അന്ത്യനാളിൽ ഞാൻ അഭിമാനം കൊള്ളുന്നതാണ്.' (അബൂദാവൂദ് ഹ.നം 1754)

## ആർക്കാണ് സുന്നത്ത്?

ഇൻകാഹ്, തസ്‌വീജ് എന്നീ പദങ്ങൾ ഉപയോഗിച്ച് സംഭോഗം അനുവദനീയമാകുന്ന കരാറാണ് സാങ്കേതികാർത്ഥത്തിൽ നികാഹ്. നികാഹ് കൊണ്ടുള്ള നേട്ടങ്ങൾ നേരത്തെ പരാമർശിച്ചുവല്ലോ. അത്രയേറെ ഗുണങ്ങളുള്ളതിനാൽ നികാഹ് സുന്നത്താണെന്ന് ഇസ്‌ലാം പറയുന്നു. എന്നാൽ എല്ലാവർക്കും നിരുപാധികം സുന്നത്തില്ല. കർമശാസ്ത്ര

പണ്ഡിതർ വിശദീകരിക്കുന്നു: 'മഹ്റിനും (വിവാഹമൂല്യം) ചെലവു നൽകാനും കഴിവുള്ള ഭോഗതൽപരനായ വ്യക്തിക്കാണ് വിവാഹം സുന്നത്തുള്ളത്. ആരാധനയിൽ മുഴുകിക്കഴിയുന്നവനാണെങ്കിൽ പോലും നികാഹ് സുന്നത്താണ്. മതവിധികൾ പാലിക്കാനും വംശപരമ്പര നിലനിൽക്കാനും ആവശ്യമായതിനാലും അനേകം ഹദീസുകളുടെ പ്രാമാണിക പിൻബലമുള്ളതിനാലുമാണ് വിവാഹം സുന്നത്താക്കപ്പെട്ടത്.' (ഫത്ഹുൽമുഈൻ)

ഇണയെ ലഭിക്കുന്ന കാലത്തുള്ള മാന്യമായ വസ്ത്രത്തിനും ആ ദിവസത്തെ ചെലവിനും വകയുണ്ടാവുക എന്നാണ് ചെലവുനൽകാൻ കഴിയുക എന്നതുകൊണ്ടുള്ള ഉദ്ദേശ്യം. (ഫത്ഹുൽമുഈൻ) ആറുമാസത്തിനു ശേഷമുള്ള ഭക്ഷണച്ചെലവും മറ്റും വിവാഹം സുന്നത്താകാനുള്ള നിബന്ധനയായി പരിഗണിക്കപ്പെടുന്നില്ല. പിന്നീടത് നിർബന്ധമാകുമെങ്കിലും വിവാഹം സുന്നത്തുണ്ട്. നബി(സ) പറയുന്നു: 'യുവസമൂഹമേ, നിങ്ങളിൽ വിവാഹത്തിനാവശ്യമായ ചെലവ് വഹിക്കാൻ സാധിക്കുന്നവർ വിവാഹം കഴിച്ചുകൊള്ളുക. അത് അന്യസ്ത്രീ ദർശനത്തെ തടയുന്നതും ഗുഹ്യസ്ഥാനത്തെ അനാശാസ്യപ്രവർത്തനങ്ങളിൽ നിന്ന് തടയുന്നതുമാണ്. വിവാഹത്തിനാവശ്യമായ ചെലവ് വഹിക്കാൻ സാധിക്കാത്തവർ നോമ്പെടുത്ത് വികാരം ശമിപ്പിക്കട്ടെ. നോമ്പ് പരിചയാണ്.' (മുസ്‌ലിം ഹ.നം 3485) ഇമാം ഇബ്നുഹജർ(റ) പറയുന്നു: 'വൈവാഹികജീവിതത്തിലൂടെ രതിസുഖം ആസ്വദിക്കുവാൻ ആശയുള്ളവർക്കും വിവാഹത്തിന്നാവശ്യമായ വിവാഹമൂല്യം(മഹ്ർ), വസ്ത്രം, ചെലവ് തുടങ്ങിയവ നൽകാൻ കഴിവുള്ളവർക്കും വിവാഹം സുന്നത്താണ്.' (തുഹ്ഫ: 7/183)

## വിവാഹച്ചെലവില്ലെങ്കിൽ

ഹദീസിൽ പരാമർശിച്ച ബാഅത്ത് എന്നതുകൊണ്ടുദ്ദേശിക്കുന്നത് വിവാഹത്തിന്നാവശ്യമായ പണവും ലൈംഗികാസ്വാദനത്തിനുള്ള ആഗ്രഹവുമാണ്. വിവാഹത്തിന്നാവശ്യമായ ചെലവുകളില്ലാത്തവർക്ക് വിവാഹം സുന്നത്തില്ല. അവർ നോമ്പനുഷ്ഠിച്ച് വികാരത്തെ ഇല്ലായ്മ ചെയ്യാനാണ് നബി(സ) നിർദ്ദേശിച്ചത്. സംഭോഗതൽപരനെങ്കിലും ചെലവിനു വകയില്ലാത്തവനാണെങ്കിൽ വിവാഹം ഉപേക്ഷിച്ച് വ്രതമനുഷ്ഠിച്ച് വികാരനിയന്ത്രണം വരുത്തലാണ് നല്ലത്. (ഫത്ഹുൽമുഈൻ) വിവാഹം കഴിച്ച് ഭാര്യയെ പട്ടിണിക്കിടാൻ പാടില്ലെന്ന് ഇസ്‌ലാം നിഷ്കർഷിക്കുന്നു. സ്ത്രീകളെ ഇത്രയേറെ പരിഗണിക്കുകയും ആദരിക്കുകയും ചെയ്ത മറ്റൊരു മതവുമില്ല. സാമ്പത്തിക ദൗർബല്യത്തോടൊപ്പം സംഭോഗവിരക്തിയുമുണ്ടെങ്കിൽ വിവാഹം കറാഹത്താണ്.

## മരുന്നു കഴിച്ചുള്ള വികാരനിയന്ത്രണം

വിവാഹച്ചെലവിന് വകയില്ലാത്തവൻ നോമ്പനുഷ്ഠിക്കു

**വിവാഹിതനാകാൻ ഉദ്ദേശിക്കുന്ന പുരുഷന് മാത്രമാണ് ഈ ദർശനം അനുവദിക്കപ്പെടുന്നത്. കുടുംബത്തിൽപ്പെട്ട മറ്റു പുരുഷന്മാരെ പെൺകുട്ടിയെ കാണാൻ നേരത്തെ പറഞ്ഞയക്കുന്ന പതിവ് ഇന്ന് പലസ്ഥലങ്ങളിലും കാണുന്നുണ്ട്. ഇത് ഇസ്‌ലാം അനുവദിക്കുന്നില്ല. വിവാഹം കഴിഞ്ഞതിനുശേഷം മാത്രമേ ഉപ്പാക്കും വലിയുപ്പാക്കും ഈ സ്ത്രീ മഹ്റമാകുന്നുള്ളൂ. നികാഹിനു മുമ്പ് ഇവർ കാണലും സംസാരിക്കലുമെല്ലാം ഹറാമാണ്.**



ന്നതാണ് ഉത്തമമെന്നു പറയുമ്പോൾ മരുന്നു കഴിച്ച് വികാരം ശമിപ്പിക്കാമോ എന്ന ചോദ്യം ഉയർന്നുവരാറുണ്ട്. അങ്ങനെ ചെയ്യൽ ശരിയല്ലെന്ന് പണ്ഡിതന്മാർ പറയുന്നു. മരുന്നുപയോഗിച്ച് ശാശ്വതമായി വികാരം നശിപ്പിക്കൽ ഹറാമും താൽക്കാലികമാണെങ്കിൽ കറാഹത്തുമാണ്. (ഇആനത്തുത്വാലിബീൻ 3/408) 'ലൈംഗികവികാരം നിയന്ത്രിക്കുവാൻ കർപ്പൂരം പോലുള്ള ഔഷധപ്രയോഗം അനുവദനീയമല്ല. സന്താനോൽപാദനശേഷി പാടെ നശിപ്പിക്കുന്ന ഔഷധപ്രയോഗം ഹറാമും ഉൽപാദനശേഷിയെ ക്ഷയിപ്പിക്കാത്തവ കറാഹത്തുമാണ്.' (തുഹ്ഫ: 7/186) ഇത്തരം വ്യക്തികൾ അല്ലാഹുവിൽ ഭരമേൽപ്പിച്ച് വിവാഹം കഴിക്കണം. (ഇആനത്തുത്വാലിബീൻ 3/408) ചില ഘട്ടത്തിൽ വിവാഹം നിർബന്ധമാകും. വിവാഹം കഴിച്ചില്ലെങ്കിൽ മഹാപാപമായ വ്യഭിചാരത്തിലേക്കെത്തിച്ചേരും എന്ന് പേടിക്കുമ്പോഴാണത്.

ഇബ്നുഹജർ(റ) പറയുന്നു: 'വ്യഭിചാരത്തിൽ നിന്ന് അകന്നു നിൽക്കുവാൻ വിവാഹം മാത്രമേ പരിഹാരമുള്ളൂ എന്നുറപ്പായാൽ വിവാഹം നിർബന്ധമാകും.' (തുഹ്ഫ: 7/188)



## പെണ്ണുകാണൽ

വിവാഹിതരാവാൻ ഉദ്ദേശിക്കുന്ന സ്ത്രീ-പുരുഷന്മാർ വിവാഹത്തിനുമുമ്പ് പരസ്പരം കാണൽ സുന്നത്താണെന്ന് ഇസ്‌ലാം പറയുന്നു. ഓരോരുത്തർക്കും ഇണയെ സംബന്ധിച്ച വ്യത്യസ്ത സങ്കല്പങ്ങളാണുണ്ടാവുക. അതെല്ലാം ഒത്തിണങ്ങിയവരാണോ എന്ന് ബോധ്യപ്പെട്ടതിനു ശേഷം നികാഹ് കഴിച്ചാൽ മതിയെന്നു സാരം. ഭാര്യഭർതൃസ്നേഹം എക്കാലവും നിലനിൽക്കാനുള്ള മുഖ്യ കാരണങ്ങളിലൊന്നാണിത്. ഇണ പരസ്പരം ഒത്തുപോകുന്ന ശരീരപ്രകൃതിയും സ്വഭാവവും ഒത്തിണങ്ങിയതാണോ എന്ന പ്രാഥമിക പരിശോധനയാണ് പെണ്ണുകാണൽ ചടങ്ങിലൂടെ ഇസ്‌ലാം ലക്ഷ്യമാക്കുന്നത്. വിവാഹശേഷം യോജിച്ച ഇണയല്ലെന്നു ബോധ്യപ്പെട്ടാൽ ബന്ധം അറുത്തുമാറ്റൽ അത്ര ശുഭകരമല്ലല്ലോ.

മുഗീറതുബ്നു ശുഅ്ബ(റ) പറയുന്നു: 'ഞാൻ ഒരു സ്ത്രീയുമായി വിവാഹാലോചന നടത്തി. അപ്പോൾ നബി(സ) എന്നോട് പറഞ്ഞു: 'നിങ്ങൾ അവളെ കാണുക. നിശ്ചയം പരസ്പരം കാണൽ നിങ്ങൾക്കിടയിൽ സ്നേഹം നിലനിൽക്കാൻ ആവശ്യമാണ്.' (തുർമുദി: 1007) ജാബിർ(റ) നിവേദനം. നബി(സ) പറഞ്ഞു: 'നിങ്ങളാരെങ്കിലും ഒരു സ്ത്രീയെ വിവാഹം കഴിക്കാനുദ്ദേശിച്ചാൽ അവളെ നോക്കുന്നതിൽ കുറ്റമില്ല; നിങ്ങൾ അറിയാത്ത സ്ത്രീയാണെങ്കിൽ.' (അബൂദാവൂദ്)

സൈനുദ്ദീൻ മഖ്ദൂം(റ) പറയുന്നു: 'പരസ്പരം വിവാഹസന്നദ്ധതയുണ്ടായാൽ വിവാഹാലോചനക്കു മുമ്പ് നിസ്കാരത്തിൽ ഔറത്തായി ഗണിക്കപ്പെടാത്ത ഭാഗം പരസ്പരം കാണൽ സുന്നത്താണ്. സ്വതന്ത്രസ്ത്രീയാണെങ്കിൽ മുഖവും മുൻകൈയും ദർശിക്കാം. മുഖം ദർശിച്ചാൽ സൗന്ദര്യവും കൈപ്പത്തിയുടെ അകവും പുറവും കണ്ടാൽ ശരീരമൃദുലതയും മനസ്സിലാക്കാം.' (ഫത്ഹുൽമുഈൻ) പുരുഷന്റെയും അടിമസ്ത്രീയുടെയും മുട്ടുപൊക്കിളിനിടയിലുള്ളതല്ലാത്ത ശരീരഭാഗവും സ്വതന്ത്രസ്ത്രീയുടെ മുഖവും മുൻകൈയും ദർശിക്കാം. (ഇആനത്തുത്വാലിബിൻ: 3/409) ദർശനം മാത്രമേ അനുവദിക്കുകയുള്ളൂ; സ്പർശനം പാടില്ല. ആലോചനാ സമയത്ത് തൊട്ടറിയേണ്ടതില്ലാത്തതിനാൽ അത് ഹറാമാകുന്നു. (ഫത്ഹുൽമുഈൻ) മേൽ പറയപ്പെട്ടതല്ലാത്ത ഭാഗങ്ങൾ ദർശിക്കുന്നതും നിഷിദ്ധമാണ്. (തുഹ്ഫ: 7/190)

**ദർശനം സുന്നത്താകാൻ ചില നിബന്ധനകളുണ്ട്.**

1. അന്യന്റെ ഭാര്യയോ ഇദ്ദ ആചരിക്കുന്നവളോ അല്ലാതിരിക്കുക.
2. അവളുമായുള്ള വിവാഹാലോചന തിരസ്കരിക്കപ്പെടുകയില്ലെന്ന പ്രതീക്ഷയുണ്ടായിരിക്കുക.
3. ദർശനം വിവാഹം നിശ്ചയിക്കുന്നതിന്റെ മുമ്പായിരിക്കുക. (ഫത്ഹുൽമുഈൻ, തുഹ്ഫ)

നേരിട്ടു കാണാൻ സൗകര്യപ്പെടാത്ത സാഹചര്യത്തിൽ വധുവിനെ നിരീക്ഷിച്ച് അവളുടെ ഗുണവിശേഷങ്ങൾ പറയാൻ ഒരു സ്ത്രീയെ പറഞ്ഞയക്കൽ സുന്നത്താണ്.

## എല്ലാവരും കാണേണ്ട

വിവാഹിതനാകാൻ ഉദ്ദേശിക്കുന്ന പുരുഷന് മാത്രമാണ് ഈ ദർശനം അനുവദിക്കപ്പെടുന്നത്. കുടുംബത്തിൽപ്പെട്ട മറ്റു പുരുഷന്മാരെ (ഉപ്പ, വലിയുപ്പ, അമ്മാവന്മാർ തുടങ്ങിയവർ) പെൺകുട്ടിയെ കാണാൻ നേരത്തെ പറഞ്ഞയക്കുന്ന പതിവ് ഇന്ന് പലസ്ഥലങ്ങളിലും കാണുന്നുണ്ട്. ഇത് ഇസ്‌ലാം അനുവദിക്കുന്നില്ല. വിവാഹം കഴിഞ്ഞതിനുശേഷം മാത്രമേ ഉപ്പാക്കും വലിയുപ്പാക്കും ഈ സ്ത്രീ മഹ്റമാകുന്നുള്ളൂ. നികാഹിനു മുമ്പ് ഇവർ കാണലും സംസാരിക്കലുമെല്ലാം ഹറാമാണ്. വിവാഹിതനാവാൻ ഉദ്ദേശിക്കുന്ന പുരുഷൻ പെ

പെണ്ണുകാണൽ ചടങ്ങിന് സ്നേഹിതന്മാരെ കൂട്ടിനു വിളിക്കുന്നതും പെണ്ണിനെ അവർക്ക് കാണിക്കുന്നതും നിഷിദ്ധമാണ്. കൂട്ടുകാർക്ക് പറ്റിയാലേ തനിക്കും ഇഷ്ടപ്പെടുകയുള്ളൂ എന്നു ശാഠ്യം പിടിക്കുന്ന വിവരദോഷികളുമുണ്ടെന്ന താണ് യാഥാർത്ഥ്യം. ഇതൊന്നും ഇസ്ലാം അനുവദിക്കുന്നില്ല. ഇക്കാര്യത്തിൽ പെൺമക്ക ളുടെ രക്ഷിതാക്കളും ജാഗ്രത കാണിക്കണം. എൻഗേജ്മെന്റ് കഴിഞ്ഞാൽ ഭാര്യയായി എന്ന ധാരണ ശരിയല്ല.

ണ്ണുകാണൽ ചടങ്ങിന് സ്നേഹിതന്മാരെ കൂട്ടിനു വിളിക്കുന്നതും പെണ്ണിനെ അവർക്ക് കാണിക്കുന്നതും നിഷിദ്ധമാണ്. കൂട്ടുകാർക്ക് പറ്റിയാലേ തനിക്കും ഇഷ്ടപ്പെടുകയുള്ളൂ എന്നു ശാഠ്യം പിടിക്കുന്ന വിവരദോഷികളുമുണ്ടെന്നതാണ് യാഥാർത്ഥ്യം. ഇതൊന്നും ഇസ്ലാം അനുവദിക്കുന്നില്ല. ഇക്കാര്യത്തിൽ പെൺമക്കളുടെ രക്ഷിതാക്കളും ജാഗ്രത കാണിക്കണം. എൻഗേജ്മെന്റ് കഴിഞ്ഞാൽ ഭാര്യയായി എന്ന ധാരണ ശരിയല്ല. നികാഹിനു മുമ്പ് അവൾ അന്യസ്ത്രീ തന്നെയാണ്. സംസാരം, ദർശനം, സ്പർശനം, ഒരുമിച്ചുള്ള യാത്ര തുടങ്ങിയവയെല്ലാം ഹറാമാണ്.

## തുല്യത പരിഗണിക്കൽ

പരസ്പരം യോജിപ്പിലും പൊരുത്തത്തിലും നീങ്ങേണ്ട ബന്ധമാണല്ലോ ദാമ്പത്യം. ദാമ്പത്യത്തിന്റെ വിജയപരാജയങ്ങൾ നിർണയിക്കുന്നതിൽ ഇരുവരുടെയും വ്യക്തിത്വനിലവാരം നിർണായകമാണ്. പരിപൂർണ്ണമായ മാനസികൈക്യത്തിന് കുടുംബമഹിമ, വിദ്യാഭ്യാസം, സാമ്പത്തിക സ്ഥിതി, തൊഴിൽ തുടങ്ങിയവയിലുള്ള യോജിപ്പിനും വ്യക്തമായ പങ്കുണ്ട്. പണ്ഡിതകുലത്തിൽ ജനിച്ച് ഇസ്ലാമിന്റെ കണിശമായ നയനിലപാടുകൾ അംഗീകരിച്ചു ശീലിച്ച പെൺകുട്ടിക്ക് സാധാരണക്കാരനുമായി പൊരുത്തപ്പെട്ടു പോകാൻ പ്രയാസമാണ്. സാമ്പത്തികമായി ഉന്നതനിലവാരത്തിൽ ജീവിച്ചു ശീലിച്ച പെണ്ണിന് താഴ്ന്ന സാമ്പത്തിക നിലവാരമുള്ള ഭർത്താവുമായി സഹകരിച്ചുപോകാനും പ്രയാസമാണ്. വിദ്യാഭ്യാസരംഗത്തുള്ള ഏറ്റക്കുറച്ചിലും ജീവിതത്തിൽ പ്രതിഫലിക്കുമെന്നതിൽ സംശയമില്ല. ഈയൊരു സാഹചര്യം കണക്കിലെടുത്താണ് വൈവാഹികബന്ധത്തിൽ ഇസ്ലാം കഫാഅത്ത് (അനുയോജ്യത) അനുശാസിക്കുന്നത്.

## പെൺകുട്ടിയുടെ അവകാശം

അനുയോജ്യത പരിഗണിക്കൽ നികാഹിന്റെ സാധുതക്ക് നിർബന്ധമല്ല. പെൺകുട്ടിയുടെയും വലിയ്യിന്റെയും അവകാശമാണത്. അനുയോജ്യത വേണ്ടെന്നുവെക്കാനും അവർക്കവകാശമുണ്ട്. എങ്കിലും പരിഗണിക്കലാണുത്തമം. അനുയോജ്യതയെക്കുറിച്ചുള്ള അവകാശബോധം സ്ത്രീക്കും വലിയ്യിനുമാണുണ്ടാവേണ്ടത്. വിവാഹം കഴിക്കാൻ ഉദ്ദേശിക്കുന്ന പുരുഷൻ തനിക്ക് അനുയോജ്യനാണോ എന്ന അന്വേഷണം സ്ത്രീയുടെ ഭാഗത്തുനിന്നുണ്ടാവണമെന്നു സാരം. പുരുഷന്റെ നിലവാരമാണ് ഇവിടെ  പരിഗണിക്കപ്പെടുക. സൈനുദ്ദീൻ മഖ്ദൂം(റ) പറയുന്നു: 'വധൂവരന്മാർ പരസ്പരമുള്ള ചേർച്ച വിവാഹത്തിൽ പരിഗണിക്കപ്പെടേണ്ടതാണ്. നികാഹ് സ്വഹീഹാവാൻ അത് നിർബന്ധമില്ലെങ്കിലും സ്ത്രീയുടെയും വലിയ്യിന്റെയും അവകാശമാണത്. അതിനാൽ അത് വേണ്ടെന്നുവെക്കാനും അവർക്കവകാശമുണ്ട്.' (ഫത്ഹുൽമുഈൻ) ദാമ്പത്യജീവിതത്തിൽ പിന്നീടുണ്ടായേക്കാവുന്ന വിയോജിപ്പുകൾ ഒഴിവാക്കാനാണ് ഇസ്ലാം ഇങ്ങനെയൊരു നിയമം പ്രാബല്യത്തിൽ കൊണ്ടുവന്നത്. (തുഹ്ഫ)

അനുയോജ്യത പരിഗണിക്കപ്പെടാതെ നടക്കുന്ന വിവാഹങ്ങളധികവും പിന്നീട് അലസിപ്പിരിയുന്നത് നാം കാണാറുണ്ട്. അല്ലെങ്കിൽ സഹിച്ചും ക്ഷമിച്ചും ദുരിതദാമ്പത്യം നയിക്കുന്ന അവസ്ഥയുമുണ്ടാകാം. സ്വന്തം മാതാപിതാക്കളെയും കുടുംബത്തെയും തള്ളി നടത്തുന്ന പ്രേമവിവാഹങ്ങളിൽ പൊതുവെ അനുയോജ്യത പരിഗണിക്കപ്പെടാറില്ല. മധുവിധുനാളുകൾ കഴിഞ്ഞാൽ ഇതിന്റെ പ്രശ്നങ്ങൾ അവരുടെ ദാമ്പത്യജീവിതത്തിൽ കണ്ടുതുടങ്ങും. പിന്നീട് കാര്യബോധം വരുമ്പോഴേക്കും പ്രശ്നം ഏറെ സങ്കീർണമായിട്ടുണ്ടാകും. ഇസ്ലാമിക നിയമങ്ങളും മുതിർന്നവരുടെ ഉപദേശങ്ങളും തിരസ്കരിക്കുന്ന പെൺകുട്ടികൾക്ക് ഈ കാര്യത്തിൽ നല്ല ജാഗ്രത വേണമെന്നു ചുരുക്കം. ഇല്ലാതിരുന്നാൽ ജീവിതം ഏറെ പ്രശ്നകലുഷിതമാകും.

## യോജിപ്പിൽ പരിഗണിക്കേണ്ടത്

വിവാഹബന്ധത്തിന് സ്ത്രീയിലുണ്ടാകുന്ന പൊതുഗുണങ്ങൾ പുരുഷനിലുണ്ടോ എന്ന പരിശോധനയാണ് കഫാഅത്തിന്റെ താൽപര്യം. വിവാഹസമയത്തുണ്ടോ എന്നതിനാണ് പരിഗണന. (തുഹ്ഫ: 7/277)

**1. മതബോധം**

സദ്വൃത്തയായ സ്ത്രീക്ക് ദുർനടപ്പുകാരൻ യോജ്യനല്ല. മതബോധമുള്ള സ്ത്രീകൾക്ക് മതനിഷ്ഠ പാലിക്കുന്ന ധാർമികബോധമുള്ള പുരുഷൻ മാത്രമേ ചേരുകയുള്ളൂ. സുന്നികൾക്ക് മതനവീകരണവാദികൾ (ബിദഇകൾ) യോജ്യ

രല്ല. നവീനാശയക്കാരുമായും ദുർനടപ്പുകാരുമായും അകന്നു നിൽക്കണമെന്നാണല്ലോ പ്രമാണങ്ങൾ നിർദ്ദേശിക്കുന്നത്. കർമശാസ്ത്രപണ്ഡിതർ പറയുന്നു: 'പതിവ്രതക്ക് ദുർനടപ്പുകാരനും സുന്നിയായ സ്ത്രീക്ക് പുത്തനാശയക്കാരനും യോജിക്കില്ല.' (ഫത്ഹുൽമുഈൻ) എന്നാൽ, രണ്ടുപേരും ഒരുപോലെ ദുർനടപ്പുകാരാണെങ്കിൽ പരസ്പരം യോജിക്കും.

'ദുർനടപ്പിന്റെ ഇനവും അളവും തുല്യമാണെങ്കിൽ മാത്രമാണിത്. ഒരാളുടെ ദുർനടപ്പ് കൂടുതലാവുകയോ, ദുർനടപ്പിത്തിന്റെ ഇനം വ്യത്യാസപ്പെടുകയോ ചെയ്താൽ (ഉദാഹരണത്തിന്, കള്ളുകുടിയനും വേശ്യയും) യോജിക്കുകയില്ല. (ഇആനത്തുത്വാലിബീൻ 3/521) പുത്തൻ പ്രസ്ഥാനക്കാരിക്ക് പുത്തൻ പ്രസ്ഥാനക്കാരൻ യോജിക്കും; ഇരുവരുടെയും ബിദ്അത്ത് ഒരേ ഇനത്തിൽപ്പെട്ടതാണെങ്കിൽ. (തുഹ്ഫ)

**2. തറവാട്**

തറവാടിൽ തുല്യതയുണ്ടാവണം. പിതാവിലേക്ക് ചേർത്താണ് തറവാട് പരിഗണിക്കുക. മഹത്വമുള്ള പിതാക്കന്മാരുടെ പരമ്പരയിൽ പിറന്ന സ്ത്രീക്ക് മഹത്വം കുറഞ്ഞ പിതൃപരമ്പരയിൽ പിറന്ന പുരുഷൻ അനുയോജ്യനല്ല. അറബി, ഖുറൈശി, ഹാശിമി, മുത്വലിബി വംശജരായ സ്ത്രീകൾക്ക് മറ്റു വംശങ്ങളിലുള്ള പുരുഷന്മാർ ചേരുകയില്ല. പിതാവ് അറബിവംശജയായ സ്ത്രീക്ക് പിതാവ് അനറബി വംശജനായ പുരുഷൻ യോജിക്കുകയില്ല. (ഫത്ഹുൽമുഈൻ) ഇസ്‌ലാമിൽ ഒന്നോ അതിലധികമോ തലമുറ പാരമ്പര്യമുള്ളവർക്ക് പുതുമുസ്‌ലിം യോജിക്കില്ല. ഇസ്‌ലാമിൽ മൂന്ന് പിതൃപരമ്പരയുള്ളവർക്ക് രണ്ടു പിതാവിന്റെ പാരമ്പര്യമുള്ളവനും കുഫ്‌വല്ല.

**3. പാണ്ഡിത്യം**

പണ്ഡിതകുടുംബത്തിൽ പിറന്ന സ്ത്രീക്ക് പണ്ഡിതേതര കുടുംബത്തിൽ പിറന്ന പുരുഷൻ യോജിക്കില്ല. പണ്ഡിതന്മാരുടെയും അല്ലാത്തവരുടെയും വീട്ടിലെ സാഹചര്യങ്ങളും ചിട്ടകളും സാംസ്കാരികബോധവും തമ്മിൽ വലിയ വ്യത്യാസങ്ങളുണ്ടാകുമല്ലോ. പണ്ഡിതവനിതക്ക് പാമരൻ ഇണയാവുകയില്ലെന്ന് ഇമാം റുഅ്‌യാനി(റ) പറഞ്ഞിട്ടുണ്ട്. ഇമാം അദ്റഈ(റ) ഈ അഭിപ്രായം ശരിവെക്കുകയും ചെയ്തിരിക്കുന്നു. റൗളയിൽ പറഞ്ഞ അഭിപ്രായത്തിനെതിരാണിത്. (ഫത്ഹുൽമുഈൻ)

**4. തൊഴിൽ**

തൊഴിലിലും തുല്യത അനിവാര്യമാണ്. ജോലികളിലെ നിലവാരവ്യത്യാസങ്ങൾ ദാമ്പത്യ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തും. സ്ത്രീയുടെ നാട്ടുപതിവ് ആധാരമാക്കിയാണ് തൊഴിലിന്റെ ശ്രേഷ്ഠതയും ഹീനതയും കണക്കാക്കുക. (തുഹ്ഫ) താഴ്ന്നതരം ജോലികളുമായി ബന്ധമില്ലാത്തവർക്ക് അത്തരം ജോലികളിലേർപ്പെടുന്നവർ അനുയോജ്യരാവില്ല. അന്തസ്സിന് കളങ്കം വരുത്തുന്ന ജോലികളാണിവിടെ താഴ്ന്നജോലികൾ എന്നതുകൊണ്ടുള്ള താത്പര്യം. വരനോ പിതാവോ കൊമ്പുവെ



അനുയോജ്യത പരിഗണിക്കപ്പെടാതെ നടക്കുന്ന വിവാഹങ്ങളധികവും പിന്നീട് അലസിപ്പിരിയുന്നത് നാം കാണാറുണ്ട്. അല്ലെങ്കിൽ സഹിച്ചും ക്ഷമിച്ചും ദുരിതദാമ്പത്യം നയിക്കുന്ന അവസ്ഥയുമുണ്ടാകാം. സ്വന്തം മാതാപിതാക്കളെയും കുടുംബത്തെയും തള്ളി നടത്തുന്ന പ്രേമവിവാഹങ്ങളിൽ പൊതുവെ അനുയോജ്യത പരിഗണിക്കപ്പെടാറില്ല. മധുവിധുനാളുകൾ കഴിഞ്ഞാൽ ഇതിന്റെ പ്രശ്നങ്ങൾ അവരുടെ ദാമ്പത്യജീവിതത്തിൽ കണ്ടുതുടങ്ങും.



ക്കുന്ന ചികിത്സക്കാരനോ തൂപ്പു കാരനോ ഇടയനോ ആണെങ്കിൽ തയ്യൽക്കാരന്റെ പെൺമകൾക്ക് യോജിക്കില്ല. തയ്യൽക്കാരൻ പലചരക്കു വ്യാപാരിയുടെയോ വസ്ത്രവ്യാപാരിയുടെയോ മകൾക്ക് യോജിക്കില്ല. പലചരക്കുവ്യാപാരിയോ വസ്ത്രവ്യാപാരിയോ സത്യസന്ധനായ ഖാളിയുടെയും പണ്ഡിതന്റെയും മകൾക്ക് യോജിക്കില്ല.

**5. രോഗം**

കുഷ്ഠം, പാണ്ട്, ഭ്രാന്ത് തുടങ്ങിയ രോഗങ്ങൾ ന്യൂനതക്കുദാഹരണമായി പണ്ഡിതർ പറഞ്ഞിട്ടുണ്ട്. മറ്റുള്ളവർക്ക് വെറുപ്പ് തോന്നിക്കുന്ന രോഗങ്ങളാണല്ലോ ഇതെല്ലാം. സൈനുദ്ദീൻ മഖ്ദൂം(റ) പറയുന്നു: 'ഭ്രാന്ത്, മൂർച്ഛിച്ച കുഷ്ഠം, തീവ്രമായ വെള്ളപ്പാണ്ട് എന്നിവ വിവാഹം ദുർബലമാക്കാനുള്ള ന്യൂനതകളാണ്. ഭ്രാന്ത് മനസ്സിന്റെ തിരിച്ചറിവ് നീക്കിക്കളയുന്ന രോഗമാണ്; അത് ഇടവിട്ടുണ്ടാവുന്നതാണെങ്കിലും കുറച്ചാണെങ്കിലും ശരി. ശരീരഭാഗങ്ങൾ ആദ്യം ചുവപ്പും പിന്നീട് കറുപ്പും നിറമായി മുറിഞ്ഞുപോകുന്ന രോഗമാണ് കുഷ്ഠം. ചർമ്മത്തിലെ രക്തവർണ്ണം പാടെ നഷ്ടമാകുന്നതു കാരണം കഠിനവെളുപ്പാകുന്നതാണ് വെള്ളപ്പാണ്ട്.' (ഫത്ഹുൽമുഈൻ) പ്രസ്തുത ന്യൂനതകളിൽ ഏതെങ്കിലുമൊന്ന് ഭർത്താവിലുണ്ടെങ്കിൽ ഭാര്യക്കും ഭാര്യയിലുണ്ടെങ്കിൽ ഭർത്താവിനും വിവാഹബന്ധം വേർപെടുത്താം. വരനിലുള്ള അതേ ന്യൂനത വധുവിലും വധുവിലുള്ള അതേ ന്യൂനത വരനിലും ഉണ്ടാകുമ്പോഴും ഇത് ന്യൂനത തന്നെയാണ്. സ്വന്തം ശരീരത്തിൽ വെറുപ്പുളവാക്കാത്തത് മറ്റുള്ളവരിലാകുമ്പോൾ വെറുപ്പുളവാക്കും എന്ന പൊതുതത്വം അടിസ്ഥാനമാക്കിയാണിത്. (തുഹ്ഫ) ലിംഗവിച്ഛേദനം, ധാതുക്ഷയം എന്നിവ പുരുഷനെ അപേക്ഷിച്ച് ന്യൂനതകളാണ്.

## സാമ്പത്തികശേഷി പരിഗണനീയമോ?


സാമ്പത്തികശേഷി വിവാഹത്തിന്നുള്ള അനുയോജ്യതയിൽ പരിഗണിക്കണമെന്ന് ചില പണ്ഡിതർ പറഞ്ഞിട്ടുണ്ടെങ്കിലും അത് പരിഗണനീയമല്ലെന്നാണ് പ്രബലം. കാരണം, സമ്പത്ത് നീങ്ങിപ്പോകുന്ന നിഴലാണ്. ഇന്നത്തെ സമ്പന്നൻ നാളെ ഒരുപക്ഷേ ദരിദ്രനായേക്കാം. അന്തസ്സും ഉൾക്കാഴ്ചയുമുള്ളവർ അതിന്റെ പേരിൽ മേനി നടിക്കാറില്ലല്ലോ. (ഫത്ഹുൽമുഈൻ) ഇതുപോലെ തറവാടിത്തം, വംശപാരമ്പര്യം, കുടുംബമഹിമ പോലുള്ളവയ്ക്കും ഇസ്‌ലാം വലിയ പ്രാധാന്യം കൽപ്പിക്കുന്നില്ല. നബി(സ) പറയുന്നു: 'തറവാടിത്തത്തിനു വേണ്ടി ആരെങ്കിലും സ്ത്രീയെ വിവാഹം കഴിച്ചാൽ അധമത്വമല്ലാതെ അല്ലാഹു അവർക്ക് വർദ്ധിപ്പിക്കുകയില്ല.' (ഹദീസ്) സൗന്ദര്യവും ഇതുപോലെത്തന്നെയാണ്. അത് ശാശ്വതമായി നിലനിൽക്കുന്നതല്ലല്ലോ. സൗന്ദര്യം, സമ്പത്ത് എന്നിവ മാത്രം പരിഗണിച്ച് വിവാഹം കഴിച്ചാൽ അതില്ലാതാകുമ്പോൾ മാറിച്ചിന്തിക്കേണ്ടി വന്നേക്കാം. ഈ പറഞ്ഞതിനർത്ഥം കുടുംബപാരമ്പര്യവും സാമ്പത്തികവും സൗന്ദര്യവും ഒട്ടും പരിഗണിക്കില്ലെന്നല്ല; പ്രഥമ സ്ഥാനം ആദർശപൊരുത്തത്തിനും മതനിഷ്ഠക്കും നൽകണമെന്നാണ്. അതുകഴിഞ്ഞാകണം ഇത്തരം പരിഗണനകൾ.

*കഴിഞ്ഞ ലക്കത്തിൽ 'പ്രണയം, പരിശുദ്ധിയിൽ നിന്ന് കുറ്റകൃത്യത്തിലേക്ക്' എന്ന ലേഖനത്തിൽ വ്യഭിചാരം ഏഴു വൻപാപങ്ങളിൽ പെട്ടതാണെന്നു വന്നത് പിശകാണ്. മഹാപാപമാണെങ്കിലും ഏഴ് വൻപാപങ്ങളിൽ വ്യഭിചാരം ഉൾപ്പെടുന്നില്ല. ഖദ്ഫ് (വ്യഭിചാരാരോപണം) ഏഴു വൻപാപങ്ങളിലൊന്നാണ്. വായനക്കാർ ശ്രദ്ധിക്കുമല്ലോ.*

സ്നേഹതീരം

സൈറ അലി അരീക്കോട്

# വാക്കുകളുടെ മൂർച്ച



വാക്കുകൾക്ക് അപാരശക്തിയുണ്ട്. അസാധ്യമായത് സൃഷ്ടിക്കാനും മനോഹരമായ പലതും വികൃതമാക്കാനും വാക്കുകൾക്ക് കഴിയും. മരുന്നായും മുറിവായും ഇരട്ടവേഷങ്ങളണിയും വാക്കുകൾ. ജീവിതയാത്രയിൽ ജീവശ്വാസത്തോട് ചേർന്നുകിടക്കുന്ന ചില വാക്കുകളുണ്ട്.

കുട്ടിക്കാലത്ത് ഉപ്പ ജോലിക്കുപോയി തിരിച്ചുവരുമ്പോൾ പഠനമുറിയുടെ വാതിൽക്കൽ വന്ന് പറയുന്നൊരു വാക്കുണ്ട്: 'ന്നെടീ.' ആ വാക്കിനൊപ്പം മുന്നിലേക്കു വരുന്നൊരു പൊതിയുണ്ടാകും. ഉപ്പയുടെ വിയർപ്പിന്റെ മധുരമുള്ള, സ്നേഹത്തിൽ പൊതിഞ്ഞൊരു പലഹാരപ്പൊതി. പനിക്കിടക്കയിൽ തളർന്നു കിടക്കുമ്പോൾ 'പോയോക്കാ' എന്ന് ഉപ്പ പറഞ്ഞാൽ ഡോക്ടറെ കാണിക്കാൻ മാത്രം പനിയായി എന്നാണർത്ഥം. പഴമയുടെ സൗന്ദര്യക്കുറവുണ്ടാകുമെങ്കിലും മുതിർന്ന തലമുറയിലുള്ളവരുടെ ചില വാക്കുകൾക്ക് മനസ്സിന്റെ ആഴം തൊടുന്ന സ്വാധീനമുണ്ടാകും. കുറച്ചു കൂടി വളർന്നപ്പോഴാണ് വാക്കുകൾക്ക് വേദനിപ്പിക്കാനും കൂടി കഴിവുണ്ടെന്ന് മനസ്സിലായത്.

## മകന്റെ വാക്കുകൾ കരകടത്തിയപ്പോൾ

ജീവിതത്തിൽ മറക്കാനാവാത്ത ഒരു തോണിയാത്രയുണ്ട്. ഭാരം കുറഞ്ഞ രണ്ടു തോണികളിലായിരുന്നു ഞങ്ങൾ. ഭർത്താവും ചെറിയമോനും ഒരു തോണിയിൽ, ഞാനും മൂത്തമോനും മറ്റൊരു തോണിയിൽ. സ്വന്തമായി തുഴയുന്ന തോണിയാണ്. അൽപ്പം മുന്നോട്ടുനീങ്ങിയപ്പോഴേക്കും ഞങ്ങളുടെ തോണികൾ രണ്ടു വഴിക്ക് തിരിഞ്ഞുപോയി. നീങ്ങി നീങ്ങി ഞങ്ങൾ പുഴയുടെ നടുക്കെത്തി. പെട്ടെന്ന് എന്തോ ഒരപകടം മണത്തു. തോണിയിലേക്ക് വെള്ളം കയറുമെന്നു തോന്നി. ഞങ്ങളുടെ ഭാരം കൊണ്ടോ തോണിയുടെ പഴക്കം കൊണ്ടോ ഒഴുക്കിന്റെയോ കാറ്റിന്റെയോ ഗതിമാറ്റം കൊണ്ടോ എന്നറിയില്ല. ഒരു വെപ്രാളം എന്നെ പിടികൂടി. കരയിലേക്കെത്താൻ ഞാൻ ആഞ്ഞുതുഴഞ്ഞു. പറ്റുന്നില്ല. തുഴ വിട്ട് തോണിയിൽ മുറുകെ പിടിച്ചു. മുന്നോട്ട് തിരിഞ്ഞിരിക്കുന്നതിനാൽ മകന്റെ മുഖഭാവം ഞാൻ കണ്ടില്ല.

പെട്ടെന്ന് ഓർമ്മയിലേക്ക് ആരിഫ കടന്നു വന്നു. ചുരുളൻമുടിയുള്ള ഒരു എട്ടുവയസ്സുകാരി. എന്റെ കളിക്കൂട്ടുകാരി. അവളുടെ ഉമ്മയെ കൊണ്ടുപോയ ചാലിയാറിന്റെ നെഞ്ചിലാണല്ലോ പടച്ചവനേ ഞങ്ങളിപ്പോൾ... ഒരു മിന്നായം പോലെ ഭീതിയുടെ മിന്നൽപ്പിണറുകൾ മനസ്സിലൂടെ പാഞ്ഞുപോയി. ഇരുണ്ടനിറമുള്ള വെള്ളത്തിലേക്ക് നോക്കാൻ പേടി തോന്നി. നീന്താനറിയാത്ത ഞങ്ങൾ തോണി മറിഞ്ഞാൽ എന്തുചെയ്യുമെന്നോർത്ത് കണ്ണുകൾ ഇറുക്കിയടച്ചു.

സങ്കടം കൊണ്ട് അന്ന് ആരിഫ ഒരു കിപ്പോയത് മുന്നിൽ തെളിഞ്ഞു. മദ്റസയിലെ പിറകിലെ ബെഞ്ചിലിരുന്ന് അവൾ പൊട്ടിക്കരഞ്ഞപ്പോൾ എന്റെ കുഞ്ഞിത്തട്ടം കൊണ്ട് ഞാനവളുടെ കണ്ണുനീർ തുടച്ചുകൊടുത്തിരുന്നു. എന്റെ തോളിലേക്ക് തല ചായ്ച്ച് അവൾ തേങ്ങിയപ്പോൾ 'കരയണ്ട' എന്നൊരു വാക്കു പറയാൻ പോലും എനിക്ക് ശബ്ദമില്ലായിരുന്നു. പടച്ചോനേ... അതുപോലെ എന്നെ ഈ



**മരുന്നായും മുറിവായും ഇരട്ടവേഷങ്ങളണിയും വാക്കുകൾ. ജീവിതയാത്രയിൽ ജീവശ്വാസത്തോട് ചേർന്നുകിടക്കുന്ന ചില വാക്കുകളുണ്ട്. കുട്ടിക്കാലത്ത് ഉപ്പ ജോലിക്കുപോയി തിരിച്ചുവരുമ്പോൾ പഠനമുറിയുടെ വാതിൽക്കൽ വന്ന് പറയുന്നൊരു വാക്കുണ്ട്: 'നെന്നെടീ.' ആ വാക്കിനൊപ്പം മുന്നിലേക്കു വരുന്നൊരു പൊതിയുണ്ടാകും. ഉപ്പയുടെ വിയർപ്പിന്റെ മധുരമുള്ള, സ്നേഹത്തിൽ പൊതിഞ്ഞൊരു പലഹാരപ്പൊതി.**

ചാലിയാർ കൊണ്ടുപോകുമോ? എന്റെ കുഞ്ഞുങ്ങളുടെ ചിരിയും മാഞ്ഞുപോകുമോ?

'ഉമ്മാ.' മോൻ വിളിച്ചപ്പോൾ ഞാൻ ചിന്തയിൽ നിന്നുണർന്നു.

'ഞമ്മള് പെട്ടോ മ്മാ?' അവൻ ചോദിക്കുന്നു. ഞാൻ ഒന്നും പറഞ്ഞില്ല. പുഴയുടെ ഒത്ത നടുക്കാണ്. മറ്റു തോണികളൊക്കെ കുറെ അകലെയാണ്. തുഴ വെള്ളത്തിൽ അനങ്ങാതെ കിടക്കുന്നു. തോണി ഞങ്ങളെയും വഹിച്ച് വട്ടം കറങ്ങുന്നു.

'മോനേ, എനിക്കെന്തോ പേടിയാവുന്നു...' ഞാൻ പതുക്കെ പറഞ്ഞു.

അതുകേട്ടയുടൻ അവൻ പറഞ്ഞു: 'ഈ പേടികൊണ്ടിപ്പൊ എന്തെങ്കിലും ചെയ്യാൻ പറ്റുമോ? മ്മാ, പേടി പുഴയിലിട്ട് ആഞ്ഞു തുഴഞ്ഞാലേ കരക്കെത്താൻ പറ്റൂ. ഇല്ലെങ്കില് തോണി മറിയും, ന്തായാലും നമ്മള് മരിക്കാനൊന്നും പോണില്ല. ആരെങ്കിലുമൊക്കെ രക്ഷപ്പെടുത്തും. അവരെമെനക്കേടാക്കണ്ടല്ലോ. ഉമ്മ തുഴഞ്ഞോളി...'

തോണിയിലെ പിടുത്തം വിട്ട് തുഴ തിരികെയെടുത്ത് ധൈര്യം സംഭരിച്ച് കരയിലേക്ക് ആഞ്ഞുതുഴഞ്ഞു രക്ഷപ്പെടാൻ മാത്രം കരുത്തുണ്ടായിരുന്നു ആ പന്ത്രണ്ടുകാരന്റെ വാക്കുകൾക്കെന്ന് പിന്നീടാണ് ഞാനാലോചിച്ചത്.

## കള്ളനെ ഓടിച്ച വാക്ക്

ഒരു നോമ്പുകാലം. പുതിയ വീട്ടിൽ ഞാനും രണ്ടു കുട്ടികളും മാത്രം. ഭർത്താവ് വിദേശത്താണ്. മൂത്തമോന് നാല് വയസ്സും ചെറിയമോന് ആറുമാസവും മാത്രം പ്രായം. അയൽവീട്ടുകാരുടെ സംരക്ഷണവും കരുതലുമുണ്ടായിരുന്നതിനാൽ പുതിയ വീടും ചുറ്റുപാടും സുരക്ഷിതമായി തോന്നി.

അസ്വർ നിസ്കാരം കഴിഞ്ഞിരിക്കുമ്പോൾ അയൽപക്കത്തുള്ള ആഇശത്ത വീട്ടിലേക്കു വന്നു.

'മോളേ, ഞങ്ങളിന്ന് കാക്കാന്റെ പെങ്ങളുടെ വീട്ടിലേക്ക് പോവാണ്, അവിടെ നോമ്പുതുറയാണ്. കുട്ടി മഗ്‌രിബ്നു മുന്നേ വാതിലും ജനലുമെല്ലാം അടച്ചോളി ട്ടോ. ഞങ്ങള് തറാവീഹ് കഴിഞ്ഞേ വരൂ.' അവർ പറഞ്ഞു.

നോമ്പുതുറയ്ക്കുള്ള ഭക്ഷണം വേഗം തയ്യാറാക്കിവെച്ച് അടുക്കള അടച്ചു. രാത്രി സമയം ഏറെ കടന്നുപോയി. അവർ വന്നില്ല. അപ്പോഴാണ് ഫോൺ ബെല്ലടിച്ചത്. ആഇശത്തയാണ്. 'മോളേ, കാക്കാന്റെ പെങ്ങൾ വിട്ടണില്ല. അത്താഴം കഴിച്ച് പോയാൽ മതിയെന്നു പറഞ്ഞ് ഞങ്ങളെ ഇവിടെ പിടിച്ചുനിർത്തിയിരിക്കുകയാ. കുട്ടി ദിക്റൊക്കെ ചൊല്ലി അടച്ചുകിടന്നോളിൻ. ഞങ്ങള് രാവിലെ നേരത്തെ വരാം.' അവർ പറഞ്ഞു.

വാതിലുകളെല്ലാം അടച്ചിട്ടുണ്ടെന്ന് ഒരിക്കൽ കൂടി ഉറപ്പുവരുത്തി ഞങ്ങൾ കിടന്നു. നോമ്പായതുകൊണ്ട് തറാവീഹ്നിസ്കാരവും മറ്റും കഴിഞ്ഞതിനുശേഷം വേഗം ഉറങ്ങി. ഉറക്കത്തിൽ എന്തോ ശബ്ദം കേട്ടാണ് ഉണർന്നത്. എന്താണെന്ന് വ്യക്തമായില്ല. തോന്നിയതായിരിക്കുമോ? ഫാൻ ഓഫ് ചെയ്തു ഒന്നുകൂടി കാതോർത്തു. അല്ല! തോന്നിയതല്ല, വർക്കേരിയയുടെ വാതിൽ ശക്തമായി തള്ളുന്ന

ശബ്ദം! എന്തു ചെയ്യും? കുഞ്ഞുങ്ങൾ ശാന്തമായി ഉറങ്ങുകയാണ്. എന്തായിരിക്കും ആ ശബ്ദം? കൃഷി നശിപ്പിക്കാൻ പതിവായി വരാറുള്ള കാട്ടുപന്നിയായിരിക്കുമോ?

ജനലിന്റെ കർട്ടൻ നീക്കി പുറത്തേക്ക് നോക്കിയ ഞാൻ മരവിച്ചുപോയി. അരണ്ട വെളിച്ചത്തിൽ ആറടിയോളം പൊക്കമുള്ള ഒരു മനുഷ്യരൂപം! തലയിൽ ഒരു കാവിവസ്ത്രം കൊണ്ട് പുതച്ചിരിക്കുന്നു. കൈയിൽ എന്തോ തിളങ്ങുന്നുണ്ട്. സ്പാനറാണോ കത്തിയാണോ എന്നറിയില്ല! എന്റെ ശരീരം തളർന്നു.

വേറെ ആരെങ്കിലുമുണ്ടോ? കുറുവസംഘമാണോ? വാതിൽ തുറന്നുകാണുമോ? അനേകം ചിന്തകൾ തലച്ചോറിലൂടെ മിന്നിമാഞ്ഞു! അയൽപക്കത്തുള്ളവരെല്ലാം ഉറങ്ങിക്കാണുമോ? സമയം രണ്ടു മണിയായിട്ടുണ്ട്. നോമ്പെടുത്ത് ക്ഷീണിച്ചു കിടക്കുന്നതല്ലേ, ആരുമിപ്പോൾ ഉണർന്നിരിക്കാൻ സാധ്യതയില്ല! എന്തുചെയ്യും? ഞാനെന്റെ മെലിഞ്ഞ കൈകളിലേക്കു നോക്കി. അതങ്ങനെ വിറയ്ക്കുന്നു. സർവ്വശക്തിയും ചോർന്നുപോകുന്നു.

ചിന്തിച്ചു നിൽക്കാൻ സമയമില്ല. വാതിൽ ശക്തമായി തള്ളിക്കൊണ്ടിരിക്കുകയാണ്. ഏതു നിമിഷവും അവൻ അകത്തെത്താം. ഞാൻ ഫോണിൽ വല്യക്കാക്കാന്റെ നമ്പറെടുത്തു. വിളിക്കണോ? വേണ്ട! ജോലി കഴിഞ്ഞു വന്ന് നോമ്പെടുത്തു ക്ഷീണിച്ചുറങ്ങുകയായിരിക്കും. ഇക്കാക്ക ബൈക്കെടുക്കുന്ന ശബ്ദം കേട്ടാൽ ഉമ്മയും എണീക്കും, ഇത്തയും കുട്ടികളും എണീക്കും. അവരുടെ ഉറക്കം പോകും. ചെങ്കുത്തായ മല കയറിയിറങ്ങി 30 കിലോമീറ്ററോളം യാത്ര ചെയ്യണ്ടേ, ഈ പാതിരാക്ക്! വല്ല അപകടവും പിണഞ്ഞാൽ! വേണ്ട, വിളിക്കണ്ട!

ഉപ്പ പറഞ്ഞതോർത്തു, സ്വയംരക്ഷയ്ക്കുവേണ്ടി ഒരു ചെറുവിരലനക്കാനെങ്കിലും പറ്റുമെങ്കിൽ നിങ്ങളതു ചെയ്യണം. ഭയം പുറത്തു കാണിക്കുന്നത് വിഡ്ഢിത്തമാണ്. എതിരാളിക്ക് വളമാണ് നമ്മുടെ ഭയം! ഞാൻ ഉപ്പ

**കുടുംബബന്ധത്തിൽനിന്നോ സൗഹൃദവലയത്തിൽ നിന്നോ രക്തബന്ധത്തിൽ നിന്നോ ഒരാളെ അകറ്റാനും ഒറ്റപ്പെടുത്താനും ചില വാക്കുകൾക്കു കഴിയും. മനഃപൂർവ്വമോ അല്ലാതെയോ നമ്മളോരുത്തരും അതിനു കാരണമാവാറുണ്ട്. കല്യാണങ്ങൾ, സൽക്കാരങ്ങൾ തുടങ്ങി മരണാനന്തര ചടങ്ങുകൾ പോലും അത്തരം വേദനിപ്പിക്കുന്ന വാക്കുകൾക്ക് വേദിയാകാറുണ്ട്.**

സൂക്ഷിച്ചിരുന്ന കഠാരയെക്കുറിച്ചോർത്തു. ബെൽറ്റിൽ കോർത്തിടാറുള്ള കഠാര. 75 വയസ്സോളം ഉപ്പ ജീവിച്ചു. പക്ഷേ, ഒരിക്കൽ പോലും ആ കഠാര ആരിലും മുറിവുണ്ടാക്കിയില്ല. സ്വയംരക്ഷയ്ക്ക് വേണ്ടിയുള്ളതായിരുന്നു അത്. ആത്മരക്ഷക്കുവേണ്ടിയുള്ള പോരാട്ടത്തിൽ എതിരാളി കൊല്ലപ്പെട്ടാലും ശിക്ഷയിൽ ഇളവുണ്ടാവുമെന്ന് ഉപ്പ ഞങ്ങളെ പഠിപ്പിച്ചിരുന്നു.

വാതിൽ കിടുകിടാ ശബ്ദിച്ചുകൊണ്ടിരുന്നു. ഇനിയും അമാന്തിച്ചു കൂടാ. സർവ്വധൈര്യവും ആവാഹിച്ച് ഞാൻ ജനലിന്നരികിൽ ചെന്നു. ജനൽ തുറന്നുകൊണ്ട് ഞാൻ ആകാവുന്നിടത്തോളം ഉറക്കെ ചോദിച്ചു: 'ആരാണത്?' വാതിൽ തള്ളുന്ന ശബ്ദം നിലച്ചു. ആറടിപ്പൊക്കം കുനിഞ്ഞു മൂന്നടിയായി സ്റ്റെപ്പിന്റെ മറവിലേക്ക് പതുങ്ങുന്നതു ഞാൻ കണ്ടു. ടോർച്ച് തെളിയിച്ചു സ്റ്റെപ്പിന് നേരെ വെളിച്ചം വീശി വീണ്ടും ചോദിച്ചു: 'ആരാന്ന്...?' അപ്പോൾ ആ മനുഷ്യരൂപം അടുക്കളമുറ്റത്തിന്റെ അരമതിൽ ചാടിക്കടന്ന് റോഡിലേക്കോടി മറഞ്ഞു.

'ആരാണത്' എന്ന ആ വാക്കിന് എന്റെ കൈകളെക്കാൾ കരുത്തുണ്ടായിരുന്നുവെന്നു ഞാൻ തിരിച്ചറിഞ്ഞു. നേരം പുലർന്നപ്പോൾ അജ്ഞാതമായ ഒരു ജോഡി ചെരുപ്പും ഒരു മൊബൈൽഫോണും അടുക്കള മുറ്റത്തു നിന്ന് കണ്ടുകിട്ടി. അയൽവാസികൾക്ക് അതിന്റെ ഉടമയെ കണ്ടെത്താൻ വലിയ പ്രയാസമുണ്ടായില്ല. നാട്ടിലെ പ്രധാന മദ്യപാനിയായ ഒരാളായിരുന്നു അത്. നാട്ടുകാർ അവന്റെ വീട് വളഞ്ഞു. ലഹരി മൂത്തപ്പോൾ സംഭവിച്ചുപോയതാണെന്ന് പറഞ്ഞ് അയാൾ തല്ക്കാലം രക്ഷപ്പെട്ടു.

## മുറിപ്പാടാകുന്ന വാക്കുകൾ

ചില സന്ദർഭങ്ങളിൽ വാക്ക് വസൂരിക്കലകൾ പോലെ വികൃതമാണ്. അത് മനസ്സിൽ മാഞ്ഞുപോകാത്ത മുറിക്കലകൾ ഉണ്ടാക്കുന്നു. വേദനിപ്പിക്കുന്ന ഓർമയായി അതെന്നും നമ്മിൽ അവശേഷിക്കും. എട്ടാംക്ലാസ്സിലെ ഡ്രോയിംഗ്ടീച്ചറുടെ വാക്കുകൾ അത്തരത്തിലുള്ളൊരു ഓർമയാണ്. വരയ്ക്കാൻ എനിക്കിഷ്ടമായിരുന്നു. ഏഴാംക്ലാസ്സിൽ പഠിക്കുമ്പോൾ സംസ്ഥാനതലത്തിൽ മത്സരിക്കാനും അവസരം ലഭിച്ചിരുന്നു. എട്ടാംക്ലാസിൽ പുതിയ സ്കൂളിലേക്ക് ചേക്കേറിയതോടെ ആ താൽപര്യം കുറഞ്ഞുവന്നു. മറ്റൊന്നും കൊണ്ടായിരുന്നില്ല. അവിടെയുള്ളൊരു ഡ്രോയിംഗ് ടീച്ചർ ഒരിക്കൽ ഞാൻ വരച്ച ചിത്രം നോക്കി പറഞ്ഞു: 'ഇതൊന്നും നിന്നെക്കൊണ്ട് പറ്റില്ല. നീ പഠനത്തിൽ മാത്രം ശ്രദ്ധിച്ചാൽ മതി, ഇതൊക്കെ പറ്റുന്നവർ ചെയ്യട്ടെ.' അന്ന് നിർത്തിയതാണ് വര. വരയെ ജീവനോളം സ്നേഹിക്കുന്ന എട്ടാം ക്ലാസുകാരിയുടെ ലോലഹൃദയത്തിലേക്കായിരുന്നു ആ വാക്കുകൾ

**ഹൃദയത്തിലെ മുറിവിൽ നിന്ന് രക്തം വാർന്നുപോകുന്നത് വാക്ശരമെയ്തവർക്ക് കാണാൻ കഴിയാറില്ലല്ലോ. നമ്മുടെ വാക്കുകൾ മറ്റുള്ളവരുടെ ഹൃദയങ്ങളെ മുറിവേൽപ്പിക്കാറുണ്ടോ? മനസ്സിരുത്തിയൊന്ന് ആലോചിച്ചാൽ നന്ന്. ഏഷണിയും പരദൂഷണവും പരിഹാസവും പറയുന്നവർ മാത്രമല്ല; ചിരിച്ചും കളിച്ചും അത് കേട്ടിരിക്കുന്നവരും പാപത്തിൽ പങ്കാളികൾ തന്നെയാണല്ലോ.**



തുളച്ചുകയറിയത്.

വളർന്നപ്പോൾ ഹൃദയത്തിനു കുറച്ചുകൂടി കടുപ്പംകൂടി. ആരൊക്കെ എന്തൊക്കെ പറഞ്ഞാലും തറഞ്ഞുകയറാൻ സാധിക്കാത്തവിധം ഹൃദയം പരുവപ്പെട്ടു. അതിനുശേഷം എത്രയോ പരിഹാസങ്ങൾ, കളിയാക്കലുകൾ, കുറ്റപ്പെടുത്തലുകൾ, അവഗണനകൾ! എല്ലാം നേരിട്ടു. കാതിൽ കയറിയ ആ വാക്കുകളൊന്നും പക്ഷേ മനസ്സിലേക്കിറങ്ങിയില്ല. പുഞ്ചിരിയിൽ ചാലിച്ച മൗനം മാത്രം മറുപടി നൽകി അവരെയൊക്കെ നിരാശപ്പെടുത്തി.

കാരൻ ആംസ്ട്രോങ് എന്ന എഴുത്തുകാരി 'അനുകമ്പയുള്ള ജീവിതത്തിലേക്ക് 12 പടവുകൾ' എന്ന പുസ്തകത്തിൽ ഒരു സംഭവം വിവരിക്കുന്നു: 'വൃദ്ധയും രോഗിയുമായ ഒരു കന്യാസ്ത്രീയെ കാണാൻ പോയതായിരുന്നു ഞാൻ. എന്റെ കൈ പിടിച്ചുകൊണ്ട് ആ വൃദ്ധ ഇങ്ങനെ പറഞ്ഞു: 'എല്ലാവരും പറഞ്ഞത് നീയൊരു പ്രശ്നക്കാരിയാണെന്നാ. പക്ഷേ, നീയൊരു നല്ല കുട്ടിയാണ്. എനിക്കത് നന്നായറിയാം.'

'ആ അമ്മയുടെ വാക്കുകൾ കുറച്ചൊന്നുമല്ല എനിക്ക് ധൈര്യം തന്നത്, ആ ചെറിയ വാക്ക് എന്റെ കൂടെപ്പോന്നു.'

ഇതാണ് വാക്കുകളുടെ ശക്തി. കുടുംബബന്ധത്തിൽ നിന്നോ സൗഹൃദവലയത്തിൽ നിന്നോ രക്തബന്ധത്തിൽ നിന്നോ ഒരാളെ അകറ്റാനും ഒറ്റപ്പെടുത്താനും ചില വാക്കുകൾക്കു കഴിയും. മനഃപൂർവ്വമോ അല്ലാതെയോ നമ്മളോരുത്തരും അതിനു കാരണമാവാറുണ്ട്. കല്യാണങ്ങൾ, സൽക്കാരങ്ങൾ തുടങ്ങി മരണാനന്തര ചടങ്ങുകൾ പോലും അത്തരം വേദനിപ്പിക്കുന്ന വാക്കുകൾക്ക് വേദിയാകാറുണ്ട്.

തന്നിലുള്ള കുറവുകളെക്കുറിച്ചോ ഇല്ലാത്ത കഴിവുകളെക്കുറിച്ചോ അത്തരം സഭകളിൽ ചർച്ച ചെയ്യപ്പെടണമെന്നാഗ്രഹിക്കുന്നവരുണ്ടാകുമോ? ഏതൊരു മനുഷ്യനുമുണ്ടല്ലോ അഭിമാനം. മൂർച്ചയുള്ള വാക്കുകൾ മുറിവേൽപ്പിച്ച ഹൃദയങ്ങളിൽ നിന്ന് എന്തു ചെയ്താലാണ് ആ പാടുകൾ മാഞ്ഞുപോവുക? ഹൃദയത്തിലെ മുറിവിൽ നിന്ന് രക്തം വാർന്നുപോകുന്നത് വാക്ശരമെയ്തവർക്ക് കാണാൻ കഴിയാറില്ലല്ലോ. നമ്മുടെ വാക്കുകൾ മറ്റുള്ളവരുടെ ഹൃദയങ്ങളെ മുറിവേൽപ്പിക്കാറുണ്ടോ? മനസ്സിരുത്തിയൊന്ന് ആലോചിച്ചാൽ നന്ന്. ഏഷണിയും പരദൂഷണവും പരിഹാസവും പറയുന്നവർ മാത്രമല്ല; ചിരിച്ചും കളിച്ചും അത് കേട്ടിരിക്കുന്നവരും പാപത്തിൽ പങ്കാളികൾ തന്നെയാണല്ലോ.

ജീവിതത്തിനൊടുവിൽ മറ്റുള്ളവർ നമ്മെ ഓർത്തെടുക്കുക നാം പറഞ്ഞുപോയ വാക്കുകളിലൂടെയാകും. സ്നേഹവും കരുണയും നിറഞ്ഞ വാക്കുകൾ ഹൃദയത്തിൽ എന്നെന്നും വെളിച്ചമായി നിലനിൽക്കും; വേദനിപ്പിച്ച വാക്കുകൾ മാഞ്ഞുപോകാത്ത മുറിപ്പാടുകളായും. നമുക്കും മറ്റുള്ളവരുടെ മുറിവുകൾക്ക് വാക്കുകളിലൂടെ മരുന്നാവാം. ബന്ധങ്ങൾ സന്തുഷ്ടമാവട്ടെ!



കവർസ്റ്റോറി

സൈനുദ്ദീൻ ശാമിൽ ഇർഫാനി മാണൂർ

# അച്ചടക്കം സൗന്ദര്യമാണ്


പിറന്നുവീണതു മുതൽ ശ്വാസം നിലയ്ക്കുന്നതു വരെ മനുഷ്യൻ പാലിക്കേണ്ടതാണ് അദബ്(അച്ചടക്കം). ആത്മാവിന്റെ സൗന്ദര്യമാണത്. ശരീരത്തെ ജീവസ്സുറ്റതാക്കുന്നത് ആത്മാവാണ്. ആത്മാവുള്ള ശരീരത്തിൽ മാത്രമാണല്ലോ ജീവൻ തുടിക്കുക. അതുപോലെ അദബുള്ള ശരീരം സക്രിയവും അദബില്ലാത്ത ശരീരം നിഷ്ക്രിയവുമാണ്. മനസ്സും ശരീരവും പക്വമായി ചലിപ്പിക്കാൻ കഴിയുമ്പോഴാണ് അദബ് സമ്പൂർണ്ണമാകുന്നത്. ബാഹ്യപ്രകടനങ്ങളിൽ സ്വബോധത്തോടെ അദബുകൾ പാലിക്കുമ്പോഴാണ് ഹൃദയം വിശുദ്ധമാകുന്നതും ക്രമേണ അദബ് നമ്മുടെ പ്രകൃതമായി മാറുന്നതും.

അച്ചടക്കത്തിന് വിവിധ തലങ്ങളുണ്ട്. ദുഷ്ചിന്തകളെ നിയന്ത്രിച്ചും സമയം, ഊർജ്ജം, പണം എന്നിവ പാഴാക്കാതെ ശ്രദ്ധിച്ചും സ്വയം അച്ചടക്കം പാലിക്കലാണതിലൊന്ന്. നിലപാട് പക്വമാക്കിയും മധുരമായി സംസാരിച്ചും വിനയം കാണിച്ചും ജീവിക്കുന്നതാണ് ആത്മീയമായ അച്ചടക്കം. പൊതുമുതൽ സംരക്ഷിക്കണമെന്ന ബോധം ഉൾക്കൊണ്ടും സംഘർഷങ്ങൾ ഒഴിവാക്കിയും നല്ല ജീവിതം കാഴ്ചവെക്കുന്നത് സാമൂഹിക അച്ചടക്കമാണ്. ഡിജിറ്റൽ മാധ്യമങ്ങളുടെ അപകടങ്ങളെക്കുറിച്ചുള്ള അവബോധത്തോടെ ജീവിതം മുന്നോട്ടു നയിക്കുന്നതാണ് ഡിജിറ്റൽ അച്ചടക്കം.

ജീവിതത്തിലുടനീളം ഉദാത്ത സംസ്കാരവും ഉന്നതമൂല്യങ്ങളും കാത്തുസൂക്ഷിക്കാൻ അച്ചടക്കം അനിവാര്യമാണ്. ജീവിതത്തിൽ സർവ്വ രംഗങ്ങളിലുമുണ്ടാകേണ്ട അച്ചടക്കം ഇസ്‌ലാം പഠിപ്പിച്ചിട്ടുണ്ട്.

## ജീലാനീ മാതൃക

വ്യക്തിയുടെ ഉയർച്ചയിലും വളർച്ചയിലും അദബിനു വലിയ പ്രാധാന്യമുണ്ട്. ശൈഖ്ജീലാനി(റ)യുടെ ജീവിതപരിസരം ഉദാഹരണമായെടുക്കാം. ആദരിക്കേണ്ടവരെ ആദരിച്ചും ബഹുമാനിക്കേണ്ടവരെ ബഹുമാനിച്ചും ജീലാനി(റ) മാതൃക കാണിച്ചു. അച്ചടക്കവും വിനയവും അദ്ദേഹത്തിന്റെ കൂടെപ്പിറപ്പായിരുന്നു. അബൂസഈദ് അബ്ദുല്ലാഹിബ്നു അബീഇസ്റൂൻ പറയുന്നു: 'പഠനാവശ്യാർത്ഥം ഞാൻ ബഗ്ദാദിലെത്തി. നിളാമിയ്യമദ്റസയിൽ ചേർന്നു. ഇബ്നുസഖയായിരുന്നു എന്റെ സുഹൃത്ത്. ഞങ്ങൾക്ക് മഹാന്മാരെ സന്ദർശിക്കുന്ന പതിവുണ്ടായിരുന്നു. അക്കാലത്ത് ബഗ്ദാദിൽ വിശ്രുതനായ ഒരു വലിയ്യുണ്ടെന്നു കേട്ട് ഞാനും ഇബ്നുസഖയും ശൈഖ് അബ്ദുൽഖാദിർ(റ)വും കൂടി അദ്ദേഹത്തെ സന്ദർശിക്കാൻ പുറപ്പെട്ടു. യാത്രാമധ്യേ ഇബ്നുസഖ പറഞ്ഞു: 'അദ്ദേഹത്തിന് മറുപടി പറയാൻ കഴിയാത്ത ഒരു ചോദ്യം ചോദിക്കാനാണ് ഞാൻ പോകു



**വിദ്യാഭ്യാസസ്ഥാപനത്തിലെ അടിസ്ഥാന സൗകര്യങ്ങൾ തകർത്തും അധ്യാപകരുടെ വാഹനങ്ങൾ തല്ലിത്തകർത്തും സ്ഥാപനത്തിനെതിരെ അക്രമങ്ങൾ അഴിച്ചു വിട്ടും ഗുരുശിഷ്യബന്ധത്തിന്റെ സർവ്വ പവിത്രതയും കളങ്കപ്പെടുത്തുന്ന വിദ്യാർത്ഥികളുണ്ട്. പോറ്റി വളർത്തി വലുതാക്കിയ മാതാപിതാക്കളെ തള്ളിയും അവരുടെ വാക്കുകൾ അവഗണിച്ചും അവരെ വൃദ്ധസദനങ്ങളിലാക്കിയും നന്ദികേടിന്റെ പ്രതിരൂപങ്ങളാവുകയാണ് പുതുതലമുറ.**

ന്നത്.'

അപ്പോൾ ഞാൻ പറഞ്ഞു: 'ഞാൻ അദ്ദേഹത്തോട് ഒരു ചോദ്യം ചോദിക്കും. അദ്ദേഹം എന്തു പറയുന്നുവെന്ന് നോക്കാമല്ലോ.'

ഉടൻ ശൈഖ് ജീലാനി(റ) പറഞ്ഞു: 'ഞാൻ അദ്ദേഹത്തോട് ഒന്നും ചോദിക്കില്ല. അദ്ദേഹത്തെ കണ്ട് ബറകത്തെടുക്കാൻ മാത്രമാണ് എന്റെ യാത്ര.'

അങ്ങനെ മൂവരും വലിയ്യിന്റെ സവിധത്തിലെത്തി. ഇബ്നുസഖയെ അതിരൂക്ഷമായി നോക്കിക്കൊണ്ട് വലിയ്യ് പറഞ്ഞു: 'ഇബ്നുസഖാ, നിനക്കു നാശം! എനിക്ക് ഉത്തരം കിട്ടാത്ത ചോദ്യം ചോദിക്കാൻ വന്നതാണല്ലേ? നിന്റെ ചോദ്യം ഇതാണ്, അതിനുള്ള മറുപടി ഇതാണ്.' 'നിന്റെ മുഖത്ത് ഞാൻ സത്യനിഷേധത്തിന്റെ തീനാളം കാണുന്നു' എന്നും വലിയ്യ് പറഞ്ഞു.

പിന്നെ അദ്ദേഹം എന്റെ നേരെ തിരിഞ്ഞ് 'അബ്ദുല്ലാ, നിങ്ങൾ എന്നെ പരീക്ഷിക്കാൻ വന്നതാണല്ലേ' എന്നു ചോദിച്ച ശേഷം ഞാൻ ചോദിക്കാനുദ്ദേശിച്ച ചോദ്യവും ഉത്തരവും കൃത്യമായി വിശദീകരിച്ചു. അദ്ദേഹം പറഞ്ഞു: 'ദുൻയാവിലെ സമ്പത്ത് നിനക്ക് കൂടുതൽ കൈകാര്യം ചെയ്യേണ്ടി വരും. അങ്ങനെ നീ പരീക്ഷിക്കപ്പെടും.'

ശേഷം അദ്ദേഹം ശൈഖ് അബ്ദുൽഖാദിർ(റ)വിനെ ചേർത്തുപിടിച്ച് ആദരപുരസ്സരം പറഞ്ഞു: 'അബ്ദുൽഖാദിർ, നിങ്ങളുടെ അദബ് അല്ലാഹുവിനെയും റസൂലിനെയും തൃപ്തിപ്പെടുത്തിയിരിക്കുന്നു. നിങ്ങൾ കസേരയിൽ ഇരുന്നുകൊണ്ട് ബഗ്ദാദ് നിവാസികളോട് സംവദിക്കുന്നൊരു കാലം വരും. എന്റെ കാൽപാദം എല്ലാ ഔലിയാക്കളുടെയും പിരടിക്ക് മേലെയാണെന്നു താങ്കൾ പറയുമ്പോൾ ഔലിയാക്കളെല്ലാം താങ്കൾക്കു വേണ്ടി തല താഴ്ത്തിത്തരും.'

ഇബ്നുഇസ്റൂൻ(റ) തുടരുന്നു: കാലങ്ങളേറെ ചെന്നപ്പോൾ ശൈഖ് ജീലാനി(റ)വിന്റെ പ്രശസ്തി പരന്നു. ഔലിയാക്കളെല്ലാം മഹാന്റെ മഹത്വം അംഗീകരിച്ചു. ഇബ്നുസഖയാകട്ടെ മതവിജ്ഞാനങ്ങളിൽ തന്റെ സമപ്രായക്കാരെക്കാൾ മുന്നിലെത്തി. ഉജ്വലവാഗ്മിയായിരുന്ന അവനെ വാദിച്ചുതോൽപ്പിക്കാൻ ആർക്കും കഴിയുമായിരുന്നില്ല. ഖലീഫയുടെ ദൂതനായി അദ്ദേഹം റോമിലേക്ക് നിയുക്തനായി. റോമിലെ പാതിരിമാരെല്ലാം അദ്ദേഹത്തിനു മുന്നിൽ മുട്ടുമടക്കി. അതിനിടെ അയാൾ രാജാവിന്റെ അതിസുന്ദരിയായ മകളിൽ അനുരക്തനായി. അദ്ദേഹം വിവാഹാഭ്യർത്ഥന നടത്തിയപ്പോൾ ക്രിസ്ത്യാനിയാകണമെന്ന നിബന്ധന അവൾ മുന്നോട്ടുവെച്ചു. അങ്ങനെ ഇബ്നുസഖ ക്രിസ്തുമതം സ്വീകരിച്ചു. രാജകുമാരിയുമായുള്ള വിവാഹത്തിനു ശേഷം മാരകമായൊരു രോഗം പിടിപെട്ട ഇബ്നുസഖയെ രാജാവ് കൊട്ടാരത്തിൽ നിന്നു പുറന്തള്ളി. തെരുവിൽ കിടന്ന് അയാൾ മരണപ്പെട്ടു. മുസ്‌ലിമായി ജനിച്ചുവളർന്ന അയാൾ അമു

സ്‌ലിമായി മരണപ്പെട്ടു.'

ഇബ്നുഇസ്റൂൻ തുടരുന്നു: 'ബഗ്ദാദിലെ പഠനത്തിന് ശേഷം ഡമസ്കസിലെത്തിയതായിരുന്നു ഞാൻ. അപ്പോൾ സുൽത്താൻ സ്വാലിഹ് നൂറുദ്ദീൻ ശഹീദ് വഖ്ഫ് സ്വത്തുക്കൾ കൈകാര്യം ചെയ്യാൻ എന്നോടാവശ്യപ്പെട്ടു. അതോടെ ഐഹികലോകവുമായി നിരന്തരം ബന്ധപ്പെടാൻ ഞാൻ നിർബന്ധിതനായി. അങ്ങനെ ആ വലിയ്യിന്റെ പ്രവചനം ഞങ്ങൾ മൂവരിലും സത്യമായി പുലർന്നു.' (ഫതാവാഹദീസിയ്യ 225)

അനിവാര്യമായ അച്ചടക്കം പുതിയതലമുറക്ക് അന്യമായിക്കൊണ്ടിരിക്കയാണ്. അധ്യാപകരെ ആക്ഷേപിച്ചും അവരുടെ വാക്കുകൾ അവഗണിച്ചും അപഥസഞ്ചാരത്തിലാണ് വലിയൊരു വിഭാഗം വിദ്യാർത്ഥികൾ. സാധ്യമാകുന്ന വിധത്തിലെല്ലാം അധ്യാപകരെ ശല്യം ചെയ്യുന്നത് പലർക്കും ഹോബിയാണ്. വിദ്യാഭ്യാസസ്ഥാപനത്തിലെ അടിസ്ഥാന സൗകര്യങ്ങൾ തകർത്തും അധ്യാപകരുടെ വാഹനങ്ങൾ തല്ലിത്തകർത്തും സ്ഥാപനത്തിനെതിരെ അക്രമങ്ങൾ അഴിച്ചുവിട്ടും ഗുരുശിഷ്യബന്ധത്തിന്റെ സർവ്വ പവിത്രതയും കളങ്കപ്പെടുത്തുന്ന വിദ്യാർത്ഥികളുണ്ട്. പോറ്റി വളർത്തി വലുതാക്കിയ മാതാപിതാക്കളെ തള്ളിയും അവരുടെ വാക്കുകൾ അവഗണിച്ചും അവരെ വൃദ്ധസദനങ്ങളിലാക്കിയും നന്ദികേടിന്റെ പ്രതിരൂപങ്ങളാവുകയാണ് പുതുതലമുറ.

## രക്ഷിതാക്കളുടെ പങ്ക്

മക്കളെ അച്ചടക്കമുള്ളവരായി വളർത്തുന്നതിൽ പ്രധാന പങ്ക് രക്ഷിതാക്കൾക്കാണ്. അച്ചടക്കവും ആത്മനിയന്ത്രണവുമുള്ളവർ മാത്രമേ ജീവിതത്തിൽ വിജയിക്കൂ എന്നത് യാഥാർത്ഥ്യമാണ്. എന്നാൽ, മക്കളെ എങ്ങനെ അച്ചടക്കമുള്ളവരായി വളർത്തണം എന്ന കാര്യത്തിൽ പലർക്കും വേണ്ടത്ര ധാരണയില്ലെന്നതാണ് സത്യം. മക്കളെ വളർത്തുന്നതിലും സംരക്ഷിക്കുന്നതിലും രക്ഷിതാക്കളുടെ ബാധ്യത ഏറെ ഭാരമേറിയതാണ്. സന്താനശിക്ഷണത്തിലുണ്ടാകുന്ന ഏതൊരു അപാകതയും കുട്ടിയുടെ ജീവിതത്തിൽ വലിയ പ്രത്യാഘാതങ്ങളുണ്ടാക്കും.

രണ്ടാം ഖലീഫ ഉമർ(റ) വിന്റെയടുക്കൽ ഒരാൾ മകന്റെ അനുസരണക്കേടിനെക്കുറിച്ച് പരാതിയുമായി വന്നു. ഖലീഫ കുട്ടിയെ വിളിപ്പിച്ചു. പിതാവിനെ അനുസരിക്കാത്തതിന്റെ പേരിൽ ശാസിക്കാനാരംഭിച്ചപ്പോൾ അവൻ ഉമർ(റ)വിനോട് ചോദിച്ചു: 'അമീറുൽ മുഅ്മിനീൻ, പിതാവിന് മക്കളോട് ബാധ്യതയൊന്നുമില്ലേ?' ഉണ്ടെന്ന് ഖലീഫ പറഞ്ഞപ്പോൾ എന്തെല്ലാമാണതെന്നായി കുട്ടി. ഉമർ(റ) വിശദീകരിച്ചു: 'കുട്ടികൾക്ക് നല്ല ഉമ്മയെ അഥവാ, നല്ല ഭാര്യയെ തിരഞ്ഞെടുക്കുക, കുട്ടിക്ക് നല്ല പേരിടുക, ഖുർആൻ പഠിപ്പിക്കുക.' ഇതു കേട്ടയുടൻ കുട്ടിയുടെ പ്രതികരണം: 'അമീറുൽ മുഅ്മിനീൻ, എന്റെ ഉപ്പ ഇതു മൂന്നും ചെയ്തിട്ടില്ല.' അപ്പോൾ ഖലീഫ പരാതിക്കാരനായ പിതാവിനോട് പറഞ്ഞു: 'മകൻ അനുസരണക്കേട് കാണിക്കുന്നതിനെക്കുറിച്ച് പരാതിപ്പെടാനാണല്ലോ താങ്കൾ എന്റെയടുക്കൽ വന്നത്. എന്നാൽ, അവൻ നിങ്ങളോട് മോശമായി പെരുമാറുന്നതിനു മുമ്പ് നിങ്ങളാണ് അവനോട് മോശമായി വർത്തിച്ചത്.' (തർബിയതുൽ ഔലാദിൽ ഇസ്‌ലാം 1/2728)

**മക്കളെ അച്ചടക്കമുള്ളവരായി വളർത്തുന്നതിൽ പ്രധാന പങ്ക് രക്ഷിതാക്കൾക്കാണ്. അച്ചടക്കവും ആത്മനിയന്ത്രണവുമുള്ളവർ മാത്രമേ ജീവിതത്തിൽ വിജയിക്കൂ എന്നത് യാഥാർത്ഥ്യമാണ്. എന്നാൽ, മക്കളെ എങ്ങനെ അച്ചടക്കമുള്ളവരായി വളർത്തണം എന്ന കാര്യത്തിൽ പലർക്കും വേണ്ടത്ര ധാരണയില്ലെന്നതാണ് സത്യം. മക്കളെ വളർത്തുന്നതിലും സംരക്ഷിക്കുന്നതിലും രക്ഷിതാക്കളുടെ ബാധ്യത ഏറെ ഭാരമേറിയതാണ്.**

ഏറെ വെല്ലുവിളികൾ നിറഞ്ഞ ഉത്തരവാദിത്തമാണ് രക്ഷാകർതൃത്വം. മക്കൾ ചെയ്യണമെന്ന് നമ്മൾ ആഗ്രഹിക്കുന്ന കാര്യങ്ങളെല്ലാം അവരെക്കൊണ്ട് നിർബന്ധപൂർവ്വം ചെയ്യിക്കുന്നതല്ല; കുട്ടികളുടെ കൂടി ഭാഗം കേട്ടും മനസ്സിലാക്കിയും അവരുടെ വളർച്ചയ്ക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ് ഉന്നത രീതി. രക്ഷിതാക്കൾ എപ്പോഴും തങ്ങളെ സ്നേഹിക്കുകയും വിലകൽപ്പിക്കുകയും ചെയ്യുന്നുണ്ടെന്ന് കുട്ടികൾക്ക് ബോധ്യപ്പെടുമ്പോഴാണ് അവർ അച്ചടക്കമുള്ളവരായി വളരുക.

കുട്ടികളിൽ നിന്ന് അബദ്ധങ്ങൾ സംഭവിക്കുമ്പോൾ അവരെ ശിക്ഷിച്ചു ശരിയാക്കാൻ ശ്രമിക്കുന്നതിനു പകരം സ്നേഹപൂർവ്വമായ സമീപനത്തിലൂടെ തിരുത്തണം. അതിലൂടെ മാത്രമേ കുട്ടികൾക്ക് ഭാവിയിൽ നല്ല തീരുമാനങ്ങളെടുക്കാനും മികച്ച വ്യക്തിത്വമുള്ളവരായി മാറാനും സാധിക്കൂ. സ്നേഹനിർഭരമായ അന്തരീക്ഷത്തിൽ മാത്രമാണ് കുട്ടികൾക്ക് അവരുടെ ചിന്തകളും വികാരങ്ങളും സ്വതന്ത്രമായി പ്രകടിപ്പിക്കാൻ സാധിക്കുക. അപ്പോഴാണവരുടെ ആത്മാഭിമാനവും ആത്മവിശ്വാസവും വർദ്ധിക്കുക.

## വേണ്ട, സ്വേച്ഛാധിപത്യം

പരസ്പര സ്നേഹത്തിന്റെയും സഹകരണത്തിന്റെയും ജീവിക്കുന്ന തെളിവുകളായി മാതാപിതാക്കളുണ്ടാകണം. വീട്ടിലെ അംഗങ്ങളെ അടക്കിഭരിക്കുന്ന സ്വേച്ഛാധിപതിയാണ് താനെന്ന ഭാവം ഒഴിവാക്കുകതന്നെ വേ

**അച്ചടക്കത്തിലൂടെയാണ് മാതാപിതാക്കൾ കുട്ടികളെ പഠിപ്പിക്കുകയും തിരുത്തുകയും ചെയ്യേണ്ടത്. കുട്ടികളുടെ അഭിപ്രായങ്ങൾ മുഴുവൻ തള്ളിക്കൊണ്ടുള്ള ഒരു നിയന്ത്രണവും വിജയകരമാവില്ല. അവർക്കു വേണ്ടത്ര അഭിപ്രായ സ്വാതന്ത്ര്യം കൊടുക്കുകയും ഏതെല്ലാം തെരഞ്ഞെടുപ്പുകളാണ് തെറ്റെന്നും ഏതെല്ലാമാണ് നല്ലതെന്നും അവരെ ബോധ്യപ്പെടുത്തുകയും വേണം.**

ണം. കൂടിയിരുന്ന് സംസാരിച്ചും തമാശകൾ പങ്കുവച്ചും പരസ്പരം കാണൽ അനുവദനീയമായ വീട്ടംഗങ്ങളെല്ലാം ഒരുമിച്ചിരുന്ന് ഭക്ഷണം കഴിച്ചും ആത്മബന്ധം വർധിപ്പിക്കണം. ജീവിതത്തിലെ പ്രതിസന്ധിഘട്ടത്തിൽ എല്ലാ അർത്ഥത്തിലും കൂടെ നിൽക്കണം. പ്രായമായ മക്കളോടും വിവാഹിതരോടും സൗമ്യമായ പെരുമാറ്റം തുടരണം. തൊട്ടതിനും പിടിച്ചതിനും കുറ്റം പറയുകയും ന്യൂനതകൾ മാത്രം തിരഞ്ഞുപിടിച്ച് മക്കളെയും മരുമക്കളെയും കുത്തുവാക്കുകൾ പറഞ്ഞ് നോവിക്കുകയും ചെയ്യുന്നത് അവസാനിപ്പിക്കണം.

ഒരിക്കൽ കീഴുദ്യോഗസ്ഥന്മാരിലൊരാൾ കാണാൻ ചെന്നപ്പോൾ ഉമർ(റ)വിന്റെ ചുറ്റും കുട്ടികൾ ബഹളംവച്ച് ഓടിക്കളിക്കുന്നതാണ് കണ്ടത്. ഖലീഫ അതു തടയാത്തതിനെക്കുറിച്ച് ആരാഞ്ഞപ്പോൾ ഉമർ(റ)വിന്റെ മറുചോദ്യം: 'നിങ്ങൾ വീട്ടിൽ എങ്ങനെയാണ്?' അദ്ദേഹം ഇത്തിരി അഭിമാനത്തോടെ പറഞ്ഞു: 'ഞാൻ വീട്ടിൽ ചെന്നു കയറിയാൽ പിന്നെ ആരും ഒന്നും സംസാരിക്കുകയേയില്ല.' ഉടൻ ഉമർ(റ) ഉത്തരവിട്ടു: 'നിങ്ങൾ ഉദ്യാഗസ്ഥജോലി രാജിവെക്കണം. സ്വന്തം കുടുംബത്തോടും മക്കളോടും കൃപ കാണിക്കാത്ത താങ്കൾക്ക് രാജ്യത്തെ ജനങ്ങളോട് എങ്ങനെ ദയാപൂർവം പെരുമാറാൻ കഴിയും?' (താരീഖുത്വിബ്ബിൽഅത്ഫാൽ 30)

അച്ചടക്കത്തിലൂടെയാണ് മാതാപിതാക്കൾ കുട്ടികളെ പഠിപ്പിക്കുകയും തിരുത്തുകയും ചെയ്യേണ്ടത്. ഓരോ കാര്യവും നന്നായി എങ്ങനെ ചെയ്യാനാകും എന്നാണ് അവരെ പഠിപ്പിക്കേണ്ടത്. കുട്ടികളുടെ അഭിപ്രായങ്ങൾ മുഴുവൻ തള്ളിക്കൊണ്ടുള്ള ഒരു നിയന്ത്രണവും വിജയകരമാവില്ല. അവർക്കു വേണ്ടത്ര അഭിപ്രായ സ്വാതന്ത്ര്യം കൊടുക്കുകയും ഏതെല്ലാം തെരഞ്ഞെടുപ്പുകളാണ് തെറ്റെന്നും ഏതെല്ലാമാണ് നല്ലതെന്നും അവരെ ബോധ്യപ്പെടുത്തുകയും വേണം. അതികഠിനമായ അച്ചടക്കം കുട്ടികളിൽ ഭയവും നീരസവുമാണ് സൃഷ്ടിക്കുക. പ്രകോപനമുണ്ടാകുന്ന സമയങ്ങളിൽ പോലും ആത്മസംയമനം പാലിക്കുകയും പരമാവധി ശാരീരികശിക്ഷകൾ ഒഴിവാക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

## സ്നേഹമെന്ന നെടുംതൂൺ

സ്നേഹമാണ് രക്ഷാകർതൃ-സന്താന ബന്ധത്തിന്റെ നെടുംതൂൺ. ഉപാധികളില്ലാതെ കുട്ടികളെ സ്നേഹിക്കാൻ മാതാപിതാക്കൾക്കാകണം. ശരിയായ വിധത്തിൽ സ്നേഹിക്കപ്പെടുമ്പോഴാണ് അവർക്ക് മറ്റുള്ളവരെ സ്നേഹിക്കാൻ സാധിക്കുക. സ്നേഹം കുട്ടിക്ക് ബോധ്യപ്പെടുന്ന വിധത്തിലാകാനും രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ടതുണ്ട്. സ്നേഹം മനസ്സിൽ മതി, അതു പ്രകടിപ്പിച്ചാൽ മക്കൾ വഷളാകും എന്ന ചിന്താഗതി മാറ്റിയേ പറ്റൂ. പ്രവൃത്തികളിലും വാക്കുകളിലും സ്നേഹം പ്രതിഫലിക്കണം. ചെറിയ കുട്ടികളാകുമ്പോൾ മാത്രമല്ല; കൗമാരകാലത്തും കൂടുതൽ ജാഗ്രതയോടെ സ്നേഹം പ്രകടിപ്പിക്കണം. കൗമാരം കുട്ടികൾ അവരെ പരിഗണിച്ചു മനസ്സിലാക്കുന്നവരെ തേടുന്ന കാലമാണ്. അവരെ കൂടുതൽ മനസ്സിലാക്കേണ്ടതും അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കേണ്ടതും രക്ഷിതാക്കൾ തന്നെയാണല്ലോ.

അച്ചടക്കമുള്ള വിദ്യാർത്ഥികളെ വളർത്തിയെടുക്കുന്നതിൽ അധ്യാപകരുടെ പങ്കും നിഷേധിക്കാവതല്ല. അറിവിന്റെ വെളിച്ചം പകർന്നും മൂല്യങ്ങൾ പഠിപ്പിച്ചും എല്ലാ നന്മകൾക്കും കുട്ടികളെ പ്രാപ്തരാക്കിയും അവർ സമൂഹത്തിൽ വിലമതിക്കാനാവാത്ത സേവനമാണു ചെയ്യുന്നത്.

## മക്കളുടെ മനസ്സറിയണം

കുട്ടികളുടെ മാനസികാവസ്ഥ മനസ്സിലാക്കാതെ, അവരെ വ്യക്തിപരമായി അധിക്ഷേപിക്കുകയും, ഭീഷണിപ്പെടുത്തുകയും, ആത്മവിശ്വാസം നശിപ്പിക്കുകയും ചെയ്യുന്നത് അധ്യാപകർക്ക് യോജിച്ചതല്ല. ശാരീരികപീഡനത്തെക്കാൾ ആഴത്തിൽ മുറിവേൽപ്പിക്കുന്നതാണ് മാനസികപീഡനം. അത് കുട്ടികളുടെ പഠനത്തെ മാത്രമല്ല; സാമൂഹികവും മാനസികവുമായ വളർച്ചയെയും ദോഷകരമായി ബാധിക്കും. അധ്യാപകരുടെ ഇത്തരത്തിലുള്ള ചില സ്വഭാവങ്ങളാണ് പല വിദ്യാർത്ഥികളെയും നശിപ്പിക്കുന്നത്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുട്ടികളുടെ പരാതികൾ കേൾക്കാനും നടപടിയെടുക്കാനും ഫലപ്രദമായ സംവിധാനങ്ങളുണ്ടാകണം. മാനസികാരോഗ്യ വിദഗ്ധരുടെ സേവനം ഉറപ്പാക്കുകയും അധ്യാപകർക്ക് കുട്ടികളുടെ മാനസികാവസ്ഥ മനസ്സിലാക്കാനുള്ള പരിശീലനം നൽകുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. അധ്യാപനം ഒരു സേവനമാണ്; അധികാരം കാണിക്കാനുള്ള വേദിയല്ല. കുട്ടികൾക്ക് ഭയമില്ലാതെ പഠിക്കാനും വളരാനും കഴിയുന്ന ഒരു സുരക്ഷിത അന്തരീക്ഷം ഒരുക്കാൻ അധ്യാപകർ പ്രതിജ്ഞാബദ്ധരാകണം.

സ്മരണ

റൈഹാൻ

# ശൈഖ് രിഫാഈ(റ) വിജ്ഞാനം, സേവനം



അബുൽഅബ്ബാസ് ശൈഖ് അഹ്മദുൽകബീർ രിഫാഈ(റ) ഹിജ്റ 512ൽ ഇറാഖിലെ ബത്വാഇഹിലുള്ള ഹസൻ ഗ്രാമത്തിൽ ജനിച്ചു. ഹുസൈൻ(റ) വഴി തിരുനബി(സ)യിലേക്ക് ചേരുന്നതാണ് മഹാനവർകളുടെ പിതാവ് അബുൽഹസൻ അലി(റ)വിന്റെയും മാതാവ് ഉമ്മുൽഫള്ൽ അൻസ്വാരിയ്യ(റ)യുടെയും പരമ്പരകൾ. ഏഴാം വയസ്സിൽ പിതാവ് അബുൽഹസൻഅലി എന്നവർ ബഗ്ദാദിൽ വഫാത്തായതിനെ തുടർന്ന് മുതിർന്ന പണ്ഡിതനും സൂഫിവര്യനുമായിരുന്ന അമ്മാവൻ ശൈഖ് മൻസൂറുൽ ബത്വാഇഹി(റ)യുടെ സംരക്ഷണത്തിലാണ് ശൈഖ് രിഫാഈ(റ) വളർന്നത്.

## വിജ്ഞാനദാഹം

ബാല്യകാലത്തേ വിജ്ഞാനത്തോട് അടങ്ങാത്ത ആർത്തിയും താല്പര്യവുമായിരുന്നു ശൈഖ് രിഫാഈ(റ)വിന്. ഏഴാം വയസ്സിൽ നാട്ടിലെ പ്രസിദ്ധ പണ്ഡിതനായിരുന്ന ശൈഖ് അബ്ദുസ്സമീഅ് അൽഹർബൂനിയിൽ നിന്ന് വിശുദ്ധ ഖുർആൻ പഠിച്ചു. പിന്നെ അമ്മാവനോടൊപ്പം ഇറാഖിലെ മറ്റൊരു ഗ്രാമത്തിലേക്ക് യാത്ര തിരിച്ച ശൈഖ് രിഫാഈ(റ) അക്കാലത്തെ പ്രസിദ്ധവാഗ്മിയും പണ്ഡിതനുമായിരുന്ന ശൈഖ് അബുൽഫള്ൽ അലിയ്യുൽ വാസ്വിത്വിയുടെ വൈജ്ഞാനികവും ആത്മീയവുമായ ശിക്ഷണത്തിലാണ് വളർന്നത്. അമ്മാവന്മാരായ ശൈഖ് മൻസൂറുൽ ബത്വാഇഹി, ശൈഖ് അബൂബക്ർ എന്നിവരുടെയും മറ്റനേകം പണ്ഡിതന്മാരുടെയും വിജ്ഞാന സദസ്സുകളിൽ ശൈഖ് രിഫാഈ(റ) പങ്കെടുത്തു.

ശാഫിഈ മദ്ഹബിലെ വിശ്രുത കർമ്മശാസ്ത്ര ഗ്രന്ഥമായ അബൂ ഇസ്ഹാഖുശ്ശീറാസി രചിച്ച കിതാബുത്തൻബീഹ് മഹാനവർകൾ മനപ്പാഠമാക്കുകയും അതിന് ബൃഹത്തായ ഒരു വ്യാഖ്യാനമെഴുതുകയും ചെയ്തു. ജ്ഞാനസമ്പാദനത്തിലും ആരാധനാകർമങ്ങളിലും ആനന്ദം കണ്ടെത്തിയ മഹാനവർകൾ ചുരുങ്ങിയ കാലം കൊണ്ടുതന്നെ വലിയ പണ്ഡിതനും ആത്മീയഗുരുവുമായി മാറി. ഗുരുനാഥന്മാർ പോലും പിന്നീട് മഹാനവർകളുടെ വൈജ്ഞാനികവും ആത്മീയവുമായ ശിഷ്യത്വം സ്വീകരിച്ചു. വാസ്വിതിലെ പ്രമുഖ ഹദീസ്പണ്ഡിതനും ആത്മീയഗുരുവുമായിരുന്ന അബുൽഫള്ൽ അലി എന്നവർ ശൈഖ് രിഫാഈ(റ)

> വാസ്വിതിലെ പ്രമുഖ ഹദീസ്പണ്ഡിതനും ആത്മീയഗുരുവുമായിരുന്ന അബുൽഫള്ൽ അലി എന്നവർ ശൈഖ് രിഫാഈ(റ)വിന് ആത്മീയസരണിയിലും എല്ലാ വിജ്ഞാനശാഖകളിലുമുള്ള ഇജാസത്ത് നൽകുകയും 'അബുൽഇൽമൈൻ' അഥവാ, ദ്വിവിജ്ഞാനീയങ്ങളുടെ പിതാവ് എന്ന സ്ഥാനപ്പേര് നൽകുകയും ചെയ്തു. ഇരുപത് വയസ്സായിരുന്നു അന്ന് മഹാനവർകളുടെ പ്രായം.

വിന് ആത്മീയസരണിയിലും എല്ലാ വിജ്ഞാനശാഖകളിലുമുള്ള ഇജാസത്ത് നൽകുകയും 'അബുൽഇൽമൈൻ' അഥവാ, ദ്വിവിജ്ഞാനീയങ്ങളുടെ പിതാവ് എന്ന സ്ഥാനപ്പേര് നൽകുകയും ചെയ്തു. ഇരുപത് വയസ്സായിരുന്നു അന്ന് മഹാനവർകളുടെ പ്രായം.

ഇരുപത്തിയെട്ട് വയസ്സായപ്പോൾ ഗുരുവര്യനും അമ്മാവനുമായ ശൈഖ് മൻസൂർ(റ) ആത്മീയവും വൈജ്ഞാനികവുമായ നേതൃത്വം ഏൽപ്പിച്ച് ശൈഖ് രിഫാഈ(റ)വിനെ ഉമ്മുഅബീദയിൽ തന്റെ പിൻഗാമിയായി നിയമിച്ചു.

## വിനയം, ലാളിത്യം

ആത്മീയതയുടെയും പാണ്ഡിത്യത്തിന്റെയും ഉന്നതങ്ങളിൽ വിരാജിക്കുമ്പോഴും വിനയവും ലാളിത്യവും മഹാനവർകൾ മുഖമുദ്രയാക്കി. തിരുനബി(സ)യുടെ സ്വഭാവമഹിമയെല്ലാം ശൈഖ് രിഫാഈ(റ)വിൽ കാണാമായിരുന്നുവെന്ന് ശൈഖ് അബൂശുജാഅ് എന്നവരെ ഉദ്ധരിച്ച് ഇമാം റാഫിഈ(റ) സവാദുൽഐനൈൻ ഫീ മനാഖിബി അബിൽഇൽമയ്ൻ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രോഗം ബാധിച്ച നായയെ ദിവസങ്ങളോളം ശുശ്രൂഷിച്ച് രോഗം ഭേദപ്പെടുത്തിയ സംഭവവും വീട്ടിൽ മോഷണത്തിനു വന്ന കള്ളന് മുന്തിയ ഇനം ഗോതമ്പ് നൽകി സന്തോഷത്തോടെ യാത്രയാക്കിയ സംഭവവും മഹാനവർകളുടെ സഹജീവിസ്നേഹവും വിനയവുമാണ് പ്രതിഫലിപ്പിക്കുന്നത്.

## സ്വപ്നദർശനം

ശൈഖ് മൻസൂർ(റ) പറയുന്നു: എന്റെ സഹോദരീപുത്രന്റെ പിറവിയുടെ 40 ദിവസം മുമ്പ് ഞാൻ തിരുനബി(സ)യെ സ്വപ്നം കണ്ടു. അവിടുന്ന് എന്നോട് പറഞ്ഞു: 'മൻസൂർ, താങ്കളുടെ സഹോദരിക്ക് 40 ദിവസം കഴിഞ്ഞ് അഹ്മദ് രിഫാഈ എന്ന ഒരു കുഞ്ഞു പിറക്കുമെന്ന സുവിശേഷം അറിയിക്കുന്നു. ഞാൻ പ്രവാചകന്മാരുടെ നേതാവാണെന്ന പോലെ അദ്ദേഹം ഔലിയാക്കളുടെ നേതാവായിരിക്കും. അവൻ വളർന്നാൽ ശൈഖ് അലിയ്യുൽ വാസ്വിതിയെ ഏൽപ്പിക്കണം. അല്ലാഹുവിന്റെയടുക്കൽ വലിയ പരിഗണനയുള്ളയാളാണദ്ദേഹം.' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അങ്ങ് പറഞ്ഞതുപോലെ ചെയ്യാം.' തിരുദൂതർ സ്വപ്നത്തിൽ പറഞ്ഞതുപോലെ നാല്പതാം ദിവസം കുഞ്ഞ് ജനിക്കുകയും ശൈഖ് അലിയ്യുൽ വാസ്വിതിയുടെ ശിക്ഷണത്തിൽ വളരുകയും ചെയ്തു.

പണ്ഡിതരും നേതാക്കളും പൊതുജനങ്ങളുമൊക്കെയായി ഒരു ലക്ഷത്തോളം സന്ദർശകർ ഓരോ ദിവസവും മഹാനവർകളുടെ സന്നിധിയിലെത്തിയിരുന്നു. ശൈഖവർകൾ വിരുന്നൂട്ടിയും അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുത്തും സാരോപദേശങ്ങൾ നൽകിയും പ്രാർത്ഥനകൾ കൊണ്ടനുഗ്രഹിച്ചും അവരെയെല്ലാം സ്വീകരിച്ചു.

## തിരുകരം ചുംബിച്ചപ്പോൾ

ഹിജ്റ 555 ൽ ഹജ്ജിന് പുറപ്പെട്ട ശൈഖ് രിഫാഈ(റ) മദീനയിൽ ഉപ്പാപ്പയായ തിരുനബി(സ)യെ സന്ദർശിക്കുകയും സലാം ചൊല്ലുകയും ചെയ്തു. ശേഷം ഒരു കവിത ആലപിച്ചു. അതിന്റെ ആശയം ഇങ്ങനെയാണ്:

'വിദൂരതയിൽ നിന്ന് ഞാനെന്റെ ആത്മാവിനെ ഇങ്ങോട്ട് അയക്കാറുണ്ടായിരുന്നല്ലോ. എനിക്കു പകരം അത് ഭൂമിയിൽ ചുംബനങ്ങൾ അർപ്പിക്കുമായിരുന്നല്ലോ. ഇപ്പോൾ ഇതാ ഞാൻ തന്നെ അങ്ങയുടെ മുമ്പിൽ എത്തിയിരിക്കുന്നു. അങ്ങയുടെ വലതുകരം നീട്ടിത്തരൂ, എന്റെ ചുണ്ടുകൾ ഞാനതിലൊന്നു ചേർത്തു വെച്ചോട്ടെ...'

ഉടനെ തിരുദൂതരുടെ ഖബർ ശരീഫിൽനിന്ന് കൈ പുറത്തേക്കു വരികയും ഒരു ലക്ഷത്തോളം ആളുകളുടെ സാന്നിധ്യത്തിൽ ശൈഖ് രിഫാഈ(റ) അതിൽ ചുംബിക്കുകയും ചെയ്തു. ശൈഖ് അബ്ദുൽ ഖാദിർ ജീലാനി(റ), ശൈഖ് ഹയാതുബ്നു ഖൈസ്(റ), ശൈഖ് അദിയ്യുബ്നു മുസാഫിർ(റ) തുടങ്ങിയ നിരവധി പ്രമുഖർ ഈ സംഭവത്തിന് സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഈ സംഭവം നിരവധി പേർ ഉദ്ധരിച്ചിട്ടുണ്ടെന്നും വിശ്വാസികൾക്കിടയിൽ സുവിദിതമാണെന്നും ഇമാം സുയൂത്വി(റ) സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

## സേവനത്തിന്റെ മധുരം


വൈജ്ഞാനിക സേവനത്തിനിടയിലും സമൂഹത്തിലെ പാവപ്പെട്ടവരെ പരിഗണിക്കാനും അവർക്ക് സേവനം ചെയ്യാനും ശൈഖ് രിഫാഈ(റ) സമയം കണ്ടെത്തി. സ്വന്തമായി വിറക് ശേഖരിച്ച് കെട്ടുകളാക്കി വിധവകളുടെയും പാവപ്പെട്ടവരുടെയും ആശ്രിതരുടെയും ഭവനങ്ങളിൽ എത്തിച്ചുകൊടുത്തു. അന്ധരായവർക്ക് പാദുകങ്ങൾ എടുത്തുകൊടുക്കുകയും കൈ

പിടിച്ച് ലക്ഷ്യസ്ഥാനത്തേക്കെത്തിക്കുകയും ചെയ്തു. കിടപ്പുരോഗികളെയും മറ്റും സന്ദർശിച്ച് ഭക്ഷണം നൽകുകയും വസ്ത്രങ്ങൾ അലക്കിക്കൊടുക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. എവിടെയെങ്കിലും ഒരു രോഗിയുണ്ടെന്നറിഞ്ഞാൽ എത്ര വിദൂരത്താണെങ്കിലും അവരെ സന്ദർശിക്കും. രോഗശമനത്തിന് പ്രാർത്ഥിക്കുകയും അവരോട് പ്രാർത്ഥിക്കാനാവശ്യപ്പെടുകയും ചെയ്യും. അനാഥകളെ സംരക്ഷിക്കുന്നതിൽ ശൈഖ് രിഫാഈ(റ) പ്രത്യേകം താൽപര്യം കാണിച്ചിരുന്നു. 'അങ്ങേയറ്റത്തെ വിനയവും ജനസേവനതാത്പര്യവുമാണ് ശൈഖ് രിഫാഈ(റ)വിന് ഉന്നതമായ പദവികൾ ലഭിക്കാൻ കാരണം' എന്ന് നിരവധി മഹാന്മാർ പറഞ്ഞതായിക്കാണാം. അറിവിന്റെ അഹ്ലുകാരെ മഹാനവർകൾ ആദരിക്കുകയും 'ഇവരാണ് ഈ സമുദായത്തിന്റെ നെടുംതൂണുകൾ' എന്ന് പരിചയപ്പെടുത്തുകയും ചെയ്യാറുണ്ടായിരുന്നു.

## ആത്മീയതയുടെ ഉറവിടം

ഇബ്നുൽമുഹദ്ദബ്(റ) അജാഇബു വാസിത് എന്ന ഗ്രന്ഥത്തിൽ എഴുതുന്നു: 'ശൈഖ് രിഫാഈ(റ)വിന്റെ ജീവിതകാലത്തുതന്നെ അവിടുത്തെ ഖലീഫമാരുടെയും അവരുടെ ഖലീഫമാരുടെയും എണ്ണം ഒരു ലക്ഷത്തി എൺപതിനായിരം എത്തിയിരുന്നു. മുസ്‌ലിംകൾ അധിവസിക്കുന്ന പട്ടണങ്ങളിലും നാടുകളിലുമെല്ലാം രിഫാഈ സരണിയുടെ വാഹകരും സ്നേഹജനങ്ങളുമെത്തി എന്നത് മഹാനവർകളുടെ അത്യുന്നതാവസ്ഥയുടെ ഉദാഹരണമാണ്.' ശൈഖ് അൽഹാഫിള് ഇസ്സുദ്ദീനുൽ ഫാറൂസീ, ശൈഖ് അഹ്മദുൽ ബദവി, അബുൽഹസനുശ്ശാദുലീ, ഇമാം ദസൂഖി തുടങ്ങി ഇസ്‌ലാമികലോകത്ത് പ്രസിദ്ധരായ ഖുത്വുബുകളിൽ ഭൂരിഭാഗവും ആത്മജ്ഞാനത്തിന്റെ സ്ഥാനവസ്ത്രം നേടിയത് ശൈഖ് രിഫാഈ(റ) വഴിയാണെന്നു കാണാം.

വൈജ്ഞാനിക സേവനത്തിനിടയിലും സമൂഹത്തിലെ പാവപ്പെട്ടവരെ പരിഗണിക്കാനും അവർക്ക് സേവനം ചെയ്യാനും ശൈഖ് രിഫാഈ(റ) സമയം കണ്ടെത്തി. സ്വന്തമായി വിറക് ശേഖരിച്ച് കെട്ടുകളാക്കി വിധവകളുടെയും പാവപ്പെട്ടവരുടെയും ആശ്രിതരുടെയും ഭവനങ്ങളിൽ എത്തിച്ചുകൊടുത്തു. അന്ധരായവർക്ക് പാദുകങ്ങൾ എടുത്തുകൊടുക്കുകയും കൈ പിടിച്ച് ലക്ഷ്യസ്ഥാനത്തേക്കെത്തിക്കുകയും ചെയ്തു.



അതുകൊണ്ടുതന്നെ, പിൽക്കാലത്ത് മഹാനവർകൾ 'ശൈഖുത്വരാഇഖ്', 'ഉസ്താദുൽ ജമാഅ', 'ശൈഖുൽ കബീർ' എന്നീ പേരുകളിൽ പ്രസിദ്ധനായി.

## രചനകൾ

രിഫാഈ ശൈഖ്(റ) നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അവയിലധികവും താർത്താരികളുടെ അധിനിവേശത്തിൽ നാമാവശേഷമായി. 'ഹാലതു അഹ്‌ലിൽ ഹഖീഖതി മഅല്ലാഹ്', 'അസ്സ്വിറാതുൽ മുസ്തഖീം', 'ശറഹുത്തൻബീഹ്', 'അൽ ബുർഹാനുൽ മുഅയ്യദ്', 'അൽ ബഹ്ജ', 'അത്ത്വരീഖു ഇലല്ലാഹ്' തുടങ്ങിയവ പ്രസ്തുത ആക്രമത്തെ അതിജീവിച്ച രചനകളാണ്.

## രോഗം, വിയോഗം

അറുപത്തിയാറാം വയസ്സിൽ ശൈഖ് രിഫാഈ(റ)വിന് രോഗം ബാധിച്ചു. ഒരുമാസത്തിലധികം രോഗശയ്യയിൽ വേദനസഹിച്ചു കിടപ്പിലായെങ്കിലും മഹാനവർകൾ പൊറുതികേട് കാണിക്കുകയോ പരിഭവം പറയുകയോ ചെയ്തില്ല. പതിവായി അനുഷ്ഠിച്ചിരുന്ന ആരാധനാകർമങ്ങൾക്ക് പ്രയാസഘട്ടത്തിലും ഭംഗം വരുത്തിയില്ല. ഹിജ്റ 578 ജമാദുൽ ഊലാ പന്ത്രണ്ട് വ്യാഴാഴ്ച ഇഹലോകവാസം വെടിഞ്ഞ മഹാനവർകൾ ഉമ്മയുടെ പിതാവായ ശൈഖ് യഹ്‌യന്നജ്ജാരിയുടെ സമീപത്ത് ഉമ്മുഅബീദയിലാണ് അന്ത്യവിശ്രമം കൊള്ളുന്നത്.

## രിഫാഈമാല

ശൈഖ് രിഫാഈ(റ)വിന്റെ ജീവിതചരിത്രം, വ്യക്തിത്വം, ആത്മീയ നേതൃത്വം, കർമ്മനിരതമായ ജീവിതം, വൈജ്ഞാനിക സേവനം, കറാമത്തുകൾ എന്നിവയെല്ലാം കോർത്തെടുത്ത പ്രകീർത്തന കാവ്യമാണ് കേരളക്കരയിൽ കേളികേട്ട രിഫാഈ മാല. പുണ്യാത്മാക്കളുടെ കർമാനുഷ്ഠാനങ്ങൾ അടുത്തറിയാനും അവരുടെ ജീവിതചര്യകളും തിരുമൊഴികളും പഠിക്കാനും ജീവിതത്തിൽ പകർത്താനും അവരെക്കുറിച്ച് വിരചിതമായ മാലകൾ വിശ്വാസികൾക്ക് ഏറെ പ്രയോജനകരമാണ്.

ലൈഫ്സ്റ്റൈൽ

# ട്രെന്റിനൊപ്പം നിൽക്കുമ്പോൾ ജാഗ്രത വേണം

എ.ഐ ഉപയോഗിച്ച് സ്വന്തം ഫോട്ടോകളും വീഡിയോകളും നിർമ്മിക്കുന്ന ട്രെന്റ് മുതിർന്നവർക്കിടയിലും ചെറുപ്പക്കാർക്കിടയിലും വ്യാപകമാണിന്ന്. ട്രെന്റുകൾക്കൊപ്പം നിൽക്കുന്നവർ ചില കാര്യങ്ങൾ ശ്രദ്ധിച്ചേ മതിയാവൂ.

- ഇന്റർനെറ്റിന്റെ കാലത്ത് പണത്തേക്കാളും സ്വർണ്ണത്തേക്കാളും വിലപിടിപ്പുള്ളത് വിവരങ്ങൾക്കാണ് അഥവാ ഡാറ്റകൾക്ക്.
- വ്യക്തിപരമായ ഒരു ഫോട്ടോ ഒരു ബയോമെട്രിക് രേഖയാണ്.
- എ.ഐയിലോ മറ്റു ഇന്റർനെറ്റ് പ്ലാറ്റ്ഫോമുകളിലോ അപ്‌ലോഡ് ചെയ്യപ്പെടുന്ന ഡാറ്റ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ റിസർച്ചിനോ മറ്റു ഡാറ്റാദുരുപയോഗങ്ങൾക്കോ വിധേയമായേക്കാം.
- ഡാറ്റാലീക്കേജ് അഥവാ വിവരങ്ങൾക്ക് ചോർച്ച സംഭവിച്ചാൽ ഇത്തരം ഫോട്ടോകൾ ഉപയോഗിച്ച് തട്ടിപ്പുകാർ സോഷ്യൽ മീഡിയയിൽ വ്യാജ അക്കൗണ്ടുകളും ഡീപ്ഫേക്ക് പോലുള്ള വ്യാജ ഫോട്ടോകളും വീഡിയോകളും നിർമിച്ചേക്കാം.
- ഇത്തരം ആപ്പുകളിൽ ഫോട്ടോ അപ്ലോഡ് ചെയ്യുന്നതിനു മുമ്പ് ആപ്പുകളുടെ ടേംസ് ആന്റ് പ്രൈവസി പോളിസികൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കേണ്ടതുണ്ട്.
- നിങ്ങളുടെ ഫോട്ടോകൾ ഗവേഷണങ്ങൾക്കോ പരസ്യങ്ങൾക്കോ മറ്റാവശ്യങ്ങൾക്കോ ഷെയർ ചെയ്യപ്പെടുമെന്ന സൂചനകളുണ്ടെങ്കിൽ അത്തരം ആപ്പുകൾ ഉപയോഗിക്കാതിരിക്കുക.
- അപ്‌ലോഡ് ചെയ്യുന്നതിന് മുമ്പ് ചിത്രത്തിൽ സേവ് ചെയ്തിരിക്കുന്ന ലൊക്കേഷൻ അടക്കമുള്ള മെറ്റാഡാറ്റകൾ പൂർണ്ണമായും നീക്കം ചെയ്യുക.
- സെൻസിറ്റീവ് ഡാറ്റകളോ തിരിച്ചറിയുന്ന മറ്റു വിവരങ്ങളോ അടങ്ങിയ ഫോട്ടോകൾ ഒരു കാരണവശാലും അപ്‌ലോഡ് ചെയ്യരുത്.
- വായ് വിട്ട വാക്കും കൈ വിട്ട കല്ലുമെന്നപോലെ ഒരുതവണ അപ്‌ലോഡ് ചെയ്യപ്പെട്ട ഡാറ്റകളും തിരിച്ചെടുക്കാൻ കഴിയില്ല.
- വ്യക്തിഗത വിവരങ്ങൾ വ്യക്തിയുടെ സ്വകാര്യതയാണ്. സ്വകാര്യത മൗലികാവകാശമാണ്. വ്യക്തിവിവരങ്ങളും സ്വകാര്യതയും സംരക്ഷിക്കുന്നതിന്നായി 'ദി ഡിജിറ്റൽ പേഴ്സണൽ ഡാറ്റ പ്രൊട്ടക്ഷൻ ആക്ട് 2023' നിലവിലുണ്ട്.

എ.ഐ ആപ്പുകൾ ഉപയോഗിച്ച് നിങ്ങളുടെ ഫോട്ടോകൾ ആരെങ്കിലും ദുരുപയോഗം ചെയ്താൽ സൈബർ പോലീസ് സ്റ്റേഷനിലോ 1930 എന്ന നമ്പറിലോ www.cybercrime.gov.in എന്ന വെബ്സൈറ്റ് മുഖേനയോ പോലീസിനെ വിവരമറിയിക്കാം.

ചോദ്യോത്തരം/ ശാഫിഈ

ചെറുശ്ശോല അബ്ദുൽ ജലീൽ സഖാഫി

# നബിദിനാഘോഷവും മതസൗഹൃദവും

***ചോദ്യം: ഈ വർഷത്തെ നബിദിനാഘോഷത്തിൽ ഒരു സ്ഥലത്ത് ഘോഷയാത്ര ക്ഷേത്രത്തിനു സമീപമെത്തിയപ്പോൾ ഘോഷയാത്രയിലെ അംഗങ്ങൾ ക്ഷേത്രത്തിന് സല്യൂട്ട് ചെയ്യുന്ന വീഡിയോ വൈറലായിരുന്നു. 10 വർഷത്തോളമായി ഇങ്ങനെ സല്യൂട്ട് ചെയ്യാറുണ്ടെന്ന് ഘോഷയാത്രയുടെ സംഘാടകർ അഭിമാനം പറയുന്നതും കേട്ടു. സത്യത്തിൽ ഇതിന്റെ ഇസ്‌ലാമിക വിധിയെന്താണ്? ഇത്തരം കാര്യങ്ങൾ പ്രോത്സാഹിക്കപ്പെടേണ്ടതാണോ?***

***സൈതലവി മുസ്‌ലിയാർ***

**ഉത്തരം:** അല്ല. അത്തരം കാര്യങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതല്ലെന്നു മാത്രമല്ല; അനുവദനീയവുമല്ല. വിശുദ്ധ ഇസ്‌ലാമിന്റെ അടിസ്ഥാനം തന്നെ തൗഹീദ് അഥവാ, ഏക ദൈവ വിശ്വാസമാണ്. ബഹുദൈവ വിശ്വാസത്തിന്റെ പ്രതീകങ്ങളെ ആദരിക്കുന്നതും സല്യൂട്ട് ചെയ്യുന്നതും തൗഹീദിനും ഈമാനിനും ചേർന്നതല്ല. റസൂലുല്ലാഹി(സ)യുടെ മീലാദാഘോഷ പരിപാടികളിൽ ഒരർത്ഥത്തിലും അത് സംഭവിക്കാൻ പാടില്ലായിരുന്നു. വിശുദ്ധഇസ്‌ലാം നിർദ്ദേശിച്ചിട്ടുള്ളതും അനുവദിച്ചിട്ടുള്ളതുമായ കർമ്മങ്ങളിലൂടെയാണ് മീലാദ് ആഘോഷിക്കേണ്ടത്.

റസൂലുല്ലാഹി(സ)യുടെ ജന്മമാസം എന്ന നിലയിൽ റബീഉൽ അവ്വലിൽ അവിടുന്ന് നിരോധിച്ച കാര്യങ്ങൾ സംഭവിക്കാതിരിക്കാൻ കൂടുതൽ ശ്രദ്ധ പാലിക്കലാണ് നബിദിനാഘോഷത്തിന്റെ ഏറ്റവും ചുരുങ്ങിയ രൂപം. എന്നിരിക്കെ നബിദിനാഘോഷത്തിൽ ബഹുദൈവ വിശ്വാസത്തിന്റെ പ്രതീകങ്ങളെയും പ്രതിമകളെയും ആദരിക്കുന്നതും സല്യൂട്ട് ചെയ്യുന്നതും ഒരു വിധത്തിലും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതല്ല.

ഹാഫിള് ഇബ്നുഹജർ പറയുന്നു: നബി(സ)യുടെ മദ്ഹുകൾ, നന്മയിലേക്ക് പ്രേരിപ്പിക്കുന്ന കാര്യങ്ങൾ പാടിപ്പറയൽ, അന്നദാനം, ഖുർആൻ പാരായണം തുടങ്ങിയ പുണ്യകർമ്മങ്ങളാണ് നബിദിനാഘോഷത്തിൽ നടത്തേണ്ടത്. ആ ദിവസത്തിന്റെ സന്തോഷമറിയിക്കുന്ന അനുവദനീയമായ കാര്യങ്ങളും ഉൾപ്പെടുത്താവുന്നതാണ്; എന്നതല്ലാതെ ഹറാമോ കറാഹത്തോ ഖിലാഫുൽഔലായോ ആയ കാര്യങ്ങൾ മൗലിദാഘോഷത്തിൽ പാടില്ല. (അൽഹാവി: 1/229)

ഹിജ്റ 737ൽ വഫാത്തായ ഇമാം ഇബ്നുൽ ഹാജ്(റ) എഴുതുന്നു: ഈ പുണ്യമാസത്തെ അഥവാ, റബീഉൽഅവ്വലിനെ ആദരിക്കേണ്ടത് സ്വദഖകളും സൽകർമ്മങ്ങളും വർദ്ധിപ്പിച്ചുകൊണ്ടാണ്. അതിനു കഴിയാത്തവർ ഏറ്റവും ചുരുങ്ങിയത് ഈ പുണ്യമാസത്തോടുള്ള ബഹുമാനമായി ഹറാമുകളും കറാഹത്തുകളും ഒഴിവാക്കാൻ ശ്രദ്ധിക്കണം. അത് എല്ലാ മാസത്തിലും വേണ്ടതാണെങ്കിലും ഈ പുണ്യമാസത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. (അൽമദ്ഖൽ: 2-5)

മതസൗഹാർദ്ദത്തെക്കുറിച്ചുള്ള ചിലരുടെ തെറ്റായ ധാരണകളാണ് ഇത്തരം സംഭവങ്ങൾക്ക് വഴിവെക്കുന്നതെന്നു വേണം കരുതാൻ. മറ്റു മതക്കാരുടെ മതപരമായ കാര്യങ്ങളിൽ പങ്കുചേരുന്നതും നമ്മുടെ വിശ്വാസത്തിനു വിരുദ്ധമായ കാര്യങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതും ക്ഷേത്രങ്ങൾക്കും പ്രതിമകൾക്കും സല്യൂട്ട് ചെയ്യുന്നതുമാണ് മതസൗഹാർദ്ദമെന്ന ധാരണ ശരിയല്ല. അത് ഇസ്‌ലാം അംഗീകരിക്കുന്നതല്ല. ശരിയല്ലെന്നു വിശ്വസിക്കുന്ന കാര്യങ്ങൾക്ക് പിന്തുണ നൽകൽ സൗഹാർദ്ദമല്ല; കാപട്യമാണ്. നമ്മുടെ വിശ്വാസങ്ങൾക്കു വിരുദ്ധമായ കാര്യങ്ങളിൽ നിന്ന് അകന്നുനിന്നുകൊണ്ടുതന്നെ മറ്റു മതക്കാരോട് മാന്യമായി ഇടപെടുകയും മാനുഷിക കാര്യങ്ങളിൽ സഹായിക്കുകയും സഹകരിക്കുകയും ആരോടും അനീതി കാണിക്കാതിരിക്കുകയും ചെയ്യലാണ് ഇസ്‌ലാം അംഗീകരിക്കുന്ന സൗഹാർദ്ദം.

അതിലപ്പുറം ജനങ്ങളുടെ കൈയടി വാങ്ങാനും സോഷ്യൽ മീഡിയയിൽ വൈറലാകാനും എന്തെങ്കിലും ചെയ്യുക എന്നത് മുസ്‌ലിമിന് പറ്റില്ല. ഇസ്‌ലാം നന്നായി പഠിച്ച മതപണ്ഡിതരുടെ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് മീലാദാഘോഷങ്ങൾ ചിട്ടപ്പെടുത്തേണ്ടത്, ഇല്ലെങ്കിൽ, വെളുക്കാൻ തേച്ചത് പാണ്ടായെന്ന സ്ഥിതിയിലാകും.

മറ്റു മതക്കാരുടെ മതപരമായ കാര്യങ്ങളിൽ പങ്കുചേരുന്നതും നമ്മുടെ വിശ്വാസത്തിനു വിരുദ്ധമായ കാര്യങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതും ക്ഷേത്രങ്ങൾക്കും പ്രതിമകൾക്കും സല്യൂട്ട് ചെയ്യുന്നതുമാണ് മതസൗഹാർദ്ദമെന്ന ധാരണ ശരിയല്ല. അത് ഇസ്‌ലാം അംഗീകരിക്കുന്നതല്ല. ശരിയല്ലെന്നു വിശ്വസിക്കുന്ന കാര്യങ്ങൾക്ക് പിന്തുണ നൽകൽ സൗഹാർദ്ദമല്ല; കാപട്യമാണ്.

***ചോദ്യം: ഹറാമായ കാര്യത്തിനുപയോഗിക്കും എന്നുണ്ടെങ്കിൽ വസ്തു വിൽക്കാൻ പാടില്ലെന്നാണല്ലോ. പുതിയകാലത്ത് ഡിജിറ്റൽ ഉപകരണങ്ങൾ, വസ്ത്രം തുടങ്ങി പല കച്ചവടരംഗത്തും ഇങ്ങനെ സംഭവിക്കുന്നുണ്ട്. ഒരു ബഹുസ്വര സമൂഹത്തിൽ ജീവിക്കുന്ന മുസ്‌ലിം ഈ സാഹചര്യത്തെ എങ്ങനെ സമീപിക്കും?***

**അബൂസഹ്റ അരീക്കോട്**

**ഉത്തരം:** ഹറാമിന് ഉപയോഗിക്കാൻ സാധ്യതയുള്ളതുകൊണ്ടു മാത്രം വിൽപ്പന ഹറാമാകുന്നില്ല. വാങ്ങുന്നവൻ ഹറാമിന് ഉപയോഗിക്കുമെന്ന ഉറപ്പോ മികച്ച ധാരണയോ ഉണ്ടെങ്കിൽ വിൽപ്പന ഹറാമാണ്. കേവലം സംശയമോ സാധ്യതയോ മാത്രമാണെങ്കിൽ കറാഹത്താണ്. പ്രതിമക്ക് ഉപയോഗിക്കാൻ സുഗന്ധം വാങ്ങുന്ന അമുസ്‌ലിമിനും അറവു നടത്താതെ ഭക്ഷിക്കാൻ മൃഗത്തെ വാങ്ങുന്ന അമുസ്‌ലിമിനും സുഗന്ധവും മൃഗവും വില്പന നടത്തൽ ഹറാമാണെന്ന് വിശദീകരിച്ച കർമശാസ്ത്ര ഇമാമുകൾ അതിനു കാരണമായി പറഞ്ഞിട്ടുള്ളത് 'കർമ്മപരമായ ഇത്തരം വിഷയങ്ങളിലെ നിയമങ്ങൾ അവർക്കും ബാധകമാണെന്നാണ്. അവരുടെ അത്തരം പ്രവർത്തനങ്ങൾ തെറ്റാണെന്ന് നാം വിശ്വസിക്കുന്നതിനാൽ പ്രസ്തുത കാര്യങ്ങളിൽ അവർക്ക് സഹായസഹകരണം നൽകൽ നമുക്ക് കുറ്റകരമാണ്.' എന്നാൽ, ഈ വിഷയത്തിൽ ഇമാമുകൾക്ക് വീക്ഷണവ്യത്യാസമുണ്ടെന്നും അത്തരം കർമ്മപരമായ കാര്യങ്ങൾ മുസ്‌ലിമായതിനു ശേഷം ബാധകമാകുന്നതാണെന്നും മുസ്‌ലിംകൾ അല്ലാത്തവർക്ക് അത്തരം നിയമങ്ങൾ ഇല്ലെന്നുമാണ് ഇമാം അബൂഹനീഫ(റ)വിന്റെ വീക്ഷണം എന്ന് ഫത്ഹുൽമുഈൻ ഉൾപ്പെടെയുള്ള ഗ്രന്ഥങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. (ഫത്ഹുൽ മുഈൻ-238)

ബഹുസ്വരസമൂഹത്തിലും മുസ്‌ലിം ഇസ്‌ലാം അനുസരിച്ചാണ് ജീവിക്കേണ്ടത്. മേൽ സൂചിപ്പിച്ചതുപോലെയുള്ള കർമ്മപരമായ കാര്യങ്ങളിൽ മദ്ഹബുകളിലെ വീക്ഷണവ്യത്യാസങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്നതിൽ തെറ്റില്ല.

***ചോദ്യം: ഭർത്താവ് ത്വലാഖ് ചൊല്ലിയ വിവരം ഒരു മാസത്തിനുശേഷമാണ് ഭാര്യ അറിഞ്ഞതെങ്കിൽ എന്നുമുതലാണ് ഭാര്യയുടെ ഇദ്ദ കണക്കാക്കേണ്ടത്? ത്വലാഖ് ചൊല്ലിയതു മുതലാണോ, വിവരം അറിഞ്ഞതുമുതലാണോ?***

**ബരീറ വെളിയങ്കോട്**

**ഉത്തരം:** ഭർത്താവ് ത്വലാഖ് ചൊല്ലിയ സമയം മുതൽ ഇദ്ദ കണക്കാക്കേണ്ടതാണ്.

***ചോദ്യം: ഒരാൾക്ക് ഒരു മകനും രണ്ട് പെൺമക്കളുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ മകൻ മരണപ്പെട്ടു. ആ മകന് ഒരു മകനും മകളുമുണ്ട്. അദ്ദേഹം തന്റെ സ്വത്ത് ജീവിതകാലത്തു തന്നെ പെൺമക്കൾക്കും മകന്റെ മകനും മകൾക്കും കൊടുക്കാനുദ്ദേശിക്കുകയാണെങ്കിൽ എങ്ങനെയാണ് കൊടുക്കേണ്ടത്? തുല്യമായിത്തന്നെ കൊടുക്കണമെന്നുണ്ടോ? ആണും പെണ്ണും വ്യത്യാസപ്പെടുത്തിയാണോ കൊടുക്കേണ്ടത്? ജീവിതകാലത്ത് അദ്ദേഹം കൊടുക്കുന്നില്ലെങ്കിൽ മരിച്ച മകന്റെ മകനും മകൾക്കും അദ്ദേഹത്തിന്റെ സ്വത്തിൽ അവകാശമുണ്ടാകുമോ?***

**ഉത്തരം:** ജീവിതകാലത്ത് പിതാവ് മക്കൾക്ക് സമ്പത്ത് നൽകുമ്പോൾ തുല്യമായി നൽകലാണ് സുന്നത്ത്. മക്കൾക്കും മകന്റെ മക്കൾക്കും ഒന്നിച്ചു നൽകുകയാണെങ്കിലും എല്ലാവർക്കും തുല്യമായി നൽകൽ തന്നെയാണ് സുന്നത്ത്. ചോദ്യത്തിൽ സൂചിപ്പിക്കപ്പെട്ട വ്യക്തി രണ്ടു പെൺമക്കൾക്കും മകന്റെ മകനും മകൾക്കും തുല്യമായി നൽകുകയാണ് വേണ്ടത്. അനന്തരാവകാശ നിയമം ജീവിതകാലത്ത് നൽകുന്നതിന് ബാധകമല്ല.

എന്നാൽ, കൂടുതൽ ആവശ്യമുള്ളവർക്ക് കൂടുതൽ നൽകുന്നതിന് വിരോധമൊന്നുമില്ല. തെറ്റായ കാര്യത്തിന് ഉപയോഗിക്കുമെന്ന വിചാരമുണ്ടെങ്കിൽ കൂട്ടത്തിലൊരാൾക്ക് നൽകാതിരിക്കലും തെറ്റല്ല. അത്തരം കാരണങ്ങളൊന്നുമില്ലാത്ത സാഹചര്യത്തിൽ ഏറ്റവ്യത്യാസം വരുത്തൽ കറാഹത്താണ്. (തുഹ്ഫ 6/307)

ജീവിതകാലത്ത് കൊടുത്തില്ലെങ്കിലും മരണപ്പെട്ട മകന്റെ മകനും മകൾക്കും അദ്ദേഹത്തിന്റെ മരണാനന്തരസ്വത്തിൽ അവകാശമുണ്ടാകുന്നതാണ്. അദ്ദേഹത്തിന് ആൺമക്കൾ ആരും ജീവിച്ചിരിപ്പില്ലാത്തതിനാൽ രണ്ട് പെൺമക്കളും മകന്റെ മകനും മകന്റെ മകളും അനന്തരാവകാശികളാണ്.

ചരിത്രാഖ്യായിക **മൈമൂന ബിൻത് ഹാരിസ്(റ) - 3**

**മുഹമ്മദ് പാറന്നൂർ**

# ആ രഹസ്യം പൊളിഞ്ഞപ്പോൾ

അബ്ബാസ് യുദ്ധാനുഭവം വിവരിക്കാൻ തുടങ്ങി: പോരാട്ടത്തിനിറങ്ങിയെങ്കിലും തുടക്കത്തിലേ പാദങ്ങൾ പതറുന്നുണ്ടായിരുന്നു. മറുഭാഗത്ത് വളരെ കുറച്ചു സൈന്യങ്ങളേ ഉണ്ടായിരുന്നുള്ളൂവെങ്കിലും എന്തോ ഒരു ഭയം; മരണം മണക്കുന്ന പോലെ. ഉത്ബത്തും ശൈബത്തുമൊക്കെ പടക്കളത്തിൽ വീണപ്പോൾതന്നെ മനസ്സിലായി ജീവനും കൊണ്ടു രക്ഷപ്പെടുന്നതാണ് നല്ലതെന്ന്. യുദ്ധം കൊടുമ്പിരികൊണ്ടപ്പോൾ രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടയിലാണ് ചെറിയൊരു മനുഷ്യൻ എനിക്കു നേരെ വന്നത്. അബൂയസ്ർ എന്ന ഉമയ്റാണത്. സാധാരണഗതിയിൽ ഒറ്റത്തട്ട് കൊടുത്താൽ തെറിച്ചുപോകാൻ മാത്രം ദുർബലൻ. നിമിഷങ്ങൾക്കകം അവനെന്നെ പിടിച്ചു കെട്ടിക്കളഞ്ഞു.

'ങേ! നല്ല തടിയും ഉയരവും കരുത്തുമുള്ള താങ്കളെ എങ്ങനെ ആ ചെറിയ മനുഷ്യൻ പിടിച്ചുകെട്ടി? നിങ്ങളുടെ കൈപ്പിടത്തിൽ ഒതുക്കാൻ മാത്രമല്ലേയുള്ളൂ അയാൾ?'

'അതാണ് അത്ഭുതം! അയാൾ എന്റെ മുമ്പിൽ വന്നപ്പോൾ എനിക്ക് തോന്നി, വലിയൊരു പർവ്വതം കൈയും കാലുമൊക്കെയായി വന്നു നിൽക്കുകയാണെന്ന്. അത്രയും വലിയൊരു മനുഷ്യൻ. അതോടെ പേടിച്ചു വിറച്ചു പോയല്ലോ ഞാൻ. ആ അവസ്ഥയിൽ അയാൾ എന്നെ കയറുകൊണ്ട് ബന്ധിച്ചുകളഞ്ഞു.'

അതുകേട്ടപ്പോൾ എല്ലാവർക്കും അത്ഭുതമായിരുന്നു. 'അല്ലാഹുവിൽ നിന്നുള്ള സഹായം തന്നെ' എന്ന് ഞങ്ങൾ പറഞ്ഞു. നേരത്തെ അബൂസുഫ്‌യാന്റെ വിവരണത്തിലുമുണ്ടായിരുന്നല്ലോ വെള്ളക്കുപ്പായമണിഞ്ഞ് അന്തരീക്ഷത്തിലൂടെ കുതിരകളെ പറപ്പിക്കുന്ന പടയാളികളെക്കുറിച്ച്!

**ഉത്ബത്തും ശൈബത്തുമൊക്കെ പടക്കളത്തിൽ വീണപ്പോൾതന്നെ മനസ്സിലായി ജീവനും കൊണ്ടു രക്ഷപ്പെടുന്നതാണ് നല്ലതെന്ന്. യുദ്ധം കൊടുമ്പിരികൊണ്ടപ്പോൾ രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടയിലാണ് ചെറിയൊരു മനുഷ്യൻ എനിക്കു നേരെ വന്നത്. അബൂയസ്ർ എന്ന ഉമയ്റാണത്. സാധാരണഗതിയിൽ ഒറ്റത്തട്ട് കൊടുത്താൽ തെറിച്ചുപോകാൻ മാത്രം ദുർബലൻ. നിമിഷങ്ങൾക്കകം അവനെന്നെ പിടിച്ചു കെട്ടിക്കളഞ്ഞു.**

അദ്ദേഹം തുടർന്നു: പിടിച്ചു കെട്ടിയെന്നല്ലാതെ അവരെന്നെ മർദ്ദിക്കുകയൊന്നും ചെയ്തില്ല. മാന്യമായ സമീപനമായിരുന്നു അവരുടേത്. യുദ്ധം കഴിഞ്ഞപ്പോൾ അവർ ബന്ദികളെ മദീനയിലെ പള്ളിക്കടുത്തേക്ക് കൊണ്ടുപോയി. അവിടെയുണ്ടായിരുന്ന തൂണുകളിലും ഈത്തപ്പനമരങ്ങളിലും ബന്ധിച്ചു. കെട്ടുപൊട്ടിച്ചു രക്ഷപ്പെട്ടുകളയരുതെന്ന് വിചാരിച്ചാവും, നന്നായി മുറുക്കിയാണ് കെട്ടിയിരിക്കുന്നത്. അതുകാരണം തീരെ അനങ്ങാൻ വയ്യ, നല്ല വേദനയും. രാത്രി എനിക്ക് ഉറക്കം വന്നതേയില്ല. പലപ്പോഴും ഞാൻ കരഞ്ഞുപോയി.

മനോവേദനയും ശരീരവേദനയും എന്നെ വല്ലാതെ തളർത്തിക്കള ഞ്ഞിരുന്നു.

പാതിരാത്രിയായപ്പോൾ ഒരാൾ വന്ന് എന്റെ കെട്ടുകൾ അഴിച്ചു. ഓടിപ്പോകാതിരിക്കാൻ മാത്രം ഒരു കെട്ട് ബാക്കിയാക്കി. അപ്പോൾ വലിയ ആശ്വാസം തോന്നി. ആദ്യം എന്റെ കെട്ടുകൾ മാത്രമേ അഴിച്ചിരുന്നുള്ളൂ. അൽ പനേരം കഴിഞ്ഞപ്പോൾ അയാൾ വന്ന് എല്ലാവരുടെയും കെട്ടുകൾ അഴിച്ചു. അങ്ങനെ എല്ലാവരും സുഖമായുറങ്ങി.

പിന്നീടാണറിഞ്ഞത്; എന്റെ തേങ്ങൽ സഹോദരപുത്രനായ മുഹമ്മദിനെ വല്ലാതെ അസ്വസ്ഥ നാക്കിക്കളഞ്ഞുവത്രെ. രാത്രി ഉറ ക്കം വരാതെ സഹോദരപുത്രൻ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്ന തുകണ്ട് അനുചരരിൽ ഒരാൾ വന്നു ചോദിച്ചുവത്രെ, അങ്ങെ ന്താണ് ഉറങ്ങാത്തതെന്ന്. 'അബ്ബാ സിന്റെ തേങ്ങൽ സഹിക്കാൻ നാവുന്നില്ല' എന്നായിരുന്നത്രെ അപ്പോഴത്തെ മറുപടി. അതുകേ ട്ട് അദ്ദേഹം വന്ന് എന്റെ കെട്ട ഴിച്ചതാണ്. അതറിഞ്ഞപ്പോൾ സഹോദരപുത്രൻ പറഞ്ഞുവത്രേ, 'അങ്ങനെയെങ്കിൽ എല്ലാവരു ടെയും കെട്ടഴിക്കണം' എന്ന്. നോക്കണേ, വല്ലാത്തൊരു നീതി ബോധം തന്നെ! എതിരിടാൻ വന്നവരോടൊക്കെ ഒരേ മനോഭാ വമാണല്ലോ നേതാവിനു വേണ്ട ത്. അവിടെ സ്വന്തം കുടുംബ ക്കാർക്ക് പ്രത്യേക ആനുകൂല്യം നൽകുന്നത് അനീതിയും അന്യാ യവുമാണല്ലോ. ഏതായാലും ഞാൻ അക്കൂട്ടത്തിലുണ്ടായതു കൊണ്ട് ആ തടവുകാർക്കെല്ലാം പ്രത്യേക ആനുകൂല്യം ലഭിച്ചുവെ ന്നു പറയാം.

അബ്ബാസിന്റെ വാക്കുകൾ ഞങ്ങൾ കൗതുകപൂർവ്വം ശ്രദ്ധിച്ചിരിക്കുകയായിരുന്നു. റസൂലുല്ലാഹി(സ)യെക്കുറിച്ച് മുമ്പത്തെക്കാൾ വളരെ ആദര വോടെയാണിപ്പോൾ സംസാ രം. അദ്ദേഹം കഥ തുടർന്നു: നേതാവിന്റെ പിതൃവ്യൻ എന്ന നിലയ്ക്ക് എന്നോട് മദീനക്കാ രെല്ലാം വലിയ ബഹുമാനമാണ് കാണിച്ചത്. അന്ന് അഖബയിൽ വച്ച് അവരിൽ പലരും എന്നെ



കണ്ടിരുന്നല്ലോ. യസ്രിബുകാരുമായുള്ള ഉടമ്പടിക്ക് മധ്യസ്ഥത വഹിച്ചത് ഞാനായിരുന്നല്ലോ. ആ ഓർമ്മകളുടെ അടിസ്ഥാന ത്തിലാവാം എന്നെ മോചനദ്രവ്യമൊന്നും വാങ്ങാതെ വിട്ടയക്ക ണമെന്ന് അവർ സഹോദരപുത്രനോട് ആവശ്യപ്പെട്ടത്. പക്ഷേ, ആ ആവശ്യം സഹോദരപുത്രൻ തള്ളിക്കളയുകയായിരുന്നു.

**അബ്ബാസിന്റെ വാക്കുകൾ ഞങ്ങൾ കൗതുകപൂർവ്വം ശ്രദ്ധിച്ചിരിക്കുകയായിരുന്നു. റസൂലുല്ലാഹി(സ)യെക്കുറിച്ച് മുമ്പത്തെക്കാൾ വളരെ ആദരവോടെയാണിപ്പോൾ സംസാരം. അദ്ദേഹം കഥ തുടർന്നു: നേതാവിന്റെ പിതൃവ്യൻ എന്ന നിലയ്ക്ക് എന്നോട് മദീനക്കാരെല്ലാം വലിയ ബഹുമാനമാണ് കാണിച്ചത്. അന്ന് അഖബയിൽ വച്ച് അവരിൽ പലരും എന്നെ കണ്ടിരുന്നല്ലോ. യസ്രിബുകാരുമായുള്ള ഉടമ്പടിക്ക് മധ്യസ്ഥത വഹിച്ചത് ഞാനായിരുന്നല്ലോ.**

'പറ്റില്ല. നിശ്ചിത മോചനദ്രവ്യം പൂർ ണമായും അദ്ദേഹം നമുക്ക് എത്തി ച്ചുതരണം. അതിൽ ഒരു ദിർഹം പോലും ഒഴിവാക്കിക്കൊടുക്കാൻ പറ്റില്ല.' സഹോദരപുത്രൻ ഇങ്ങനെ പറഞ്ഞപ്പോൾ എനിക്ക് വല്ലാത്ത നിരാശയായി.

'നിങ്ങൾ വലിയ സമ്പന്നനാ ണെന്ന് സഹോദരപുത്രനറിയാമ ല്ലോ.' ഉമ്മുൽഫള്‌ലിന്റെ ഇടപെടൽ ഗൗനിക്കാതെ അദ്ദേഹം തുടർന്നു: കുറഞ്ഞതൊന്നുമല്ല അവർ മോചന ദ്രവ്യമായി ആവശ്യപ്പെട്ടത്; 4000 ദിർ ഹമാണ്. എന്റെ മാത്രമല്ല; സഹോ ദരപുത്രന്മാരായ അഖീലിന്റെയും നൗഫലിന്റെയും സഖ്യകക്ഷിഅംഗ മായ ഉത്ബതുബ്നുഅംറിന്റെയും മോചനദ്രവ്യം കൂടി ഞാനെടുക്കണ മെന്ന് സഹോദരപുത്രൻ പറഞ്ഞ പ്പോൾ ഞാൻ വല്ലാതായിപ്പോയി. അല്പം കുറച്ചുതരാൻ അപേക്ഷി ച്ചില്ലെങ്കിലും ഒരു കാശിന്റെ വിട്ടു വീഴ്ച പോലുമുണ്ടായില്ല. പറഞ്ഞ സംഖ്യ പൂർണമായി കൊടുക്കേണ്ടി



വന്നു.

അപ്പോഴും എനിക്കൊരു പ്രതീക്ഷ യുണ്ടായിരുന്നു; മോചനദ്രവ്യം കൊടുത്തുകഴിഞ്ഞിട്ട് വീണ്ടും അപേക്ഷിച്ചാൽ കുറച്ചെങ്കിലും തിരിച്ചുതരുമെന്ന്. മറ്റുള്ളവരെ ബോധ്യപ്പെടുത്താനായിരിക്കും പൂർണ്ണസംഖ്യ വാങ്ങിയതെന്നായിരുന്നു ഞാൻ കരുതിയിരുന്നത്. അതനുസരിച്ച് തിരിച്ചുപോരുന്നതിനു മുമ്പേ ഞാൻ ചെന്നപേക്ഷിച്ചു: 'സഹോദരപുത്രാ, ദയവു കാണിക്കണം. വലിയൊരു സംഖ്യയാണല്ലോ നിങ്ങളിപ്പോൾ എന്നിൽ നിന്ന് വസൂലാക്കിയത്. അതിൽ കുറച്ചെങ്കിലും എനിക്ക് തിരിച്ചു തരണം.'

അപ്പോൾ സഹോദരപുത്രന്റെ മറുപടി ഇങ്ങനെയായിരുന്നു: 'ഇല്ല. അതിൽ അല്പം പോലും തിരിച്ചുതരില്ല. വലിയ സംഖ്യ മുടക്കി ഞങ്ങളെ തകർക്കാൻ ഇറങ്ങിത്തിരിച്ചതായിരുന്നല്ലോ നിങ്ങൾ.' സഹോദരപുത്രൻ പറഞ്ഞതു ശരിയാണ്. ഈ പോരാട്ടത്തിനായി വമ്പിച്ച സമ്പത്ത് തന്നെയാണ് ചെലവഴിച്ചത്. വാഹനങ്ങളും ആയുധങ്ങളുമൊരുക്കാനും പിന്നെ സൈന്യത്തിന് സദ്യയൊരുക്കാൻ ഒട്ടകത്തെ അറുക്കാനുമൊക്കെയുള്ള ചെലവ് ഭാരിച്ചതായിരുന്നല്ലോ. യാത്രയിൽ ഒരു ദിവസം 10 ഒട്ടകങ്ങളെയാണ് എന്റെ വകയായി അറുത്തത്. ഇതൊക്കെ അറിഞ്ഞിട്ടാവും ഈ കർശനനിലപാടെന്ന് ഞാൻ ഊഹിച്ചു.

സമ്പത്തിന്റെ നല്ലൊരു ഭാഗം ഇങ്ങനെയൊക്കെ തീർന്നുപോയല്ലോ, സഹോദരപുത്രനോട് കഷ്ടപ്പാടും ദുരിതവും പറഞ്ഞ് ഒന്നുകൂടി യാചിച്ചാൽ വല്ലതും തിരിച്ചുതരുമെന്ന് ഞാൻ പ്രത്യാശിച്ചു. അങ്ങനെയാണ് ഞാൻ വീണ്ടും സമീപിച്ചു പറഞ്ഞത്: 'സഹോദരപുത്രാ, താങ്കൾ എന്നെ ഖുറൈശികളിലെ പരമദരിദ്രനാക്കിത്തീർത്തിരിക്കുന്നിപ്പോൾ. ജീവിതകാലം മുഴുവൻ ജനങ്ങളോട് കൈകാട്ടിയിരക്കേണ്ട അവസ്ഥയിലാണ് ഞാനിപ്പോൾ.'

ഞാനിങ്ങനെ ദയനീയമാംവിധം കെഞ്ചിയപ്പോൾ സഹോദരപുത്രൻ ചോദിക്കുകയാണ്: 'പിതൃവ്യാ, ആ സ്വർണക്കട്ടികൾ പിന്നെ ആരുടേതാണ്? അന്ന് യുദ്ധത്തിനു പുറപ്പെടുന്നതിന്റെ തലേദിവസം രാത്രി എല്ലാവരും നിദ്രയിലാണ്ട സമയത്ത് നിങ്ങൾ ഉമ്മുൽഫള്‌ലിനെ വിളിച്ച് അതിരഹസ്യമായി കുറേ സ്വർണക്കട്ടികൾ ഏൽപ്പിച്ചില്ലേ? അപ്പോൾ നിങ്ങളിങ്ങനെ പറഞ്ഞില്ലേ: 'യുദ്ധത്തിനാണ് പോകുന്നത്. എന്തു സംഭവിക്കുമെന്ന് പറയാൻ കഴിയില്ല. എനിക്കെന്തെങ്കിലും ആപത്തു പറ്റിയാൽ നിനക്കും അബ്ദുല്ലക്കും ഉബൈദുല്ലക്കും ഫള്‌ലിനും പ്രയാസമില്ലാതെ ജീവിക്കാൻ ഇതു മതിയാവും. നല്ലവണ്ണം സൂക്ഷിച്ചുവച്ചോ. മറ്റാരോടും ഇതിനെക്കുറിച്ച് പറയരുത് കേട്ടോ.' ആ സ്വർണക്കട്ടികൾ പോരേ നിങ്ങൾക്ക് സുഖമായി ജീവിക്കാൻ?'

അതുകേട്ട് ഞാനാകെ അമ്പരന്നുപോയി. മൂന്നാമതൊരാളും അറിയാത്ത രഹസ്യമാണല്ലോ സഹോദരപുത്രൻ ഇപ്പോൾ വെളിപ്പെടുത്തിയത്. അത്ഭുതത്തോടെ, രഹസ്യം പുറത്തുചാടിയതിലുള്ള വിഷണ്ണതയോടെ ഞാൻ ചോദിച്ചു പോയി: 'അല്ല, താങ്കൾക്ക് ഈ വിവരം ആരാണറിയിച്ചു തന്നത്?'

'എന്റെ നാഥൻ അറിയിച്ചു തന്നതാണ്' എന്നായിരുന്നു സഹോദരപുത്രന്റെ മറുപടി. അപ്പോൾ ഞാൻ പറഞ്ഞുപോയി: 'താങ്കൾ സത്യപ്രവാചകനാണെന്നും അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. മറ്റൊരാളും അറിയാത്ത ആ രഹസ്യം താങ്കളറിഞ്ഞല്ലോ! താങ്കളുടെ കാര്യത്തിൽ എനിക്ക് ചില സംശയങ്ങൾ ബാക്കിയുണ്ടായിരുന്നു; ഇപ്പോഴിതാ അതെല്ലാം തീർന്നിരിക്കുന്നു.'

അബ്ബാസിന്റെ ഈ വാക്കുകൾ കേട്ടപ്പോൾ ഉമ്മുൽഫള്‌ൽ മാത്രമല്ല, ഞങ്ങളെല്ലാവരും ഹർഷപുളകിതരായിപ്പോയി. അല്ലാഹുവിനെ സ്തുതിച്ചു. അദ്ദേഹം മുസ്‌ലിമായിരിക്കുന്നല്ലോ. ഇനി ഞങ്ങളുടെ വിശ്വാസം തുറന്നു പറയാമല്ലോ. പക്ഷേ! (തുടരും)

**'യുദ്ധത്തിനാണ് പോകുന്നത്. എന്തു സംഭവിക്കുമെന്ന് പറയാൻ കഴിയില്ല. എനിക്കെന്തെങ്കിലും ആപത്തു പറ്റിയാൽ നിനക്കും അബ്ദുല്ലക്കും ഉബൈദുല്ലക്കും ഫള്‌ലിനും പ്രയാസമില്ലാതെ ജീവിക്കാൻ ഇതു മതിയാവും. നല്ലവണ്ണം സൂക്ഷിച്ചു വച്ചോ. മറ്റാരോടും ഇതിനെക്കുറിച്ച് പറയരുത് കേട്ടോ.' ആ സ്വർണക്കട്ടികൾ പോരേ നിങ്ങൾക്ക് സുഖമായി ജീവിക്കാൻ?'**

നോവൽ

മുജ്തബ നസ്വീഹ്

## അസർമുല്ലപ്പൂക്കൾ 12

# പ്രേമം കൊണ്ടുവന്ന ശൈഥില്യം

രാത്രി വളരെ വൈകിയാണ് ഇക്ക വന്നത്. പതിവില്ലാത്തതാണ്. സാധാരണ, പള്ളിയിൽ നിന്ന് ഇശാനിസ്കാരം കഴിഞ്ഞാണെത്തുക. പിന്നെ, എല്ലാവരും ഒന്നിച്ചിരുന്നാണ് ഭക്ഷണം കഴിക്കുക. ആ വേളയിലാണ് പരസ്പരം വർത്തമാനങ്ങൾ പങ്കുവെക്കാറുള്ളത്. കഴിഞ്ഞദിവസത്തെ അനിഷ്ടസംഭവത്തോടെ ആ പതിവുകളെല്ലാം തെറ്റിപ്പോകുമോ എന്നാശങ്കയുണ്ടായിരുന്നു. ഇന്നങ്ങനെത്തന്നെ സംഭവിച്ചല്ലോ! ജമീല നേരത്തെ വന്നു ഭക്ഷണം വിളമ്പിക്കഴിച്ചു മുറിയിൽ കടന്ന് വാതിലടച്ചു. ഉമ്മാക്കും ഉപ്പാക്കും ഭക്ഷണം വിളമ്പിയപ്പോൾ അവർ ക്ഷണിച്ചതാണ് കൂടെ കഴിക്കാൻ. ഇക്ക വരാതെ കഴിക്കുന്നതെങ്ങനെ?


വിശപ്പോടെ കാത്തിരിക്കുകയായിരുന്നല്ലോ. ക്ഷീണിതനായാണ് വന്നു കയറിയത്. മുഖം മ്ലാനമാണ്. സാധാരണയുള്ള പുഞ്ചിരിയും കുസൃതിവാക്കുകളുമൊന്നുമില്ല. സലാം പറഞ്ഞു നേരെ ബെഡ്റൂമിലേക്ക് നടന്നപ്പോൾ ഉള്ളൊന്നു കാളി, പടച്ചോനേ, നല്ല നിലയിലല്ലല്ലോ ഇന്നത്തെ അവസ്ഥ!

രാവിലെ ഇറങ്ങുമ്പോഴാണ് ജമീല എഴുതിത്തന്ന അഡ്രസ്സ് കൈമാറിയത്. 'ജമീല തന്നതാണ്. അവൾക്കൊരാളെ ഇഷ്ടാണത്രെ. അന്വേഷിച്ചുനോക്കാൻ അഡ്രസ്സ് എഴുതിത്തന്നതാ.' പറയുമ്പോൾ സ്വരത്തിൽ ഒരു വിറയലുണ്ടായിരുന്നു. രാത്രി തന്നെ പറയണം എന്നു വിചാരിച്ചതായിരുന്നല്ലോ എല്ലാം. പക്ഷേ, ഇക്കയോട് പറയാൻ ഒരു മടി; ലജ്ജയായിരിക്കാം. പിന്നെ, ഒരു ഭയവും. 'അന്വേഷിച്ചിട്ട് നിങ്ങൾക്കൊക്കെ ഇഷ്ടമായാലും ഇല്ലെങ്കിലും എനിക്കവൻ തന്നെ മതി' എന്നാണല്ലോ അവൾ പറഞ്ഞത്.

ഇക്ക അന്വേഷിക്കാൻ പോയിട്ടുണ്ടാവും. അതുകാരണമായിരിക്കും വരാനിത്രയും വൈകിയത്. എങ്കിൽ, അന്വേഷണഫലം ഒട്ടും തൃപ്തികരമാകാനിടയില്ല. അതിന്റെ പ്രതിഫലനമാണോ ഇക്കയുടെ മുഖത്ത് കാണുന്നത്? എങ്കിൽ ഇനി എന്തെല്ലാമാണാവോ സംഭവിക്കുക?

അറിയാൻ തിടുക്കമുണ്ട്; പക്ഷേ, ചോദിക്കാൻ ഭയം. ഭക്ഷണം വിളമ്പിവെച്ച് കഴിക്കാനിരുന്നപ്പോൾ ഇക്ക ചോദിച്ചു: 'നീ ഇതുവരെ ഭക്ഷണം കഴിച്ചില്ലേ?'

'ഇല്ല, ഇക്ക വന്നിട്ട് കഴിക്കാമെന്നു കരുതി.' പിന്നെ പ്രതികരണ



മൊന്നുമുണ്ടായില്ല. ഏറെനേരം കഴിഞ്ഞപ്പോൾ മെല്ലെ ചോദിച്ചു: 'എന്തേ വരാനിത്ര വൈകിയത്?'

'ഞാൻ അവനെക്കുറിച്ചന്വേഷിക്കാൻ പോയി.' അല്പം കടുത്ത സ്വരത്തിലായിരുന്നു പ്രതികരണം.

'എന്നിട്ട്?' ഒരു നെഞ്ചിടിപ്പോടെയാണ് ചോദിച്ചത്.

'ഒരു കൊള്ളരുതാത്തവൻ. അവൻ അവൾക്കും ചേരില്ല, നമ്മുടെ കുടുംബത്തിനും ചേരില്ല.' ഇക്കയുടെ സ്വരത്തിൽ രോഷം തിളയ്ക്കുന്നുണ്ടായിരുന്നു. പ്രതീക്ഷിച്ച പോലെത്തന്നെ! ജമീലയുടെ കാമുകനെ ഉൾക്കൊള്ളാൻ ഈ കുടുംബത്തിന് കഴിയില്ലെന്നുറപ്പ്. അതു മനസ്സിലാക്കിയായിരിക്കുമല്ലോ അവൾ നേരത്തെത്തന്നെ

**ഏറെനേരം കഴിഞ്ഞപ്പോൾ മെല്ലെ ചോദിച്ചു: 'എന്തേ വരാനിത്ര വൈകിയത്?' 'ഞാൻ അവനെക്കുറിച്ചന്വേഷിക്കാൻ പോയി.' അല്പം കടുത്ത സ്വരത്തിലായിരുന്നു പ്രതികരണം. 'എന്നിട്ട്?' ഒരു നെഞ്ചിടിപ്പോടെയാണ് ചോദിച്ചത്. 'ഒരു കൊള്ളരുതാത്തവൻ. അവൻ അവൾക്കും ചേരില്ല, നമ്മുടെ കുടുംബത്തിനും ചേരില്ല.'**

സൂചന നൽകിയത്. അവരുടെ വിവാഹത്തിന് ഇക്ക അനുകൂലിക്കാനിടയില്ല. പിന്നെ എന്താണുണ്ടാവുക?

മൗനം കനത്ത നിമിഷങ്ങൾ! ഒന്നും പ്രതികരിക്കാനാവാതെയങ്ങനെ ഇരുന്നുപോയി. ഭക്ഷണം കഴിച്ചെന്നു വരുത്തി ഇക്ക എഴുന്നേറ്റപ്പോഴാണ് മനസ്സിലായത്, അതുവരെ നിശ്ചലയായിരിക്കുകയായിരുന്നെന്ന്. കൈകഴുകുന്നതിനിടെ ഇക്ക പറഞ്ഞു: 'അവളോട് പറഞ്ഞേക്ക്, അവനെ വിട്ടു കളയാൻ! കൊള്ളരുതാത്തവനെ പുതിയാപ്ലയായി കൊണ്ടുവരാൻ കൂട്ടുനിൽക്കാൻ എനിക്ക് കഴിയില്ല. ദീനും ദുനിയാവും തറവാടും സമ്പത്തുമൊന്നുമില്ലാത്ത ഒരുത്തൻ. കാണാനിത്തിരി ഭംഗി പോലുമില്ല. ഈ പെണ്ണെങ്ങനെ അവന്റെ വലയിൽ പെട്ടുപോയെന്നാണ് ഞാൻ ആലോചിക്കുന്നത്.'

ഇക്കയുടെ സ്വരം ഉയർന്നു തുടങ്ങിയപ്പോൾ അടുത്തുചെന്നു പറഞ്ഞു: 'ഒന്നു പതുക്കെ പറയ്. അവള് കേൾക്കും.'

'കേൾക്കണം. അവളോടു തന്നെ കാര്യം തുറന്നു പറയണം; ഈ ബന്ധം നടക്കില്ലെന്ന്.' കടുത്ത സ്വരത്തിൽ പിന്നെയും എന്തൊക്കെയോ പറഞ്ഞുകൊണ്ടാണ് ഇക്ക റൂമിലേക്കു പോയത്. ജമീല ഉറങ്ങിയിട്ടുണ്ടാവില്ല. അവൾ എല്ലാം കേൾക്കുന്നുണ്ടാവും. ഇനി എന്തായിരിക്കും അവളുടെ പ്രതികരണം?

പാത്രം കഴുകുമ്പോഴും അടുക്കള വൃത്തിയാക്കുമ്പോഴുമൊക്കെ മനസ്സ് പിടയ്ക്കുകയായിരുന്നു. വിചാരങ്ങൾ ഇരമ്പിക്കയറുകയായിരുന്നു. എത്ര സന്തോഷത്തിലും സംതൃപ്തിയിലുമായിരുന്നു ഈ കുടുംബം കഴിഞ്ഞുവന്നിരുന്നത്! എന്തൊരു സ്നേഹവും സൗഹൃദവുമായിരുന്നു സഹോദരങ്ങൾ തമ്മിൽ! തമാശകൾ പറഞ്ഞും കുസൃതികൾ കാണിച്ചും കുശുമ്പ് പ്രകടിപ്പിച്ചുമൊക്കെ അവരെന്നും ഈ

വീട്ടിൽ സന്തോഷം നിറച്ചിരുന്നല്ലോ. പലപ്പോഴും മനസ്സിൽ തോന്നിയിട്ടുണ്ട്, ഇക്കയെപ്പോലുള്ള ഒരാങ്ങള എനിക്കില്ലാതെ പോയല്ലോ എന്ന്.

ഇപ്പോഴിതാ എല്ലാം തകർന്നിരിക്കുന്നു. പ്രേമത്തിന്റെ രൂപത്തിൽ ചെകുത്താൻ കുടുംബത്തിൽ സ്വാധീനമുറപ്പിച്ചിരിക്കുന്നു; സമാധാനം തകർക്കാൻ. ഇപ്പോൾ തന്നെ ചെകുത്താൻ വിജയിച്ചു കഴിഞ്ഞുവല്ലോ.

ജമീല ആദ്യമേ തന്നെ പറഞ്ഞു കഴിഞ്ഞു, ഈ ബന്ധത്തിൽ നിന്ന് പിന്മാറുകയില്ലെന്ന്. ഇനിയെന്താണ് സംഭവിക്കുക?

റൂമിൽ ചെന്നപ്പോൾ ഇക്ക കസേരയിൽ ചിന്തയിൽ മുഴുകിയിരിക്കുന്നതാണ് കണ്ടത്. പിന്നിലൂടെ ചെന്ന് ചുമലിൽ കൈവച്ചപ്പോൾ ഒന്ന് ഞെട്ടിയ പോലെ. എങ്ങനെയാണ് ഇക്കയെ സമാധാനിപ്പിക്കുക? എന്തു പറഞ്ഞാണ് ആ മനസ്സിനെ ഒന്ന് തണുപ്പിക്കുക?

'ഇക്കാ, നിങ്ങളിനി അതാലോചിച്ചു വിഷമിക്കുകയൊന്നും വേണ്ടാട്ടോ. എല്ലാറ്റിനും എന്തേലുമൊക്കെ പരിഹാരണ്ടാവല്ലോ.'

'എന്തു പരിഹാരം ന്നാ ഞാൻ ആലോചിക്കുന്നേ. നമ്മൾ പറഞ്ഞാൽ അവളാ ബന്ധത്തിൽ നിന്ന് പിന്മാറുമോ? പ്രേമബന്ധം മുറുകിയാൽ പിന്നെ നാശമാ. കണ്ടാലും കൊണ്ടാലുമൊന്നും പഠിക്കൂല. അവസാനം നാശത്തിലകപ്പെടുക പെണ്ണ് തന്നെയായിരിക്കും. എത്ര ഉദാഹരണങ്ങളാണ് നമ്മൾക്കു ചുറ്റുമുള്ളത്. ഏതായാലും റസിയ നാളെത്തന്നെ അവളോട് പറഞ്ഞേക്ക്, അവനെക്കുറിച്ചു കിട്ടിയ വിവരങ്ങളെല്ലാം വളരെ മോശമാണെന്ന്, അവർ തമ്മിലുള്ള വിവാഹത്തിന് ഇക്കയ്ക്കും ഉമ്മയ്ക്കും ഉപ്പാക്കുമൊന്നും സമ്മതം കൊടുക്കാൻ കഴിയില്ലെന്ന്. വിവരവും തന്റേടവുമൊക്കെയുള്ള ഒരു പെൺകുട്ടിയായിരുന്നല്ലോ അവൾ.'

'ങാ, നേരം വെളുക്കട്ടെ, ഞാൻ പറയാം. ഇപ്പോൾ നമ്മൾക്കുറങ്ങാം.' മറ്റു ചില വർത്തമാനങ്ങൾ പറഞ്ഞ് മനസ്സ് തണുപ്പിക്കാനുള്ള ശ്രമമായി പിന്നെ.

*** *** ***

രാവിലെ ഉണർന്നപ്പോഴും മനസ്സ് തെളിഞ്ഞിരുന്നില്ല. ഇക്കയുടെ മുഖവും മ്ലാനമാണ്. അടുക്കളയിൽ ചെന്നപ്പോൾ ഉമ്മ കണ്ണീരൊഴുക്കിയിരിക്കുന്നതാണ് കണ്ടത്. മുറ്റമടിക്കാനിറങ്ങിയപ്പോൾ കണ്ടു, ഉപ്പ വരാന്തയിൽ താടിക്ക് കൈയും കൊടുത്ത് എന്തോ വിചാരത്തിലാണ്ടിരിക്കുന്നത്. മരണവീട്ടിലെന്നപോലെ എങ്ങും ദുഃഖമയം. വീട്ടിൽ എന്നും സന്തോഷം കൊണ്ടുവന്നിരുന്നവൾ ഇപ്പോൾ ദുഃഖവും വിതച്ചുകൊണ്ടിരിക്കുകയാണല്ലോ.

**“ 'എന്തു പരിഹാരം ന്നാ ഞാൻ ആലോചിക്കുന്നേ. നമ്മൾ പറഞ്ഞാൽ അവളാ ബന്ധത്തിൽ നിന്ന് പിന്മാറുമോ? പ്രേമബന്ധം മുറുകിയാൽ പിന്നെ നാശമാ. കണ്ടാലും കൊണ്ടാലുമൊന്നും പഠിക്കൂല. അവസാനം നാശത്തിലകപ്പെടുക പെണ്ണ് തന്നെയായിരിക്കും. എത്ര ഉദാഹരണങ്ങളാണ് നമ്മൾക്കു ചുറ്റുമുള്ളത്. ഏതായാലും റസിയ നാളെത്തന്നെ അവളോട് പറഞ്ഞേക്ക്, അവനെക്കുറിച്ചു കിട്ടിയ വിവരങ്ങളെല്ലാം വളരെ മോശമാണെന്ന്, അവർ തമ്മിലുള്ള വിവാഹത്തിന് ഇക്കയ്ക്കും ഉമ്മയ്ക്കും ഉപ്പാക്കുമൊന്നും സമ്മതം കൊടുക്കാൻ കഴിയില്ലെന്ന്.**

വൈകിയാണ് ജമീല റൂമിൽ നിന്നു പുറത്തുവന്നത്. കുളികഴിഞ്ഞ് ഡ്രസ്സ് മാറ്റി അടുക്കളയിലേക്കു വന്നപ്പോൾ ശ്രദ്ധിച്ചു, ആർക്കും മുഖം തരാത്ത അവളുടെ മട്ടും മാതിരിയും. രാത്രിയിൽ ഇക്ക പറഞ്ഞതെല്ലാം എല്ലാവരും കേട്ടിട്ടുണ്ടെന്ന് വ്യക്തം.

ബാഗെടുത്ത് ചുമലിൽ തൂക്കി പുറത്തിറങ്ങാനൊരുങ്ങിയപ്പോൾ മെല്ലെ അടുത്തേക്കു ചെന്നു. ഇക്ക പറഞ്ഞേൽപ്പിച്ച കാര്യമൊന്ന് അറിയിക്കണമല്ലോ. അങ്ങോട്ടെന്തെങ്കിലും പറയുന്നതിനുമുമ്പ് കടുത്ത സ്വരത്തിൽ അവളുടെ വായിൽ നിന്ന് വാക്കുകൾ പുറത്തുചാടി: 'ഇക്കയോട് പറഞ്ഞേക്ക്, എനിക്കവൻ മതിയെന്ന്. കൊള്ളരുതാത്തവനാണെങ്കിൽ എനിക്ക് കുഴപ്പമൊന്നുമില്ല. എന്റെ ജീവിതത്തിൽ ഇടപെടാൻ വരേണ്ടെന്ന് പറഞ്ഞേക്ക്. കല്യാണം കഴിച്ചു തരാൻ പറ്റില്ലെങ്കിൽ എന്തു ചെയ്യണമെന്ന് ഞങ്ങൾക്കറിയാം എന്നും പറയ്.'

കടുത്ത വാക്കുകൾ! സ്തംഭിച്ചു നിന്നുപോയി. നിലത്തമർത്തിച്ചവിട്ടി രോഷത്തോടെ പടിയിറങ്ങിപ്പോകുന്ന അവളെ ഏറെ നേരം നോക്കി നിന്നുപോയി, കണ്ണിൽ നിന്നു മയുന്നത് വരെ. മെല്ലെ തിരിഞ്ഞു നടക്കാനൊരുങ്ങിയപ്പോൾ കണ്ടു, തൊട്ടുപിന്നിൽ തന്നെ നിൽക്കുന്നുണ്ട് ഇക്കയും ഉമ്മയും ഉപ്പയുമെല്ലാം. അവൾ പറഞ്ഞത് എല്ലാവരും കേട്ടിട്ടുണ്ടെന്ന് വ്യക്തമാണ്. ഇനി ഞാൻ ഒന്നും പറയേണ്ടതില്ലല്ലോ എന്ന വിചാരത്തോടെ അടുക്കളയിലേക്ക് വലിയുമ്പോൾ പിന്നിൽ നിന്ന് നെടുവീർപ്പുകളുടെ ശബ്ദമേ കേൾക്കാനുണ്ടായിരുന്നുള്ളൂ. കുറച്ചു കഴിഞ്ഞപ്പോൾ ഉമ്മയുടെ കണ്ണീരോടെയുള്ള രോദനം കേട്ടു: 'പടച്ചോനെ ന്റെ മോൾക്ക് എന്തുപറ്റിപ്പോയി!'

അവിചാരിതമായി ആരോ മരിച്ചു പോയ വീട്ടിലെപ്പോലെയായിരുന്നു തുടർന്നുള്ള ദിവസങ്ങൾ. ആരും ഒന്നും സംസാരിക്കുന്നില്ല. മരവിച്ച മനസ്സുമായി എന്തൊക്കെയോ ചെയ്തു കൂട്ടുകയാണെല്ലാവരും. നേരത്തിനു ഭക്ഷണമുണ്ടാക്കുന്നുണ്ട്. പക്ഷേ, ആർക്കുമില്ല ഭക്ഷണത്തോട് താൽപര്യം. എന്തെങ്കിലും കഴിച്ചെന്നു വരുത്തി എഴുന്നേറ്റു പോവുകയാണ്. എല്ലാം തകിടം മറിഞ്ഞ പോലെ! ഇനിയെന്നാണാവോ ഈ വീട്ടിലെ മുഖങ്ങളിൽ പുഞ്ചിരി വിടരുക?

ആത്മയാനം – 11

അലി സഖാഫി പുൽപ്പറ്റ

# ആത്മീയ ലോകത്തെ രണ്ടാം പിറവി

അല്ലാഹുവിന്റെ ദാസന്മാരെ അവനിലേക്കടുപ്പിക്കുകയും സ്നേഹബദ്ധരാക്കുകയും ചെയ്യുന്നവരാണ് ആത്മീയഗുരുക്കന്മാർ. ഗുണകാംക്ഷയോടെ സാരോപദേശവുമായി ഭൂമിയിലൂടെ സഞ്ചരിക്കുന്നവരാണ് അല്ലാഹുവിനെ ഏറ്റവും ഇഷ്ടപ്പെട്ട അടിമകളെന്ന് ഒരു വചനത്തിൽ നബി(സ) ശപഥം ചെയ്തു പറയുന്നുണ്ട്. (ബൈഹഖി) ശൈഖന്മാരുടെ ഉന്നതപദവിയെയാണ് ഇതു സൂചിപ്പിക്കുന്നത്. സൂഫികളിലെ അത്യുന്നതരാണ് ശൈഖുമാർ. അവർ മതപ്രബോധനരംഗത്ത് പ്രവാചകന്മാരുടെ പ്രതിനിധികളാണ്.

അദ്ധ്യാത്മിക ഗുരു തന്റെ ശിഷ്യനെ തിരുദൂതരുടെ പാതയിൽ പ്രവേശിപ്പിക്കുകയാണു ചെയ്യുന്നത്. യഥാവിധി തിരുദൂതരെ പിന്തുടരുന്നവരെ അല്ലാഹു ഇഷ്ടപ്പെടും. ''നബിയേ, പറയുക; നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ അനുഗമിക്കുക. എന്നാൽ അല്ലാഹു നിങ്ങളെ സ്നേഹിക്കും'' എന്നാണ് ഖുർആൻ ഭാഷ്യം. (ആലുഇംറാൻ 31)

യഥാർത്ഥ ശൈഖ് അല്ലാഹുവിന്റെ പടയാളിയാണ്. അവനിലൂടെ അല്ലാഹു വിദ്യാർത്ഥികൾക്ക് സന്മാർഗം കാണിച്ചുകൊടുക്കുന്നു. സന്മാർഗം സിദ്ധിച്ചവരായതുകൊണ്ടാണ് മറ്റുള്ളവർക്കു വഴി കാണിക്കാൻ അവരർഹരായത്. ''അല്ലാഹു മാർഗദർശനം നൽകിയവരാണവർ. അതിനാൽ അവരുടെ മാർഗ്ഗം പിന്തുടരുക.'' (അൽഅൻആം 90)



യഥാർത്ഥ ശൈഖ് അല്ലാഹുവിന്റെ പടയാളിയാണ്. അവനിലൂടെ അല്ലാഹു വിദ്യാർത്ഥികൾക്ക് സന്മാർഗം കാണിച്ചുകൊടുക്കുന്നു. സന്മാർഗം സിദ്ധിച്ചവരായതുകൊണ്ടാണ് മറ്റുള്ളവർക്കു വഴി കാണിക്കാൻ അവരർഹരായത്. ''അല്ലാഹു മാർഗദർശനം നൽകിയവരാണവർ. അതിനാൽ അവരുടെ മാർഗ്ഗം പിന്തുടരുക.'' (അൽഅൻആം 90) അല്ലാഹു അതീന്ദ്രിയജ്ഞാനവും ആത്മീയ പ്രകാശവും നൽകി അവരെ മുത്തഖികളുടെ നായകരാക്കി.

അല്ലാഹു അതീന്ദ്രിയജ്ഞാനവും ആത്മീയപ്രകാശവും നൽകി അവരെ മുത്തഖികളുടെ നായകരാക്കി. ''എന്റെ ദാസൻ ഭൂരിഭാഗം സമയവും എന്റെ കാര്യത്തിൽ വ്യാപൃതനായാൽ അവന്റെ ലക്ഷ്യവും ആനന്ദവും എന്നെ സ്മരിക്കുന്നതിലായിത്തീരും. അപ്രകാരമായാൽ അവന് എന്നോട് പ്രണയമുണ്ടാവുകയും ഞാൻ അവനെ സ്നേഹിക്കുകയും ചെയ്യും. എനിക്കും

**പലവിധ ദുർഗുണങ്ങളിലും ദുരാഗ്രഹങ്ങളിലും അകപ്പെട്ട മനസ്സിനെ ആത്മാർത്ഥമായി പരിചരിക്കുകയും സദ്ഗുണങ്ങൾ പരിശീലിപ്പിക്കുകയും ചെയ്താൽ മനശ്ശാന്തി ലഭിക്കും. മനസ്സിന് സ്വസ്ഥതയും ഏകാന്തതയും കൈവന്നാൽ ജന്മസഹജമായ പാരുഷ്യവും ഊഷരതയും മറ്റു ദുസ്വഭാവങ്ങളും കൊഴിഞ്ഞുപോകും. അതോടെ അല്ലാഹുവിനു വഴിപ്പെടാനും ആരാധനയ്ക്കു വിധേയപ്പെടാനും മനസ്സും ദേഹവും സജ്ജമാകും.**



അവനുമിടയിലുള്ള മറ നീങ്ങും. ജനം എന്നെ സ്മരിക്കാൻ മറന്നാലും അവനതു മറക്കുകയില്ല. പ്രവാചകന്മാരുടെ വചനങ്ങളാണ് അവരുടെ വാക്കുകൾ. അവരാണ് യഥാർത്ഥ പോരാളികൾ. ഭൂവാസികൾക്ക് വല്ല ശിക്ഷയുമിറക്കാൻ ഞാൻ ഉദ്ദേശിക്കുന്ന പക്ഷം അവരെ ഓർത്ത് ഞാനതു തിരിച്ചുവിടും.'' (ഹിൽയതുൽഔലിയാഅ്) എന്ന് അല്ലാഹു പറഞ്ഞത് സൂഫി നായകന്മാരെക്കുറിച്ചാണ്.

ആത്മീയസരണിയിൽ പ്രവേശിക്കുന്ന വ്യക്തി സ്വദേഹത്തെ നിയന്ത്രിക്കാൻ അഭ്യസിക്കേണ്ടതുണ്ട്. പലവിധ ദുർഗുണങ്ങളിലും ദുരാഗ്രഹങ്ങളിലും അകപ്പെട്ട മനസ്സിനെ ആത്മാർത്ഥമായി പരിചരിക്കുകയും സദ്ഗുണങ്ങൾ പരിശീലിപ്പിക്കുകയും ചെയ്താൽ മനശ്ശാന്തി ലഭിക്കും. മനസ്സിന് സ്വസ്ഥതയും ഏകാന്തതയും കൈവന്നാൽ ജന്മസഹജമായ പാരുഷ്യവും ഊഷരതയും മറ്റു ദുസ്വഭാവങ്ങളും കൊഴിഞ്ഞുപോകും. അതോടെ അല്ലാഹുവിനു വഴിപ്പെടാനും ആരാധനയ്ക്കു വിധേയപ്പെടാനും മനസ്സും ദേഹവും സജ്ജമാകും. ഈ അവസ്ഥയെ സംബന്ധിച്ചാണ് വിശുദ്ധ ഖുർആൻ ''പിന്നെ അവരുടെ ചർമ്മങ്ങളും ഹൃദയങ്ങളും അല്ലാഹുവിനെ സ്മരിക്കുന്നതിലേക്കു മയപ്പെടും'' (അസ്സുമർ 22) എന്നു പറഞ്ഞത്.

മനുഷ്യമനസ്സ് ആത്മാവിനും മനസ്സിനുമിടയിലെ അവിഭാജ്യ മധ്യവർത്തിയാണ്. ദ്വിമുഖിയാണത്. ഒരു മുഖം ആത്മാവുമായും മറുമുഖം ദേഹവുമായും ആശയവിനിമയം നടത്തിക്കൊണ്ടിരിക്കുന്നു. മനസ്സ് ദേഹത്തെ വശപ്പെടുത്തുകയും ആത്മാവിലേക്ക് അടുപ്പിക്കുകയും ചെയ്താൽ മനസ്സിന് ശാന്തിയും സ്വസ്ഥതയും ലഭിക്കും. അതോടെ സാലികിന് (അദ്ധ്യാത്മിക വഴിയിൽ പ്രവേശിച്ചവൻ) ജോലിഭാരം കുറയും. ദേഹത്തെ നിയന്ത്രിക്കാൻ പാടുപെടേണ്ടി വരില്ല. അല്ലാഹുവിന്റെ കൽപ്പനകൾ സ്വീകരിക്കാൻ പൂർണ്ണ സജ്ജമാകും.

സ്വന്തം ദേഹത്തെ വരുതിയിലാക്കിയ ഹൃദയം മറ്റുള്ളവരുടെ മനസ്സുകളെ വശീകരിക്കാൻ തുടങ്ങും. ശിഷ്യന്മാരുടെയും സത്യസന്ധരായ സജ്ജനങ്ങളുടെയും ഹൃദയങ്ങളെ അവന്റെ ഹൃദയത്തിന്റെ സ്ഥാനത്ത് നിർത്തും. സ്വന്തം ഹൃദയമെന്നപോലെ അവരുടെ ഹൃദയത്തെ അവൻ നിയന്ത്രിക്കും. അല്ലാഹു അവരുടെ ഹൃദയങ്ങളെ സവിശേഷം ഇണക്കിച്ചേർക്കുന്നതു കൊണ്ടാണ് ഇതു സാധ്യമാകുന്നത്. ''ഭൂമിയിലുള്ള സർവ്വവും ചെലവഴിച്ചാലും അവരുടെ ഹൃദയങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കാൻ താങ്കൾക്കു കഴിയില്ല. പക്ഷേ, അല്ലാഹു അവർക്കിടയിൽ യോജിപ്പുണ്ടാക്കും.'' (അൽഅൻഫാൽ

63)

തന്റെ ആകർഷണ വലയത്തിലായാൽ പിന്നെ മുരീദിന്റെ ഹൃദയത്തെ ശൈഖ് ഏറ്റെടുക്കും. ആത്മബന്ധം സുദൃഢമായാൽ മാതാവും സന്താനവുമെന്ന പോലെ ഗുരുവിന്റെ അംശമായി ശിഷ്യൻ പരിണമിക്കും. ആത്മീയ പിറവിയാണത്. ''രണ്ടുപ്രാവശ്യം ജനിക്കാത്തവൻ ഉപരിലോകത്തെ രഹസ്യങ്ങൾ അറിയുകയില്ല'' എന്ന് ഈസാനബി(അ)യിൽ നിന്ന് ഉദ്ധരിച്ചത് കാണാം. നൈസർഗികവും ആത്മീയവുമായ രണ്ടു പിറവികളെയാണ് അത് അർത്ഥമാക്കുന്നത്. ഒന്നാം പിറവിയിലൂടെ ദൃശ്യ പ്രപഞ്ചവുമായും രണ്ടാം പിറവിയിലൂടെ അദൃശ്യ ലോകവുമായും മനുഷ്യൻ ബന്ധം സ്ഥാപിക്കുന്നു. ''അപ്രകാരം നാം ഇബ്റാഹീം നബിക്ക് വാനങ്ങളിലെയും ഭൂമിയിലെയും രഹസ്യ കാര്യങ്ങൾ കാണിച്ചു കൊടുത്തു. അദ്ദേഹം ദൃഢജ്ഞാനമുള്ളവരിൽ ഉൾപ്പെടാൻ വേണ്ടിയാണത്.'' (അൽഅൻആം 75)

പ്രസ്തുത ദ്വിതീയ പിറവിയിലൂടെയാണ് ദൃഢജ്ഞാനം പൂർണമാകുന്നത്. അതു വഴി നബിമാരുടെ അനന്തരാവകാശത്തിനുള്ള അർഹത നേടും. അവരുടെ പിന്മുറക്കാരാകാൻ അർഹത ലഭിക്കാത്തവർ എത്രമേൽ ബുദ്ധി സാമർത്ഥ്യവും പ്രതിഭാത്വവും ഉള്ളവരാണെങ്കിൽ പോലും ജനിക്കാത്തതിനു തുല്യമാണ്. മതത്തിന്റെ നനവും ആത്മീയ പ്രകാശവും ലഭിക്കാത്ത ബുദ്ധിക്ക് പ്രപഞ്ചത്തിന്റെ പരിധിക്കപ്പുറം കടക്കാനാവില്ല. പരീക്ഷിച്ചും നിരീക്ഷിച്ചും ലഭിക്കുന്ന അറിവുകളിൽ ചുരുണ്ടുകൂടാനേ അതിന് കഴിയൂ. ആത്മീയപ്രഭ ലഭിച്ചവർക്കേ നബിമാരുടെ അനന്തരസ്വത്തിന് അവകാശമുള്ളൂ.

തിരുനബി(സ)യുടെ വംശപരമ്പര രണ്ടർത്ഥത്തിലും അന്ത്യനാൾ വരെ നിലനിൽക്കും. ആന്തരികാർത്ഥപ്രകാരം അവിടുത്തെ അനന്തരസ്വത്ത് ജ്ഞാനികളിലേക്കാണ് എത്തിച്ചേരുക. കസീറുബ്നു ഖൈസ്(റ) പറയുന്നു: ''ഞാൻ ഒരിക്കൽ ഡമസ്കസിലെ പള്ളിയിൽ അബുദ്ദർദാഅ്(റ)വിന്റെ കൂടെ ഇരിക്കുകയായിരുന്നു. അപ്പോൾ ഒരാൾ വന്ന് അദ്ദേഹത്തോടു പറഞ്ഞു: 'അബുദ്ദർദാഅ്, ഞാൻ മദീനയിൽ നിന്നാണു വരുന്നത്, തിരുദൂതരുടെ പട്ടണത്തിൽ നിന്ന്. തിരുദൂതരിൽ നിന്നു ലഭിച്ച ഒരു വചനം താങ്കൾക്കറിയാമെന്ന വിവരം ലഭിച്ചതുകൊണ്ടാണു ഞാൻ വന്നത്.''

അബുദ്ദർദാഅ്(റ): ''അതോടൊപ്പം വല്ല കച്ചവടവും ലക്ഷ്യമുണ്ടോ?''

ആഗതൻ: ''ഇല്ല.''

അദ്ദേഹം: ''മറ്റെന്തെങ്കിലും ആവശ്യം?''

ആഗതൻ: ''ഇല്ല.''

അദ്ദേഹം: ''തിരുദൂതർ പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്; വല്ലവനും അറിവന്വേഷിച്ച് ഒരു വഴിയിൽ പ്രവേശിച്ചാൽ അതു കാരണം അവനെ അല്ലാഹു ഒരു സ്വർഗ്ഗീയ വഴിയിൽ പ്രവേശിപ്പിക്കും. നിശ്ചയം, മലക്കുകൾ വിദ്യാർത്ഥികൾക്കു വേണ്ടി അവരുടെ ചിറകുകൾ താഴ്ത്തിക്കൊടുക്കും. ഭുവന വാനങ്ങളിലുള്ളവരെല്ലാം അവർക്കുവേണ്ടി അല്ലാഹുവിനോട് മാപ്പിനപേക്ഷിക്കും; ജലാശയങ്ങളിലെ മത്സ്യങ്ങൾ പോലും! നിശ്ചയം, ചന്ദ്രന് മറ്റു നക്ഷത്രങ്ങളെക്കാൾ പ്രഭയുള്ളതുപോലെ വിദ്യാർത്ഥിക്ക് ആബിദിനെക്കാൾ മഹത്വമുണ്ട്. നിശ്ചയം, പണ്ഡിതന്മാരാണ് നബിമാരുടെ അനന്തരാവകാശികൾ. നബിമാർ സ്വർണ്ണനാണയമോ വെള്ളിനാണയമോ പാരമ്പര്യ സ്വത്തായി നീക്കി വെച്ചിട്ടില്ല. വിജ്ഞാനമാണ് അവരുടെ നീക്കിവെപ്പ്. അതിനാൽ ആരെങ്കിലും വിജ്ഞാനം കൈവശപ്പെടുത്തിയാൽ അവൻ തന്റെ പൈതൃകാവകാശം കൈവശപ്പെടുത്തി.'' (തിർമുദി)

ആദംനബി(അ) പാദാർത്ഥികമായി മനുഷ്യപിതാവായതുപോലെ അധ്യാത്മികമായും ആദ്യപിതാവാണ്. അല്ലാഹു ആദ്യമായി അറിവും തത്വജ്ഞാനവും (ഹിക്മത്) ആദം നബി(അ)ലാണു നിക്ഷേപിച്ചത്. ആ ജ്ഞാനപ്രകാശത്തെ ആദരിക്കാനാണ് മലക്കുകളോട് ആദമിനു മുമ്പിൽ സുജൂദ് ചെയ്യാൻ കൽപ്പിച്ചത്. പ്രസ്തുത ജ്ഞാനരേതസ്സ് തലമുറകളിലൂടെ നീങ്ങിക്കൊണ്ടിരിക്കുന്നു.

ശാരീരികമോഹങ്ങളും തഥൈവ. അദ്ദേഹം നശ്വരതയുടെ വൃക്ഷത്തിലേക്ക് (ശജറതുൽ ഫനാ) കൈ നീട്ടിയതു മുതൽക്കാണ് മോഹങ്ങളുടെ പിറവി. അനശ്വരതയുടെ വൃക്ഷത്തിൽ (ശജറതുൽഖുൽദ്) നിന്നാണ് വൈജ്ഞാനിക തുടർച്ച ലഭിക്കുന്നത്. അനശ്വരതയുടെ വൃക്ഷമെന്നു തെറ്റിദ്ധരിപ്പിച്ചാണല്ലോ ഇബ്ലീസ് നശ്വരതയുടെ വൃക്ഷത്തിലേക്കു മോഹിപ്പിച്ചത്.

തിരുനബി(സ)യുടെ പാരമ്പര്യധനം ആദ്ധ്യാത്മ ജ്ഞാനികളിലൂടെയാണ് കൈമാറ്റം ചെയ്യപ്പെടുന്നത്. ആത്മീയസരണിയിൽ പാദമൂന്നിയ ശിഷ്യന്മാരാണ് അവരുടെ സന്താനങ്ങൾ. ''എന്റെ ത്വരീഖത്തിൽ പ്രവേശിക്കുകയും എന്റെ സന്മാർഗം പിന്തുടരുകയും ചെയ്യുന്നവരാരോ അവരാണ് എന്റെ സന്തതികൾ'' എന്ന് ഇമാം സുഹ്റവർദി പലപ്പോഴും പറയാറുണ്ടായിരുന്നു.

ശൈഖുമാർ രണ്ടിലൊരു പാതയിലൂടെയാണ് ആത്മീയ ലോകത്തു പ്രവേശിക്കുന്നത്. ഒന്ന് മുഹിബ്ബുകളുടെ (സ്നേഹികളുടെ) മാർഗം. രണ്ട്: മഹ്ബൂബുകളുടെ (സ്നേഹിതരുടെ) മാർഗം. അല്ലാഹുവിനെ സ്നേഹിച്ച് കഠിനാധ്വാനത്തിലൂടെ അവന്റെ സാമീപ്യം നേടിയവരുടെ പാതയാണ് മുഹിബ്ബുകളുടെ മാർഗം. അല്ലാഹു സ്വാഭീഷ്ടപ്രകാരം തിരഞ്ഞെടുത്ത് ഉയർന്ന പദവിയിലേക്ക് ഉയർത്തപ്പെട്ടവരുടെ പാതയാണ് മഹ്ബൂബുകളുടെ മാർഗം. നബിമാർക്ക് ഇപ്രകാരമാണ് പ്രവാചകത്വം ലഭിച്ചത്.

ആത്മീയസരണിയിൽ പ്രവേശിച്ചവരെ നാലു വിഭാഗമാക്കി തരം തിരിക്കാം; സാലിക് മുജറദ്, മജ്ദൂബ് മുജറദ്, സാലിക് മുതദാറകുൻ ബിൽജദ്ബ, മജ്ദൂബ് മുതദാറകുൻ ബിസ്സുലൂക്.

ആത്മീയ ശിക്ഷണങ്ങളിലും ഇബാദതുകളിലും നിരതരായി അല്ലാഹുവിലേക്കടുക്കാൻ കഠിനപ്രയത്നം നടത്തുന്നവരാണ് ഒന്നാം വിഭാഗം- സാലിക് മുജറദ്. ഇവർ ആധ്യാത്മിക സരണിയിൽ പാദമൂന്നിയിട്ടേയുള്ളൂ, ദേഹേച്ഛയെ പൂർണ്ണമായി

**കഠിനമായ ആത്മ ശിക്ഷണ മുറകൾ അനുഷ്ഠിച്ചും ആത്മാർത്ഥമായി ആരാധനകൾ നിർവഹിച്ചും നിബന്ധനകൾ പാലിച്ചു കടമകൾ നിറവേറ്റിയും അല്ലാഹുവിന്റെ പ്രീതിയും സ്നേഹവും കരസ്ഥമാക്കിയവരാണു മൂന്നാം വിഭാഗം- സാലിക് മുതദാറകുൻ ബിൽജദ്ബ. ദിവ്യ സാമീപ്യത്തിന്റെ മധു നുകരുകയും പരിമളമാസ്വദിക്കുകയും പ്രപഞ്ച രഹസ്യങ്ങൾ ദർശിക്കുകയും ചെയ്തവർ. ഇവരിൽനിന്ന് നിഗൂഢജ്ഞാനങ്ങളുടെ അരുവിയൊഴുകും. ജനങ്ങൾ ഇവരിൽ ആകൃഷ്ടരാകും.**

കീഴ്പ്പെടുത്തിയിട്ടില്ല. അതിനാൽ ആത്മീയ ഗുരുക്കന്മാരാകാൻ ഇവർ യോഗ്യരല്ല.

സ്വപ്രയത്നമില്ലാതെ തന്നെ മനസ്സിന്റെ മറ നീങ്ങുകയും വെളിപാടു ജ്ഞാനം ലഭിക്കുകയും ദൃഷ്ടാന്തങ്ങൾ ദർശിക്കുകയും ചെയ്തവരാണു രണ്ടാം വിഭാഗം- മജ്ദൂബ് മുജറദ്. പക്ഷേ, പിന്നീടവർ സുകൃതങ്ങൾ വർദ്ധിപ്പിച്ച് കഠിനാധ്വാനം ചെയ്ത് കൂടുതൽ മുന്നേറുകയില്ല. അമലുകളിൽ വ്യാപൃതമാവുക എന്നത് ആത്മീയസിദ്ധിയുടെ സമ്പൂർണ്ണ ലക്ഷണമാണ്. അതിനാൽ ഇവരും ശൈഖുമാരാകാൻ പര്യാപ്തരല്ല.

കഠിനമായ ആത്മ ശിക്ഷണ മുറകൾ അനുഷ്ഠിച്ചും ആത്മാർത്ഥമായി ആരാധനകൾ നിർവഹിച്ചും നിബന്ധനകൾ പാലിച്ചു കടമകൾ നിറവേറ്റിയും അല്ലാഹുവിന്റെ പ്രീതിയും സ്നേഹവും കരസ്ഥമാക്കിയവരാണു മൂന്നാം വിഭാഗം- സാലിക് മുതദാറകുൻ ബിൽജദ്ബ. ദിവ്യ സാമീപ്യത്തിന്റെ മധു നുകരുകയും പരിമളമാസ്വദിക്കുകയും പ്രപഞ്ച രഹസ്യങ്ങൾ ദർശിക്കുകയും ചെയ്തവർ.

ഇവരിൽനിന്ന് നിഗൂഢജ്ഞാനങ്ങളുടെ അരുവിയൊഴുകും. ജനങ്ങൾ ഇവരിൽ ആകൃഷ്ടരാകും. ഇവരുടെ അകവും പുറവും സംശുദ്ധവും പ്രകാശിതവുമായിരിക്കും. ആൾക്കൂട്ടത്തിനിടയിലും ഏകാഗ്രത കൈവരിക്കും. ഭൗതിക പ്രലോഭനങ്ങൾക്കും പ്രകോപനങ്ങൾക്കും കീഴടങ്ങുകയില്ല. ഇവർ ആത്മീയ ഗുരുക്കന്മാരാകാൻ അർഹരാണ്. ഇവർക്ക് അനേകം അനുയായികളുമുണ്ടാകും. പക്ഷേ, മുഹിബ്ബുകളുടെ പാതയിലൂടെ ഉയർന്നുവന്ന ഇവർ ചിലപ്പോൾ സ്വന്തം അവസ്ഥയിൽ തളച്ചിടപ്പെട്ടവരായിരിക്കും. പൂർണ്ണത പ്രാപിക്കുകയില്ല.

ശൈഖാകാൻ ഏറ്റവും അർഹത നേടിയവർ നാലാം വിഭാഗമാണ്- മജ്ദൂബ് മുതദാറകുൻ ബിസ്സുലൂക്. അധ്വാനമില്ലാതെ നിധി കിട്ടിയതുപോലെ അല്ലാഹുവിന്റെ ഇഷ്ടത്തിനു പാത്രമായവർ. ദൈവാനുഗ്രഹത്താൽ മനസ്സിന്റെ മറ ഉയർത്തപ്പെടുകയും അകക്കണ്ണിലൂടെ പ്രപഞ്ച രഹസ്യങ്ങൾ ദർശിക്കുകയും സ്രഷ്ടാവിന്റെ അസ്തിത്വം ബോധ്യപ്പെടുകയും ജ്ഞാന പ്രകാശത്തിലൂടെ വിശ്വാസം ദൃഢമാവുകയും ചെയ്തവർ. ലൗകിക സുഖങ്ങൾക്കും സൗകര്യങ്ങൾക്കും ഇവരെ പ്രലോഭിപ്പിക്കാനാവില്ല. ഈ അവസ്ഥയിലെത്തിയാൽ ആരാധനകൾ ആനന്ദമാകും. സുകൃതങ്ങളിൽ മുഴുകുന്ന ദേഹവും സുഭാഷിതങ്ങൾ മാത്രം മൊഴിയുന്ന രസനയും ഇലാഹീ സ്മരണയിൽ നിമഗ്നമായ മനസ്സും സ്വന്തമാകും. മനസ്സു പോലെ ചർമ്മവും മൃദുലമാവും.

''അല്ലാഹു അതിവിശിഷ്ടമായ സന്ദേശം അവതരിപ്പിച്ചു. അതായത് പരസ്പരം സാദൃശ്യമുള്ളതും ആവർത്തിച്ചോതുന്നതുമായ വേദഗ്രന്ഥം. അത് ശ്രവിച്ചാൽ റബ്ബിനെ ഭയക്കുന്നവരുടെ ചർമ്മങ്ങൾ കോരിത്തരിക്കും. പിന്നെ അവരുടെ ചർമ്മങ്ങളും ഹൃദയങ്ങളും അല്ലാഹുവിന്റെ ദിക്റിലേക്കു മൃദുലമാകും.''(അസ്സുമർ 23)

മനസ്സും ശരീരവും ചർമ്മവും മൃദുലമായ ശൈഖിന്റെ ആത്മാവ് ഇലാഹീസന്നിധിയിലേക്ക് സദാ ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കും. ആത്മാവിനെ ഹൃദയവും ഹൃദയത്തെ ദേഹവും പിന്തുടരും. അകവും പുറവും ഒരേ താളത്തിൽ ചലിക്കും. ഒരു സംശയവും അവശേഷിക്കാത്ത വിധം സമ്പൂർണ്ണനാകും. അവസാനത്തെ മറയും നീങ്ങിയാലും ദൃഢവിശ്വാസത്തിൽ ഒരു വർദ്ധനവും വരാനിടയില്ലാത്ത വണ്ണം പൂർണ്ണത കൈവരുന്ന അവസ്ഥ. ഈ സ്ഥിതിയിലെത്തുന്ന ശൈഖ് ഉയർന്ന പദവികളെ നിയന്ത്രിക്കുന്നു. പദവികൾക്ക് അദ്ദേഹത്തിൽ ഒരധികാരവും ചെലുത്താൻ കഴിയില്ല.

സ്വതന്ത്രനായ ശൈഖ്, ദൃഢവിശ്വാസിയായ ആത്മജ്ഞാനി, വിമോചിതനായ മഹ്ബൂബ് എന്നീ വിശേഷണങ്ങൾക്ക് അർഹരാണവർ. അവരുടെ നോട്ടം ഔഷധമാണ്, വചനങ്ങൾ ശാന്തിദായകമാണ്. അവരുടെ അനക്കവും അടക്കവും അല്ലാഹുവിൽ ലയിച്ചു കൊണ്ടാണ്. അവരെ സംബന്ധിച്ചാണ് തിരുദൂതർ അല്ലാഹുവിൽ നിന്ന് ഇങ്ങനെ ഉദ്ധരിച്ചത്:

''ഒരു സമ്പൂർണ്ണ അടിമ ഐച്ഛിക കർമ്മങ്ങളാൽ എന്നിലേക്ക് അടുത്തുകൊണ്ടിരിക്കും. അങ്ങനെ ഞാൻ അവനെ സ്നേഹിക്കും. ഞാൻ അവനെ സ്നേഹിച്ചാൽ അവൻ കേൾക്കുന്ന കേൾവിയും കാണുന്ന കാഴ്ചയും സ്പർശിക്കുന്ന കരവും നടക്കുന്ന കാലും ഞാനാകും. അവനെന്നോട് വല്ലതും ചോദിച്ചാൽ ഞാനതു നൽകുക തന്നെ ചെയ്യും. അവനെന്നോട് അഭയം തേടിയാൽ ഞാൻ അവന് അഭയം നൽകും തീർച്ച...'' (ബുഖാരി, മുസ്‌ലിം)

ചോദ്യോത്തരം/ ഹനഫീ

ഡോ. അബ്ദുൽ ഹകീമിൽ കനാഫലി

# സ്ത്രീകളുടെ പെരുന്നാൾ നിസ്കാരം

***ചോദ്യം: വീട്ടിൽ വെച്ച് സ്ത്രീകൾ മയ്യിത്ത് നിസ്കരിക്കുന്നതിന്റെ വിധിയെന്താണ്?***
***ലബീഹ നാസർ, ചെറുതോണി***

**ഉത്തരം:** പാടില്ല. ആണായാലും പെണ്ണായാലും ഒരു മയ്യിത്തിനുവേണ്ടി ഒരു തവണ മാത്രമേ നിസ്കരിക്കാൻ പാടുള്ളൂ. മയ്യിത്ത്നിസ്കാരം ആവർത്തിക്കാൻ പാടില്ല. സ്ത്രീകൾ വീട്ടിൽവച്ച് മയ്യിത്ത് നിസ്കരിച്ചാൽ പിന്നീട് പുരുഷൻമാർക്ക് നിസ്കരിക്കാൻ കഴിയാതെ വരും. (റദ്ദുൽ മുഹ്താർ 1/104)

***ചോദ്യം: മറഞ്ഞ മയ്യിത്തിന്റെ മേൽ നിസ്കാരം അനുവദനീയമല്ലല്ലോ. എന്നാൽ, വെള്ളിയാഴ്ചകളിൽ ശാഫിഈ മഹല്ലുകളിൽ മറഞ്ഞ മയ്യിത്തിനു വേണ്ടി ഇമാം നിസ്കരിക്കുമ്പോൾ അതിൽ പങ്കെടുക്കൽ അനുവദനീയമാണോ?***
**സ്വലാഹുദ്ദീൻ, പത്തനംതിട്ട**

**ഉത്തരം:** ശാഫിഈമദ്ഹബ് തഖ്ലീദ് ചെയ്തുകൊണ്ട് ശാഫിഈ മദ്ഹബ് പ്രകാരം നിസ്കരിക്കുകയാണെങ്കിൽ ആകാം. അല്ലെങ്കിൽ പാടില്ല.

***ചോദ്യം: പെരുന്നാൾനിസ്കാരം സ്ത്രീകൾക്ക് നിർബന്ധമില്ലല്ലോ? എന്നാൽ, നിസ്കരിച്ചാൽ കുറ്റക്കാരാകുമോ?***
***സുലൈഖ, ആറ്റിങ്കൽ***

**ഉത്തരം:** അതേ. ജുമുഅനിസ്കാരം നിർബന്ധമാകുന്നവർക്ക് പെരുന്നാൾനിസ്കാരങ്ങളും നിർബന്ധമാണ്. ജുമുഅനിസ്കാരത്തിന്റെ ശർത്വുകൾ പെരുന്നാൾ നിസ്കാരങ്ങൾക്കും ബാധകമാണ്. ആയതിനാൽ, പെരുന്നാൾ നിസ്കാരം ജമാഅത്തായി മാത്രമേ നിർവഹിക്കാൻ പാടുള്ളൂ. (റദ്ദുൽ മുഹ്താർ 2/179-180) അതായത്, ജുമുഅനിസ്കാരം സ്ത്രീകൾക്ക് നിർബന്ധമില്ലാത്ത പോലെ പെരുന്നാൾ നിസ്കാരവും നിർബന്ധമില്ല. സ്ത്രീകൾ നിസ്കാരത്തിനായി വീടുവിട്ട് പുറത്തുപോകുന്നത് പാടില്ലാത്തതുകൊണ്ടാണ് ഈ നിസ്കാരങ്ങൾ അവർക്ക് നിർബന്ധമാകാതിരുന്നത്. (അല്ലുബാബ് പേ:55) ഏതൊരു കർമ്മവും നിബന്ധനകൾ പാലിക്കപ്പെടാതെ നിർവഹിക്കുന്നത് കുറ്റകരമാണ്.

***ചോദ്യം: ഇദ്ദ ഇരിക്കുന്ന സ്ത്രീ രോഗം ബാധിച്ച് ഹോസ്പിറ്റലിൽ അഡ്മിറ്റാകേണ്ടി വന്നാൽ എപ്രകാരമാണ് ഇദ്ദ പൂർത്തിയാക്കേണ്ടത്?***
***സജില അബ്ദുൽഖാദർ ഈരാറ്റുപേട്ട***

**ഉത്തരം:** ആശുപത്രിയിലാണെങ്കിലും അല്ലെങ്കിലും ഇദ്ദയുടെ സമയം പൂർത്തിയാകുന്നതോടെ ഇദ്ദ അവസാനിക്കുന്നതാണ്. അതായത്, ഇദ്ദയുടെ കാലയളവിൽ പാടില്ലാത്ത കാര്യങ്ങൾ സമയം പൂർത്തിയാകുന്നതോടെ അനുവദനീയമാകുന്നതാണ്. 'കാരണം, ഇദ്ദ നിശ്ചിതസമയം കഴിയലാണ്. പ്രസ്തുത സമയം കഴിഞ്ഞാൽ ഇദ്ദ പൂർത്തിയായി.' (അൽജൗഹറത്തുന്നയ്യിറഃ 4/301)

***ചോദ്യം: നിസ്കാരത്തിൽ മറന്നുകൊണ്ട് ഫാത്തിഹ രണ്ടു പ്രാവശ്യം ഓതിയാൽ സഹ്വിന്റെ സുജൂദ് ചെയ്യേണ്ടതുണ്ടോ?***
***ആദിൽ തെങ്ങണ***

**ഉത്തരം:** ആദ്യത്തെ രണ്ടു റക്അത്തിൽ തുടർച്ചയായി ഫാത്തിഹ രണ്ടു തവണ ഓതിയാൽ സഹ്വിന്റെ സുജൂദ് ചെയ്യൽ നിർബന്ധമാണ്. ഫാത്തിഹക്കുശേഷം സൂറത്ത് ഓതുകയും ശേഷം വീണ്ടും ഫാത്തിഹ ഓതുകയും ചെയ്താൽ സുജൂദ് നിർബന്ധമില്ല. അവസാനത്തെ രണ്ടു റക്അത്തിൽ ഫാത്തിഹ രണ്ടു തവണ ഓതിയാലും സുജൂദ് നിർബന്ധമില്ല. (അൽജൗഹറത്തുന്നയ്യിറഃ 1/302)

***ചോദ്യം: ഞങ്ങളുടെ നാട്ടിൽ സാധാരണ രണ്ടു പ്രാവശ്യം മയ്യിത്ത് കുളിപ്പിക്കാറുണ്ട്. മരണപ്പെട്ടതിനു ശേഷം ഒരു പ്രാവശ്യവും പള്ളിയിലേക്ക് കൊണ്ടുപോകുന്നതിനു മുമ്പായി മറ്റൊരു പ്രാവശ്യവും. ഇങ്ങനെ രണ്ടു പ്രാവശ്യം കുളിപ്പിക്കേണ്ടതുണ്ടോ?***
***നാസിറ ജലാൽ കാഞ്ഞിരപ്പള്ളി***

**ഉത്തരം:** ഇല്ല. മയ്യിത്ത് ഒരു തവണ കുളിപ്പിച്ച് കഫൻചെയ്ത് നിസ്കരിച്ച് മറവുചെയ്യുകയാണ് വേണ്ടത്. മയ്യിത്ത് കുളിപ്പിക്കൽ നിർബന്ധമാകാനുള്ള കാരണം, മരണം കൊണ്ട് മയ്യിത്തിന് ആശുദ്ധിയുണ്ടാകുന്നതുകൊണ്ടാണോ നജാസത്ത് ഉണ്ടാകുന്നതുകൊണ്ടാണോ എന്നതിൽ അഭിപ്രായ വ്യത്യാസമുണ്ട്. എന്നാൽ ആവർത്തിച്ചു കുളിപ്പിക്കൽ സുന്നത്ത് പോലുമില്ല.



ലൈഫ്സ്റ്റൈൽ

ജാശിർ കുന്നളം

# കൗമാരക്കാരെ മനസ്സിലാക്കാം

### 1. സ്നേഹം നൽകുക

ഹൃദയത്തിൽ സ്നേഹവും ദയയുമുള്ളവർക്ക് മാത്രമേ അത് മറ്റുള്ളവരോട് പ്രകടിപ്പിക്കാൻ സാധിക്കൂ. മാതാപിതാക്കൾ തങ്ങളുടെ മക്കളോടുള്ള സ്നേഹം വാക്കുകളിൽ മാത്രം ഒതുക്കാതെ, പ്രവൃത്തികളിലൂടെയും ബോധ്യപ്പെടുത്തണം. കുട്ടികളെ പരിഗണിക്കുന്നതും ചുംബിക്കുന്നതും സ്നേഹം പ്രകടിപ്പിക്കാനുള്ള ഏറ്റവും പ്രധാനപ്പെട്ട വഴികളാണ്. കുട്ടികളോടൊപ്പം തമാശ പറയുകയും കളിക്കുകയും ചിരിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. വീട്ടിൽ മക്കളുടെ ഇടയിൽ ഒരു കൊച്ചുകുട്ടിയെപ്പോലെ പെരുമാറുന്നത് അവരുമായി അടുപ്പം വളർത്താൻ സഹായിക്കും. പിതാവ് ചിരിക്കുകയോ തമാശ പറയുകയോ ചെയ്യാതെ എപ്പോഴും ഗൗരവക്കാരനായിരിക്കുന്നത് നല്ലതല്ല.

### 2. ക്ഷമയോടെ സമീപിക്കുക

കൗമാരം ആശയക്കുഴപ്പങ്ങളുടെയും വൈകാരികമായ പിരിമുറുക്കങ്ങളുടെയും കാലഘട്ടമാണ്. ഈ സന്ദർഭത്തിൽ രക്ഷിതാക്കൾക്ക് ഏറ്റവും അത്യാവശ്യമായ സമീപനം ക്ഷമയാണ്. അവരുടെ തെറ്റുകൾക്കും, ചിലപ്പോൾ ന്യായീകരിക്കാൻ കഴിയാത്ത പിടിവാശികൾക്കും മുന്നിൽ ക്ഷമയോടെ നിലകൊള്ളുന്നത് വലിയൊരു സുകൃതമാണ്. ഈയൊരു സമീപനം കുട്ടികളുടെ മനസ്സിൽ വിശ്വാസവും സുരക്ഷിതത്വബോധവും വളർത്തും. അത് അവരെ തുറന്നു സംസാരിക്കാനും, തെറ്റുകൾ തിരിച്ചറിഞ്ഞ് തിരുത്താനും പ്രേരിപ്പിക്കും. 'ക്ഷമ കൈപ്പുള്ളതാണ്, അതിന്റെ ഫലം മധുരമുള്ളതും.'

### 3. വിവേചനം ഒഴിവാക്കുക

എല്ലാ മക്കളെയും - ആണാവട്ടെ, പെണ്ണാവട്ടെ, സൗന്ദര്യമുള്ളവരാവട്ടെ, ഇല്ലാത്തവരാവട്ടെ - തുല്യമായി സ്നേഹിക്കുകയും പരിഗണിക്കുകയും ചെയ്യണം. മക്കൾക്കിടയിൽ വിവേചനം കാണിക്കുന്നത് ഇസ്‌ലാം കർശനമായി വിലക്കിയിട്ടുണ്ട്. അവഗണന കുട്ടിയുടെ മനസ്സിൽ വേദനയും വെറുപ്പും ഉണ്ടാക്കുകയും സഹോദരങ്ങൾക്കിടയിൽ വൈരാഗ്യത്തിനും അസൂയക്കും അവസരം സൃഷ്ടിക്കുകയും ചെയ്യും. മക്കളെ തുല്യ ദൃഷ്ടിയോടെ കാണേണ്ടത് അത്യാവശ്യമാണ്.

നബി(സ) ഒരു ഹദീസിലൂടെ

ഇതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നുണ്ട്. നുഅ്മാനുബ്നു ബശീർ (റ) പറയുന്നു: 'എന്റെ പിതാവ് എന്നെയും കൂട്ടി നബി(സ) യുടെ സവിധത്തിൽ ചെന്നു. എന്നിട്ടിങ്ങനെ പറഞ്ഞു: 'ഈ മകന് ഞാൻ എന്റെ അടിമയെ നൽകിയിരിക്കുന്നു.' ഉടനെ നബി(സ) ചോദിച്ചു: 'ഇതുപോലെ താങ്കളുടെ എല്ലാ മക്കൾക്കും നൽകിയിട്ടുണ്ടോ?' പിതാവ് പറഞ്ഞു: 'ഇല്ല.' നബി(സ) പ്രതികരിച്ചു: 'എങ്കിൽ അത് മടക്കി വാങ്ങുക. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. മക്കൾക്കിടയിൽ നീതി കാണിക്കുക' (ഇബ്നു മാജ -2379).

## 4.സൗഹൃദം സ്ഥാപിക്കുക

പുതിയ കാലത്ത് മാതാപിതാക്കളും മക്കളും തമ്മിൽ ആഴത്തിലുള്ള സൗഹൃദം അത്യാവശ്യമാണ്. ഇത് കുട്ടികളുടെ ഭാവിക്കും കുടുംബത്തിന്റെ കെട്ടുറപ്പിനും നിർണായകമാണ്. ഇങ്ങനെയുള്ള സൗഹൃദത്തിന്റെ പ്രധാന നേട്ടം തുറന്ന ആശയവിനിമയമാണ്. മക്കൾക്ക് അവരുടെ സന്തോഷങ്ങളും സങ്കടങ്ങളും പ്രശ്നങ്ങളും ഒരു ഉറ്റസുഹൃത്തിനോട് എന്നപോലെ രക്ഷിതാക്കളുമായി പങ്കുവെക്കാൻ സാധിക്കണം. ഇതുവഴി രഹസ്യങ്ങൾ മറച്ചുവെക്കുന്നതും വിഷമങ്ങൾ ഉള്ളിലൊതുക്കുന്നതും ഒഴിവാക്കാം.

മാതാപിതാക്കളെ സുഹൃത്തുക്കളായി കാണുമ്പോൾ കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിക്കും. അപ്പോൾ തെറ്റുകൾ പറ്റിയാലോ സ്കൂളിൽ പ്രശ്നങ്ങളുണ്ടായാലോ ഭയമില്ലാതെ അവ തുറന്നുപറയാൻ അവർക്ക് സാധിക്കും. കാരണം, മാതാപിതാക്കൾ മനസ്സിലാക്കി ശരിയായ മാർഗ്ഗനിർദ്ദേശം നൽകുമെന്ന വിശ്വാസം അവരിലുണ്ടാകും. ഭയം കാരണം കാര്യങ്ങൾ മറച്ചുവെക്കുമ്പോൾ പ്രശ്നങ്ങൾ വഷളാകാൻ സാധ്യതയുണ്ട്. ഇത്തരം സൗഹൃദബന്ധം ഭയം ഇല്ലാതാക്കി കുട്ടികൾക്ക് സുരക്ഷിതമായ ഒരന്തരീക്ഷം ഒരുക്കുന്നു.

മാതാപിതാക്കളെ സുഹൃത്തുക്കളായി കാണുമ്പോൾ കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിക്കും. അപ്പോൾ തെറ്റുകൾ പറ്റിയാലോ സ്കൂളിൽ പ്രശ്നങ്ങളുണ്ടായാലോ ഭയമില്ലാതെ അവ തുറന്നുപറയാൻ അവർക്ക് സാധിക്കും. കാരണം, മാതാപിതാക്കൾ മനസ്സിലാക്കി ശരിയായ മാർഗ്ഗനിർദ്ദേശം നൽകുമെന്ന വിശ്വാസം അവരിലുണ്ടാകും. ഭയം കാരണം കാര്യങ്ങൾ മറച്ചുവെക്കുമ്പോൾ പ്രശ്നങ്ങൾ വഷളാകാൻ സാധ്യതയുണ്ട്. ഇത്തരം സൗഹൃദബന്ധം ഭയം ഇല്ലാതാക്കി കുട്ടികൾക്ക് സുരക്ഷിതമായ ഒരന്തരീക്ഷം ഒരുക്കുന്നു.

## 5.ശ്രദ്ധയോടെ കേൾക്കുക

കൗമാരപ്രായത്തിൽ കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് മാതാപിതാക്കളുടെ ശ്രദ്ധാപൂർവമായ കേൾവി അത്യന്താപേക്ഷിതമാണ്. ഈ ഘട്ടത്തിൽ, പഠനപരമായ സമ്മർദ്ദങ്ങളും ശാരീരികമായ മാറ്റങ്ങളും അവരിൽ വലിയ പ്രതിസന്ധികൾ സൃഷ്ടിച്ചേക്കാം. അവർ പറയുന്നതെല്ലാം ശ്രദ്ധയോടെ കേൾക്കുന്നത് ആത്മവിശ്വാസം വളർത്തുകയും, പ്രശ്നങ്ങളെ നേരിടാനുള്ള ശേഷി മെച്ചപ്പെടുത്തുകയും, മാനസികാരോഗ്യം സംരക്ഷിക്കുകയും, തെറ്റായ തീരുമാനങ്ങൾ ഒഴിവാക്കാൻ സഹായിക്കുകയും ചെയ്യും. കാൾ റോജേഴ്സ് പറഞ്ഞതുപോലെ, 'കുട്ടികൾക്ക് നൽകാവുന്ന ഏറ്റവും മികച്ച സമ്മാനം അവരെ ശ്രദ്ധയോടെ കേൾക്കുക എന്നതാണ്.'

കുട്ടികളെ കേൾക്കുന്നതു ഫലപ്രദമാകാൻ ചില കാര്യങ്ങൾ ശ്രദ്ധിക്കണം: അവർ സംസാരിക്കുമ്പോൾ പൂർണ്ണ ശ്രദ്ധ നൽകുക, പെട്ടെന്ന് വിധി പറയാതെ സഹാനുഭൂതിയോടെ വീക്ഷിക്കുക, കൂടുതൽ സംസാരിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുന്ന തുറന്ന ചോദ്യങ്ങൾ ചോദിക്കുക. പെട്ടെന്നുള്ള ഉപദേശങ്ങൾ നൽകാതെ, അവർക്ക് തങ്ങളുടെ ചിന്തകളും വികാരങ്ങളും തുറന്നു പറയാൻ അവസരം നൽകുക. കുട്ടികൾക്ക് സ്വതന്ത്രമായി സംസാരിക്കാൻ ഒരു സുരക്ഷിതമായ ഇടം ഒരുക്കുന്നത് അവരുടെ ഭാവിക്ക് ഏറെ ഫലപ്രദമാണ്.

## 6.യാത്രകൾ പ്രോത്സാഹിപ്പിക്കുക

'യാത്രകൾ അറിവിന്റെ വാതിലുകൾ തുറക്കുന്നു' - മഹാത്മാഗാന്ധി. കൗമാരക്കാരുടെ വ്യക്തിത്വ വികസനത്തിന് ഏറ്റവും ഫലപ്രദമായാണ് യാത്രകൾ. അറിഞ്ഞ, അനുഭവിച്ച ജീവിത പരിസരങ്ങൾക്കപ്പുറം പുതുമയുള്ള കാഴ്ചകളും ചരിത്രങ്ങളും മക്കളിൽ വലിയ സ്വാധീനം ചെലുത്തും. കൂടാതെ, മാതാപിതാക്കളുമായി അടുപ്പം വർദ്ധിക്കുകയും, യാത്രയിൽ ഉണ്ടാകാവുന്ന പ്രതിസന്ധികളെ അതിജീവിക്കുന്നതിലൂടെ ഏത് പ്രതികൂല സാഹചര്യങ്ങളെയും നേരിടാനുള്ള ഉൾക്കരുത്ത് ലഭിക്കുകയും ചെയ്യുന്നത് യാത്രയുടെ അനന്തര ഫലങ്ങളാണ്.

## 7.കൃത്യമായി നിരീക്ഷിക്കുക

മക്കളുടെ ദൈനംദിന കാര്യങ്ങളെക്കുറിച്ച് കൃത്യമായ ധാരണയുണ്ടായിരിക്കണം. അവർ രാവിലെ വീട്ടിൽ നിന്നിറങ്ങുന്നത് മുതൽ വൈകുന്നേരം തിരിച്ചെത്തുന്നത് വരെയുള്ള ഓരോ

മാതാപിതാക്കൾ മക്കളെ തുടർച്ചയായി ശാസിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നത് അവരുടെ വ്യക്തിത്വത്തെ ഗുരുതരമായി ബാധിക്കും. കുട്ടികൾ ചെയ്യുന്നതിനും ചെയ്യാത്തതിനും അവരെ കുറ്റപ്പെടുത്തുന്നതും നിന്ദിക്കുന്നതും ഒഴിവാക്കണം. സമയമോ സാഹചര്യമോ നോക്കാതെ, സുഹൃത്തുക്കളുടെയും അതിഥികളുടെയും മുന്നിൽ വെച്ച് മക്കളെ വഴക്കു പറയുന്നത് അവരിൽ ദോഷകരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും.

നിമിഷത്തിലും രക്ഷിതാക്കളുടെ ശ്രദ്ധയുണ്ടായിരിക്കണം. വീട്ടിലാണെങ്കിലും ഓരോ നീക്കവും ശ്രദ്ധയോടെ നിരീക്ഷിക്കണം. ഉദാഹരണത്തിന്, മകൻ/മകൾ നിരന്തരം വാട്ട്സ്ആപ്പിൽ സുഹൃത്തുമായി പങ്കിടുന്ന ചാറ്റുകളിൽ, 'ഒറ്റത്തവണ മാത്രം കാണാൻ കഴിയുന്ന' (View once) സന്ദേശങ്ങൾ കൂടുതലായി കാണുകയാണെങ്കിൽ, അതിനെ നിരുത്സാഹപ്പെടുത്തണം. ഇത്തരം സന്ദേശങ്ങൾ വീണ്ടും കാണാനോ കേൾക്കാനോ സാധിക്കാത്ത വിധം അയക്കുന്നത് സാധാരണ നല്ല ഉദ്ദേശ്യത്തോടെയായിരിക്കില്ല.

ഇങ്ങനെ സൂക്ഷ്മമായ നിരീക്ഷണം നടത്തേണ്ടത് പ്രധാനമാണ്, എന്നാൽ മക്കൾക്ക് അവരുടെ എല്ലാ സ്വാതന്ത്ര്യവും പൂർണ്ണമായി ഹനിക്കപ്പെടുന്നതായി തോന്നരുത്. അമിതമായ നിയന്ത്രണങ്ങൾ വിപരീതഫലമുണ്ടാക്കിയേക്കാം. നിരീക്ഷണം ഒരു സൈനിക നിയമമായി മാറാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

## 8. സൈനികനിയമങ്ങൾ വേണ്ട


കർശനമായ നിയമങ്ങളും ശിക്ഷകളും മാത്രം നൽകുന്നത് ഒരിക്കലും നല്ലതല്ല. സൈനിക ചിട്ടയോടെയുള്ള നിയന്ത്രണങ്ങൾ അവരിൽ സ്വാതന്ത്ര്യത്തോടുള്ള അതിയായ ആഗ്രഹവും മത്സരബുദ്ധിയും വർദ്ധിക്കാൻ കാരണമാകുന്നു. ഈ പ്രായത്തിൽ കുട്ടികൾക്ക് തങ്ങളുടേതായ വ്യക്തിത്വവും സ്വകാര്യതയും അനിവാര്യമാണ്. ഓരോ കാര്യത്തിലും ചോദ്യം ചെയ്യപ്പെടുന്നതും അമിതമായി നിയന്ത്രിക്കപ്പെടുന്നതും അവരിൽ നിരാശയും ദേഷ്യവും ഉണ്ടാക്കും.

ഉദാഹരണത്തിന്, മക്കൾ പുറത്തുപോകുമ്പോൾ 'എവിടെ പോകുന്നു, ആരുടെ കൂടെ പോകുന്നു, എപ്പോൾ തിരികെയെത്തും' തുടങ്ങിയ വിവരങ്ങൾ അറിയേണ്ടത് അത്യാവശ്യമാണ്. എന്നാൽ, ഓരോ മണിക്കൂറിലും വിളിച്ച് 'എന്താണ് ചെയ്യുന്നത്?', 'എവിടെയെത്തി?' എന്നൊക്കെ ചോദിക്കുന്നത് അവരിൽ അമിതമായ നിയന്ത്രണം ചെലുത്തുന്നതായി അനുഭവപ്പെട്ടേക്കാം. ഇതിനു പകരം, പുറത്തുപോകുമ്പോൾ എവിടെ പോകുന്നു, ആരുടെ കൂടെയാണ്, എപ്പോൾ തിരികെ എത്തുമെന്ന് കുട്ടികളെക്കൊണ്ട് മുൻകൂട്ടി പറയിച്ച് മനസ്സിലാക്കണം. അവർ കൃത്യ സമയത്ത് തിരിച്ചെത്തുമെന്നും അവരെ വിശ്വസിക്കണം. അധികാരം മാത്രം ഉപയോഗിച്ച് എല്ലാം നിയന്ത്രിക്കുന്നതിനു പകരം, തുറന്ന മനസ്സോടെയുള്ള ആശയവിനിമയത്തിലൂടെയും പരസ്പര വിശ്വാസത്തിലൂടെയും മക്കളെ വളർത്തണം.

## 9. ശിക്ഷണം നൽകാം, ശിക്ഷ ഒഴിവാക്കാം

മാതാപിതാക്കൾ മക്കളെ തുടർച്ചയായി ശാസിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നത് അവരുടെ വ്യക്തിത്വത്തെ ഗുരുതരമായി ബാധിക്കും. കുട്ടികൾ ചെയ്യുന്നതിനും ചെയ്യാത്തതിനും അവരെ കുറ്റപ്പെടുത്തുന്നതും നിന്ദിക്കുന്നതും ഒഴിവാക്കണം. സമയമോ സാഹചര്യമോ നോക്കാതെ, സുഹൃത്തുക്കളുടെയും അതിഥികളുടെയും മുന്നിൽ വെച്ച് മക്കളെ വഴക്കു പറയുന്നത് അവരിൽ ദോഷകരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. ഇത് മക്കളിൽ മാതാപിതാക്കളോട് ശത്രുത വളർത്തുകയും, അവസരം ലഭിക്കുമ്പോൾ അവർ പ്രതികരിക്കാൻ ഇടയാക്കുകയും ചെയ്യും. അത്തരം സന്ദർഭങ്ങളിൽ പരാതി പറഞ്ഞിട്ട് കാര്യമില്ല. മക്കളുടെ അനുസരണക്കേടിനും ദുസ്വഭാവങ്ങൾക്കും പിന്നിൽ തങ്ങളുടെ പങ്ക് എന്താണെന്ന് മാതാപിതാക്കൾ സ്വയം വിലയിരുത്തണം.

മക്കളുടെ വ്യക്തിത്വം രൂപപ്പെടുത്തുന്നതിൽ മാതാപിതാക്കൾക്ക് വലിയ സ്വാധീനമുണ്ട്. 'മകൻ അനുസരണക്കേട് കാണിക്കുന്നു' എന്ന് ഉമർ(റ) വിനോട് ഒരാൾ പരാതിപ്പെട്ടപ്പോൾ, ഉമർ(റ) മകനെ വിളിപ്പിച്ചു. മകൻ തിരിച്ചൊരു ചോദ്യം ചോദിച്ചു: 'മക്കളോട് പിതാവിന് കടമകളില്ലേ?' ഉമർ(റ) പിതാവിന്റെ കടമകൾ എണ്ണിപ്പറഞ്ഞു: 'നല്ല മാതാവിനെ നൽകുക, നല്ല പേരിടുക, ഖുർആൻ പഠിപ്പിക്കുക.' അപ്പോൾ, തന്റെ പിതാവ് ഇതൊന്നും ചെയ്തില്ലെന്ന് മകൻ വിശദീകരിച്ചു. 'വണ്ട്' എന്ന അർത്ഥമുള്ള 'ജുഅ്ൽ' എന്ന പേരാണ് തനിക്കിട്ടതെന്നും ഖുർആൻ പഠിപ്പിച്ചില്ലെന്നും അവൻ പറഞ്ഞു. ഇതുകേട്ട് ഉമർ(റ) പിതാവിനോട് പറഞ്ഞു: 'മകൻ നിങ്ങളെ ബുദ്ധിമുട്ടാക്കും മുമ്പേ, നിങ്ങൾ അവനെ ബുദ്ധിമുട്ടാക്കിയിരിക്കുന്നു.' (തൻബീഹുൽ ഗാഫിലീൻ/ ഇമാം സമർഖന്ദി)



കുട്ടികളുടെ കൂട്ടുകാർ അവരുടെ വളർച്ച യെ കാര്യമായി സ്വാധീനിക്കും. നല്ല കൂട്ടുകാർ അവരെ നേരായ വഴിക്ക് നയിക്കും, എന്നാൽ മോശം കൂട്ടുകെട്ടുകൾ ദോഷം ചെയ്യും. അതുകൊണ്ട്, മാതാപിതാക്കൾ കുട്ടികളുടെ കൂട്ടുകാരെ ശ്രദ്ധിക്കുകയും, നല്ലവരെ തിരഞ്ഞെടുക്കാൻ അവരെ സഹായിക്കുകയും വേണം. നബി (സ) പഠിപ്പിക്കുന്നു: 'ഒരാൾ തന്റെ കൂട്ടുകാരന്റെ സ്വഭാവത്തിലായിരിക്കും, അതിനാൽ നിങ്ങൾ ആരുമായി കൂട്ടുകൂടുന്നു എന്ന് ശ്രദ്ധിക്കുക.'

## 10. നിയന്ത്രിത സ്വാതന്ത്ര്യം

കൗമാരപ്രായത്തിൽ കുട്ടികളെ വളർത്തുന്നത് മാതാപിതാക്കൾക്ക് പലപ്പോഴും വെല്ലുവിളിയാണ്. ഈ ഘട്ടത്തിൽ അവർക്ക് കൂടുതൽ സ്വാതന്ത്ര്യം ആവശ്യമായി വരുന്നു. എന്നാൽ, അമിതമായ നിയന്ത്രണങ്ങൾ വിപരീത ഫലമാണുണ്ടാക്കുക. പ്രത്യേകിച്ച് ആൺകുട്ടികളുടെ കാര്യത്തിൽ എല്ലാ കാര്യങ്ങളിലും 'അത് ചെയ്യരുത്, ഇത് ചെയ്യരുത്' എന്ന് നിരന്തരം നിയന്ത്രിക്കുന്നത് അവരെ കൂടുതൽ മോശമായി ബാധിച്ചേക്കാം.

ഈ പ്രായത്തിലുള്ള കുട്ടികൾക്ക് നിയന്ത്രണങ്ങളോട് താൽപര്യമില്ലാത്തതുകൊണ്ട്, അവരെ അമിതമായി നിയന്ത്രിക്കാൻ ശ്രമിക്കുമ്പോൾ സ്വാഭാവികമായും പ്രശ്നങ്ങളുണ്ടാകാം. ഇത് ക്രമേണ മാതാപിതാക്കളും കുട്ടികളും തമ്മിൽ സ്ഥിരം വഴക്കുകളിലേക്ക് നയിക്കും. ചോദ്യം ചെയ്യപ്പെടുമ്പോൾ, കുട്ടികൾ നുണ പറയാനും ഒഴിഞ്ഞുമാറാനും, ചിലപ്പോൾ ധിക്കാരപരമായി മറുപടി പറയാനും തുടങ്ങും. മാതാപിതാക്കൾക്ക് സഹികെട്ട് അവരെ അമിതമായി ശിക്ഷിക്കുമ്പോൾ, അത് അവരെ കൂടുതൽ അനുസരണയില്ലാത്തവരാക്കുകയേയുള്ളൂ.

## 11. നല്ല കൂട്ടുകെട്ടുകൾ

കുട്ടികളുടെ കൂട്ടുകാർ അവരുടെ വളർച്ചയെ കാര്യമായി സ്വാധീനിക്കും. നല്ല കൂട്ടുകാർ അവരെ നേരായ വഴിക്ക് നയിക്കും, എന്നാൽ മോശം കൂട്ടുകെട്ടുകൾ ദോഷം ചെയ്യും. അതുകൊണ്ട്, മാതാപിതാക്കൾ കുട്ടികളുടെ കൂട്ടുകാരെ ശ്രദ്ധിക്കുകയും, നല്ലവരെ തിരഞ്ഞെടുക്കാൻ അവരെ സഹായിക്കുകയും വേണം. നബി (സ) പഠിപ്പിക്കുന്നു: 'ഒരാൾ തന്റെ കൂട്ടുകാരന്റെ സ്വഭാവത്തിലായിരിക്കും, അതിനാൽ നിങ്ങൾ ആരുമായി കൂട്ടുകൂടുന്നു എന്ന് ശ്രദ്ധിക്കുക.' (ഇമാം തിർമിദി)

ഇക്കാലത്ത് തിന്മകൾക്ക് ആകർഷണീയത കൂടുതലായതിനാൽ, കുട്ടികൾ മോശം കൂട്ടുകെട്ടുകളിലേക്ക് വഴുതിപ്പോകാൻ സാധ്യതയുണ്ട്. അയൽപക്കത്തും മദ്റസകളിലും സ്കൂളുകളിലുമെല്ലാം കുട്ടികൾ ആരുമായാണ് ഇടപഴകുന്നതെന്ന് ശ്രദ്ധിക്കണം. ദുസ്വഭാവികളുമായും ദുർനടപ്പുകാരുമായും കൂട്ടുകൂടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ, അവരെ പറഞ്ഞു മനസ്സിലാക്കി നന്മയുടെ വഴിയിലേക്ക് തിരിച്ചുവിടേണ്ടത് രക്ഷിതാക്കളുടെ കടമയാണ്. നല്ല കൂട്ടുകാരെ കണ്ടെത്തിക്കൊടുക്കുകയും വേണം. 'ചാരിയാൽ ചാരിയത് മണക്കും' എന്നാണല്ലോ ചൊല്ല്.

സൗഹൃദത്തെ തിരുദൂതർ(സ) ഉപമിക്കുന്നതിങ്ങനെയാണ്: 'നല്ലൊരു കൂട്ടുകാരൻ കസ്തൂരി വിൽക്കുന്നവനെപ്പോലെയാണ്. അവന്റെ കൂടെ കൂടിയാൽ ചിലപ്പോൾ നിങ്ങൾക്ക് സൗജന്യമായി കസ്തൂരി ലഭിച്ചേക്കാം, അല്ലെങ്കിൽ വില കൊടുത്തു വാങ്ങാൻ സാധിക്കും. ഇതൊന്നുമല്ലെങ്കിൽ, കുറഞ്ഞ പക്ഷം നല്ലൊരു സുഗന്ധമെങ്കിലും അവിടെ നിന്ന് ആസ്വദിക്കാൻ കഴിയും. എന്നാൽ ചീത്ത കൂട്ടുകാരൻ ഉലയിൽ ഊതുന്നവനെപ്പോലെയാണ്.

**ഓരോ പുസ്തകവും ഓരോ പുതിയ ലോകമാണ്. അത് അവരെ അജ്ഞാതമായ സംസ്കാരങ്ങളിലേക്കും കാലഘട്ടങ്ങളിലേക്കും വ്യക്തികളിലേക്കും കൂട്ടിക്കൊണ്ടുപോകുന്നു. വായിക്കുന്ന ഓരോ വരിയും അവരുടെ തലച്ചോറിൽ പുതിയ ചിന്താധാരകൾ സൃഷ്ടിക്കുകയും, ലോകത്തെക്കുറിച്ചുള്ള അവരുടെ ധാരണകളെ മാറ്റിമറിക്കുകയും ചെയ്യും. കഥാപാത്രങ്ങളുടെ സന്തോഷത്തിലും ദുഃഖത്തിലുമെല്ലാം പങ്കുചേരുമ്പോൾ, മനുഷ്യബന്ധങ്ങളെക്കുറിച്ചും വൈകാരികതലങ്ങളെക്കുറിച്ചുമുള്ള അവരുടെ ഉൾക്കാഴ്ച വർദ്ധിക്കുന്നു.**



അവന്റെ സാമീപ്യം നിങ്ങളുടെ വസ്ത്രം കരിച്ചുകളഞ്ഞേക്കാം, അല്ലെങ്കിൽ നിങ്ങൾക്ക് ദുർഗന്ധം മാത്രമേ സമ്മാനിക്കൂ.' (സഹീഹുൽ ബുഖാരി)

## 12. വായനശീലം വളർത്തുക

വായന കേവലം അക്ഷരങ്ങളെ തിരിച്ചറിയുന്നതിലുപരി, ഒരു വ്യക്തിയുടെ ചിന്തകളെയും കാഴ്ചപ്പാടുകളെയും ആഴത്തിൽ സ്വാധീനിക്കുന്ന ഒരു പ്രക്രിയയാണ്. കൗമാരക്കാരായ കുട്ടികളുടെ കാര്യത്തിൽ, ഈ സ്വാധീനം അവരുടെ ഭാവിയെത്തന്നെ രൂപപ്പെടുത്തുന്നതിൽ നിർണായകമാണ്. കുഞ്ഞുണ്ണി മാഷിന്റെ വാക്കുകൾ ഓർക്കുക: 'പുസ്തകത്തിനു പുത്തകം എന്നു പറയുമായിരുന്നു. പുത്തകം എന്ന വാക്ക് എനിക്കിഷ്ടമാണ്. പുത്തൻ കാര്യങ്ങൾ അകത്തുള്ളതാണല്ലോ പുത്തകം.'

ഓരോ പുസ്തകവും ഓരോ പുതിയ ലോകമാണ്. അത് അവരെ അജ്ഞാതമായ സംസ്കാരങ്ങളിലേക്കും കാലഘട്ടങ്ങളിലേക്കും വ്യക്തികളിലേക്കും കൂട്ടിക്കൊണ്ടുപോകുന്നു. വായിക്കുന്ന ഓരോ വരിയും അവരുടെ തലച്ചോറിൽ പുതിയ ചിന്താധാരകൾ സൃഷ്ടിക്കുകയും, ലോകത്തെക്കുറിച്ചുള്ള അവരുടെ ധാരണകളെ മാറ്റിമറിക്കുകയും ചെയ്യും. കഥാപാത്രങ്ങളുടെ സന്തോഷത്തിലും ദുഃഖത്തിലുമെല്ലാം പങ്കുചേരുമ്പോൾ, മനുഷ്യബന്ധങ്ങളെക്കുറിച്ചും വൈകാരികതലങ്ങളെക്കുറിച്ചുമുള്ള അവരുടെ ഉൾക്കാഴ്ച വർദ്ധിക്കുന്നു. ഇത് സഹാനുഭൂതിയോടെ ലോകത്തെ നോക്കിക്കാണാൻ അവരെ പഠിപ്പിക്കുന്നു. അറിവിന്റെ വിശാലമായ ലോകം തുറന്നുതരുന്നതിലൂടെ, വായന ഓരോ കുട്ടിയുടെയും ആത്മവിശ്വാസം വളർത്തുകയും, ചോദ്യങ്ങൾ ചോദിക്കാനും സ്വന്തമായി അഭിപ്രായങ്ങൾ രൂപീകരിക്കാനുമുള്ള ധൈര്യം നൽകുകയും ചെയ്യുന്നു. രക്ഷിതാക്കൾക്ക് പകർന്നുനൽകാൻ കഴിയുന്ന ഏറ്റവും വലിയ ധനങ്ങളിലൊന്നാണ് വായനയോടുള്ള താൽപര്യം. വായനയിലൂടെ ലഭിക്കുന്ന ഈ ആന്തരിക പരിണാമം, കൗമാരക്കാരെ കൂടുതൽ പൂർണ്ണരും വിവേകികളുമാക്കി മാറ്റാൻ സഹായിക്കും.

## 13. ആരോഗ്യകരമായ ഭക്ഷണം

കൗമാരപ്രായത്തിൽ കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് പോഷകസമൃദ്ധമായ ഭക്ഷണം അത്യന്താപേക്ഷിതമാണ്. ചെറുപ്പം മുതലേ പരിശീലിപ്പിച്ച ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ ഈ പ്രായത്തിലും തുടരുന്നത് അവരുടെ ഊർജ്ജസ്വലത നിലനിർത്താൻ സഹായിക്കും. സമീകൃതാഹാരം ഉറപ്പാക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. അവരുടെ ഭക്ഷണത്തിൽ ധാരാളം പഴങ്ങളും പച്ചക്കറികളും ഉൾ

പ്പെടുത്തുകയും ജങ്ക്ഫുഡിന്റെ ഉപയോഗം നിയന്ത്രിക്കുകയും ചെയ്യണം. ഇത് രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കാനും പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും അവരെ സഹായിക്കും. ഭാവിയിൽ ആരോഗ്യകരമായ ജീവിതശൈലിക്കും ഇത് ഹേതുവാകും.

## 14. വലിയ സ്വപ്നങ്ങൾ കാണാൻ പഠിപ്പിക്കുക

'ഉറങ്ങുമ്പോൾ കാണുന്നതല്ല യഥാർത്ഥ സ്വപ്നം, മറിച്ച് നമ്മുടെ ഉറക്കം കെടുത്തുന്നതാണത്.' - ഡോ. എ.പി.ജെ. അബ്ദുൽ കലാം. കുട്ടികളുടെ കാര്യത്തിൽ, അവരുടെ ലക്ഷ്യബോധങ്ങളെക്കുറിച്ച് നാം നിരന്തരം ചോദിച്ചറിയുകയും ആ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ ആവശ്യമായ പരിശീലനങ്ങൾ നൽകി അവരെ പിന്തുണയ്ക്കുകയും വേണം. വലിയ സ്വപ്നങ്ങൾ കാണാൻ അവരെ പ്രേരിപ്പിക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ, ഇത് ചെയ്യുമ്പോൾ മറ്റുള്ള കുട്ടികളുമായി അവരെ താരതമ്യം ചെയ്യുന്നത് ഒഴിവാക്കണം. 'അടുത്ത വീട്ടിലെ കുട്ടി അങ്ങനെയായി, നിന്റെ കൂടെ പഠിച്ച കുട്ടി ഇത്രയും നേടിയല്ലോ, നിനക്കെന്തായി?' എന്നൊക്കെ ചോദിക്കുന്നത് അവരുടെ ആത്മവിശ്വാസം കെടുത്താൻ കാരണമായേക്കാം. ഓരോ കുട്ടിക്കും അവരുടേതായ കഴിവുകളും വഴികളുമുണ്ട്. അതുകൊണ്ട്, അവരെ ഉയർന്ന സ്വപ്നങ്ങൾ കാണാൻ പ്രോത്സാഹിപ്പിക്കുകയും അതിനനുസരിച്ചുള്ള പിന്തുണയും പരിശീലനവും വീട്ടിൽ നിന്ന് തന്നെ നൽകുകയും ചെയ്യുക.

## 15. പോസിറ്റീവ് ഫീഡ്ബാക്ക്

കുട്ടികളിൽ നല്ല ശീലങ്ങളും ആത്മവിശ്വാസവും വളർത്താനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗങ്ങളിൽ ഒന്നാണ് പോസിറ്റീവ് ഫീഡ്ബാക്ക്. അവർ നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ അത് കണ്ടില്ലെന്ന് നടിക്കാതെ, അവരെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിലൂടെയാണ് ഇത് സാധ്യമാകുന്നത്. ഈ രീതിയിലൂടെ മക്കളിൽ നല്ല ശീലങ്ങൾ വളർത്താനും ദുശ്ശീലങ്ങളെ തിരുത്താനും സാധിക്കും.

'നീ ചെയ്ത കാര്യം എനിക്ക് വളരെ ഇഷ്ടമായി', 'ആ വിഷയം നീ വളരെ വൃത്തിയായി കൈകാര്യം ചെയ്യുമെന്ന് എനിക്കറിയാമായിരുന്നു' ഈ രൂപത്തിലുള്ള, മനസ്സുനിറയ്ക്കുന്ന വാക്കുകളായിരിക്കണം എപ്പോഴും മക്കളോട് പറയേണ്ടത്. ഇത്തരം പ്രോത്സാഹനങ്ങൾ കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും ശരിയായ ദിശയിലേക്ക് അവരെ നയിക്കുകയും ചെയ്യും.

## 16. സാമ്പത്തിക അച്ചടക്കം

കുട്ടികളെ സാമ്പത്തികമായി വിവേകമുള്ളവരാക്കി വളർത്തേണ്ടത് അത്യാവശ്യമാണ്. ഇതിനായി, കുടുംബത്തിന്റെ സാമ്പത്തിക കാര്യങ്ങളെക്കുറിച്ച് അവരുമായി തുറന്ന സംഭാഷണങ്ങൾ നടത്തുന്നത് അവരിൽ വലിയ മാറ്റങ്ങൾ വരുത്തും. പണം എങ്ങനെയാണ് സമ്പാദിക്കുന്നത്, എന്തിനൊക്കെയാണ് ചെലവഴിക്കുന്നത്, എന്തിനാണ് സമ്പാദിക്കേണ്ടത് തുടങ്ങിയ കാര്യങ്ങൾ അവർക്ക് മനസ്സിലാക്കാൻ നമ്മൾ അവസരമൊരുക്കണം. കുടുംബത്തിന്റെ സാമ്പത്തിക തീരുമാനങ്ങളിൽ പങ്കെടുപ്പിക്കുന്നത് അവരുടെ സാമ്പത്തിക സാക്ഷരത വർദ്ധിപ്പിക്കും. ഇത് അവരുടെ ആവശ്യങ്ങളെക്കുറിച്ച് യഥാർത്ഥമായ കാഴ്ചപ്പാട് നൽകുകയും, അനാവശ്യമായ ആവശ്യങ്ങൾ ഒഴിവാക്കാൻ സഹായിക്കുകയും ചെയ്യും. ദീർഘകാലാടിസ്ഥാനത്തിൽ, സ്വന്തം സാമ്പത്തികഭാവിയെക്കുറിച്ച് മികച്ച തീരുമാനങ്ങളെടുക്കാൻ ഇത് അവരെ സജ്ജരാക്കും.

## 17.ഓമനപ്പേരുകൾ വിളിക്കുക,

പേര് വിളിക്കാതെ ഓമനപ്പേരുകൾ വിളിച്ച് കുട്ടികളോട് സ്നേഹം പ്രകടിപ്പിക്കുന്നത് അവരുമായുള്ള വൈകാരിക അടുപ്പം വർദ്ധിപ്പിക്കാൻ വളരെ പ്രയോജനകരമാണ്. ഇത് അവർക്ക് സന്തോഷവും സ്നേഹവും അനുഭവിക്കാൻ സഹായിക്കുന്നു. ശാസിക്കുമ്പോഴും സംസാരിക്കുമ്പോഴും പേര് വിളിക്കുന്നതിനെക്കാൾ സ്നേഹത്തോടെയുള്ള ഈ സംബോധനകൾക്കാണ് പ്രാധാന്യം നൽകേണ്ടത്. ചെറുപ്പത്തിൽ നമ്മൾ അവരെ ഓമനിച്ചതു പോലെ ഈ പ്രായത്തിലും ആ സ്നേഹം നിലനിർത്തുന്നത് നല്ലൊരു ബന്ധം കെട്ടിപ്പടുക്കാനും ആത്മബന്ധം ദീർഘകാലം നിലനിർത്താനും സഹായിക്കും.

കുട്ടികളുടെ കാര്യത്തിൽ, അവരുടെ ലക്ഷ്യബോധങ്ങളെക്കുറിച്ച് നാം നിരന്തരം ചോദിച്ചറിയുകയും ആ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ ആവശ്യമായ പരിശീലനങ്ങൾ നൽകി അവരെ പിന്തുണയ്ക്കുകയും വേണം. വലിയ സ്വപ്നങ്ങൾ കാണാൻ അവരെ പ്രേരിപ്പിക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ, ഇത് ചെയ്യുമ്പോൾ മറ്റുള്ള കുട്ടികളുമായി അവരെ താരതമ്യം ചെയ്യുന്നത് ഒഴിവാക്കണം.

ലൈഫ്സ്റ്റൈൽ

അനസ് ബുഖാരി ആമപ്പൊയിൽ

# കുട്ടികളിൽ സഹാനുഭൂതി വളർത്താൻ

ലോകമിന്ന് ഒരു മത്സരക്കളമാണ്. കലാകായികമത്സരങ്ങളിലെ ഗ്രേഡുകൾ, പരീക്ഷയിലെ റാങ്കുകൾ തുടങ്ങിയവയുടെയെല്ലാം അടിസ്ഥാനത്തിലാണ് പലപ്പോഴും കുട്ടികളുടെ കഴിവുകൾ അളക്കുന്നത്. മത്സരവിജയത്തിനുവേണ്ടിയുള്ള ഓട്ടത്തിനിടയിൽ കരുണ, സഹാനുഭൂതി, സ്നേഹം തുടങ്ങിയ മാനുഷികമൂല്യങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കുകയെന്നത് മാതാപിതാക്കളെ സംബന്ധിച്ചിടത്തോളം അല്പം ശ്രമകരമായ ദൗത്യമാണ്. കുട്ടികളുടെ സമഗ്രമായ വ്യക്തിത്വവികാസത്തിനും മാനസികാരോഗ്യത്തിനും സഹാനുഭൂതി അത്യാവശ്യമാണ്. അതിനാൽ, മത്സരബുദ്ധിയോടൊപ്പം സഹാനുഭൂതിയുള്ള തലമുറയെ വാർത്തെടുക്കാനാണ് മാതാപിതാക്കളും അധ്യാപകരും ശ്രമിക്കേണ്ടത്.

## ശ്രമങ്ങൾ പ്രധാനം

വിജയങ്ങൾക്കു പ്രാമുഖ്യം നൽകുന്നതിലുപരി കുട്ടികളുടെ ശ്രമങ്ങളെയും നല്ല പെരുമാറ്റങ്ങളെയും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. 'എല്ലാ മത്സരത്തിലും ഒന്നാമനാകണം' എന്ന അമിതസമ്മർദം കുട്ടികളിൽ വലിയ ഭാരമാണുണ്ടാക്കുക. പകരം, അവരുടെ പരിശ്രമങ്ങളെ പ്രശംസിക്കുന്നത് ആത്മവിശ്വാസം വർധിപ്പിക്കും. ഉദാഹരണത്തിന്, 'ഇന്നത്തെ കളിയിൽ നീ തോറ്റതുസാരമില്ല; പുതിയൊരു കാര്യം പരീക്ഷിക്കാൻ നീ ധൈര്യം കാണിച്ചല്ലോ. അതിലാണ് കാര്യം.' എന്നോ 'കൂട്ടുകാരനെ സഹായിക്കാൻ നീ കാണിച്ച നല്ല മനസ്സ് എനിക്ക് ഒരുപാട് സന്തോഷം നൽകി' എന്നൊക്കെ അവരോട് പറയാം. പ്രശസ്ത മനഃശാസ്ത്രജ്ഞയായ ഡോ. കാരോൾ ഡ്വെക്കിന്റെ 'ഗ്രോത്ത് മൈന്റ്സെറ്റ്' സിദ്ധാന്തം വിലയിരുത്തുന്നത് മത്സരഫലങ്ങളെക്കുറിച്ച് വിലയിരുത്തന്നതിനെക്കാൾ അതിനുള്ള ശ്രമത്തെ പ്രശംസിക്കുന്നത് കുട്ടികൾക്ക് കൂടുതൽ ധൈര്യവും ആന്തരികപ്രചോദനവും നൽകുമെന്നാണ്.



## വീട്ടിൽ നിന്നു പഠിക്കട്ടെ

സഹാനുഭൂതി ഒരു സ്വഭാവമായി വളർന്നുവരണമെങ്കിൽ, കുട്ടികൾ അത് കണ്ടും അനുഭവിച്ചും വളരണം. അതിന് ഏറ്റവും നല്ല പാഠശാല വീടു തന്നെയാണ്. ദിവസവും രാത്രി ഭക്ഷണസമയത്ത്, 'ഇന്ന് നീ ചെയ്ത ഒരു നല്ല കാര്യം പറയാമോ' എന്ന് ചോദിക്കാം. ഇഷ്ടപ്പെട്ട കളിപ്പാട്ടങ്ങൾ ദാനം ചെയ്യുക, പാവപ്പെട്ടവർക്ക് ഭക്ഷണം നൽകുക, രോഗികളായ ബന്ധുക്കളെ സന്ദർശിക്കുക തുടങ്ങിയ സാമൂഹ്യപ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കുകയും വേണം. മാതാപിതാക്കളുടെ മാതൃകയാണ് ഏറ്റവും പ്രധാനം. കടയിലെ ജീവനക്കാരോട് പുഞ്ചിരിയോടെ സംസാരിക്കുന്നതും, അയൽക്കാരെ സഹായിക്കുന്നതും, ട്രാഫിക് ബ്ലോക്കിൽ ക്ഷമയോടെ പെരുമാറുന്നതുമെല്ലാം കുട്ടികൾ നിരീക്ഷിച്ച് അനുകരിക്കുന്ന പാഠങ്ങളാണ്.

## വികാരങ്ങൾ ഉൾക്കൊള്ളാം

മറ്റുള്ളവരുടെ വികാരങ്ങൾ മനസ്സിലാക്കാൻ പഠിക്കുമ്പോഴാണ് കുട്ടിയിൽ യഥാർത്ഥ കരുണയും വാത്സല്യവും ജനിക്കുന്നത്. അതിനുമുമ്പ്, സ്വന്തം വികാരങ്ങളെ തിരിച്ചറിയാൻ അവരെ സഹായിക്കണം. 'അത്രയും നേരം കാത്തിരിക്കേണ്ടി വന്നതുകൊണ്ട് നിനക്ക് വിഷമമായോ' എന്നും വല്ല സമ്മാനവും ലഭിക്കുമ്പോൾ 'നിന്റെ മുഖത്തിന്ന് എന്തൊരു സന്തോഷമാണ്' എന്നുമൊക്കെ പറഞ്ഞ് അവരെ സന്തോഷിപ്പിക്കാൻ രക്ഷിതാക്കൾക്കു കഴിയണം. പ്രായം കുറവുള്ളവരോടുള്ള കുട്ടിയുടെ പെരുമാറ്റത്തിൽ വല്ല അപാകതയും കണ്ടാൽ ഉടനെ ശകാരിക്കുന്നതിനു പകരം 'നീ അങ്ങനെ ചെയ്തപ്പോൾ അവന് വിഷമമായിട്ടുണ്ടാവില്ലേ', അല്ലെങ്കിൽ 'അവന്റെ വിഷമം മാറ്റാൻ ഇനി നാം എന്തു ചെയ്യും' എന്നിങ്ങനെയുള്ള ചോദ്യങ്ങളിലൂടെ മറ്റുള്ളവരുടെ സ്ഥാനത്തുനിന്ന് ചിന്തിക്കാൻ അവരെ പ്രേരിപ്പിക്കാം. വീട്ടിൽ മക്കൾ തമ്മിൽ തർക്കമോ അടിപിടിയോ ഉണ്ടായാൽ ശകാരവാക്കുകൾ പറഞ്ഞ് രണ്ടു പേരെയും കണക്കിന് തല്ലുന്ന രക്ഷിതാക്കൾ കുറവല്ല. മക്കളെ മുൻകോപികളും ദുർവാശിക്കാരും പരുഷസ്വഭാവക്കാരുമാക്കുന്നതിൽ പ്രധാനപങ്ക് തങ്ങൾക്കുതന്നെയാണെന്ന് രക്ഷിതാക്കൾക്ക് ബോധം വേണം.

പുതിയകാലത്ത് ജീവിതത്തിൽ മത്സരങ്ങൾ ഒഴിവാക്കാനാകില്ല, അവയെ ശരിയായ രീതിയിൽ സമീപിക്കാൻ കുട്ടികളെ പ്രാപ്തരാക്കേണ്ടതുണ്ട്. വിജയങ്ങൾക്കൊപ്പം പരാജയങ്ങളെയും ഉൾക്കൊള്ളാൻ അവരെ പഠിപ്പിക്കാം. 'നീ പരീക്ഷയിൽ നല്ല മാർക്ക് വാങ്ങിയതും, മനസ്സിലാകാത്ത പാഠഭാഗങ്ങൾ പറഞ്ഞുകൊടുത്ത് കൂട്ടുകാരനെ പഠിക്കാൻ സഹായിച്ചതും വളരെ നല്ല കാര്യമാണ്' എന്നു പറഞ്ഞ് സഹകരണമനോഭാവത്തെ പ്രോത്സാഹിപ്പിക്കാം. മറ്റൊരാൾ വിജയിക്കുമ്പോൾ വിഷമം തോന്നുന്നത് സ്വാഭാവികമാണെന്നും എന്നാൽ അതൊരിക്കലും നമ്മുടെ മൂല്യം കുറയ്ക്കരുതെന്നും അവർക്ക് മനസ്സിലാക്കിക്കൊടുക്കണം. യഥാർത്ഥ വിജയം മറ്റൊരാളെ തോൽപിക്കുന്നതല്ലെന്നും ഒരോ ദിവസവും അറിവിലും വ്യക്തിത്വത്തിലും പുരോഗതിയുണ്ടാകലാണെന്നും അവരെ ബോധ്യപ്പെടുത്തണം.

> പുതിയകാലത്ത് ജീവിതത്തിൽ മത്സരങ്ങൾ ഒഴിവാക്കാനാകില്ല, അവയെ ശരിയായ രീതിയിൽ സമീപിക്കാൻ കുട്ടികളെ പ്രാപ്തരാക്കേണ്ടതുണ്ട്. വിജയങ്ങൾക്കൊപ്പം പരാജയങ്ങളെയും ഉൾക്കൊള്ളാൻ അവരെ പഠിപ്പിക്കാം. 'നീ പരീക്ഷയിൽ നല്ല മാർക്ക് വാങ്ങിയതും, മനസ്സിലാകാത്ത പാഠഭാഗങ്ങൾ പറഞ്ഞുകൊടുത്ത് കൂട്ടുകാരനെ പഠിക്കാൻ സഹായിച്ചതും വളരെ നല്ല കാര്യമാണ്' എന്നു പറഞ്ഞ് സഹകരണമനോഭാവത്തെ പ്രോത്സാഹിപ്പിക്കാം.

## ബലഹീനതയല്ല

സഹാനുഭൂതി ഒരു ബലഹീനതയാണെന്ന് ചിലരെങ്കിലും തെറ്റിദ്ധരിക്കാറുണ്ട്. എന്നാൽ സത്യത്തിൽ, കരുണയും ദയയുമെല്ലാം ധൈര്യത്തിന്റെ ലക്ഷണമാണ്. അന്യായമായി കളിയാക്കപ്പെടുന്ന ഒരു കുട്ടിക്കുവേണ്ടി സംസാരിക്കാനും, മറ്റൊരാളുടെ വിഷമത്തിൽ പങ്കുചേരാനും വലിയ ധൈര്യം ആവശ്യമാണ്. തിരുനബി(സ)യുടെ ജീവിതം കരുണയുടെയും ധൈര്യത്തിന്റെയും വിജയഗാഥകളായിരുന്നല്ലോ. ഈ മഹത്തായ മാതൃകകൾ കുട്ടികൾക്ക് കാണിച്ചുകൊടുക്കാം.

കാലങ്ങൾക്കുശേഷം കുട്ടികൾ ഓർത്തെടുക്കുക അവർ നേടിയ മെഡലുകളോ ട്രോഫികളോ ആയിരിക്കില്ല. മറിച്ച്, അവർ മറ്റുള്ളവർക്കു നൽകിയ ആശ്വാസവാക്കുകളും പങ്കുവെച്ച സ്നേഹവുമായിരിക്കും. മക്കൾക്ക് വിജയം നേടാനുള്ള സർഗാത്മകകഴിവുകൾക്കൊപ്പം, മനുഷ്യസ്നേഹത്തിന്റെ മധുരം കൂടി പകർന്നുനൽകാൻ രക്ഷിതാക്കൾക്കു കഴിയണം. കുട്ടികളിലെ കരുണയും സ്നേഹവും കേവലം സ്വഭാവഗുണങ്ങൾ മാത്രമല്ലെന്നും ജീവിതത്തെ അർത്ഥപൂർണമാക്കുന്ന മൂല്യബോധത്തിന്റെ പര്യായമാണെന്നും ബോധമുണ്ടാകണം.

# അന്താരാഷ്ട്ര മീലാദ് സമ്മേളനം പ്രോജ്ജ്വലം

കോഴിക്കോട്: പ്രവാചക പ്രകീർത്തനത്തിന്റെ ഇശലുകൾ പെയ്തിറങ്ങിയ രാവിൽ കഴിഞ്ഞ മാസം 23ന് കോഴിക്കോട്ട് നടന്ന അന്താരാഷ്ട്ര മീലാദ് സമ്മേളനം പ്രോജ്ജ്വലമായി. വിവിധ രാജ്യങ്ങളിലെ ഗായകസംഘങ്ങളും മൗലിദ് ട്രൂപ്പുകളും അവിസ്മരണീയമാക്കിയ സമ്മേളനം പ്രവാചകാനുരാഗികളുടെ സംഗമമായി മാറി. ഹൃദയത്തിൽ എന്നും ഓർത്തുവെക്കാനുള്ള അനുഭൂതിയോടെയാണ് വിശ്വാസികൾ സമ്മേളനത്തിൽ നിന്ന് പിരിഞ്ഞത്. 'തിരുവസന്തം 1500' എന്ന പ്രമേയത്തിൽ മുഹമ്മദ്നബി(സ)യുടെ ജന്മദിനാഘോഷങ്ങളുടെ ഭാഗമായി മർകസിന്റെ ആഭിമുഖ്യത്തിലായിരുന്നു സമ്മേളനം. സമസ്ത പ്രസിഡന്റ് ഇ സുലൈമാൻ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ പ്രഭാഷണം നിർവഹിച്ചു.

### ധാർമികമൂല്യം ഉൾക്കൊള്ളണം

ആത്മഹത്യ, ലഹരി, കുറ്റകൃത്യങ്ങൾ എന്നിവ സമൂഹത്തിൽ വ്യാപിക്കുന്ന സാഹചര്യത്തിൽ ധാർമികമൂല്യങ്ങളും ആത്മീയ ബോധവും നിറഞ്ഞ പ്രവാചകാധ്യാപനങ്ങൾ ഉൾക്കൊള്ളാൻ എല്ലാവരും തയ്യാറാകണമെന്ന് കാന്തപുരം പറഞ്ഞു. വിവിധ രാഷ്ട്രങ്ങളിലെ പണ്ഡിതരും സാമൂഹികസാംസ്കാരിക നായകരും നയതന്ത്ര പ്രതിനിധികളും സമസ്ത നേതാക്കളും പങ്കെടുത്തു. പ്രശസ്ത അറബ് ഗായകസംഘമായ അൽഹുബ്ബ് ട്രൂപ്പിന്റെ ഗ്രാന്റ് മൗലിദ് സമ്മേളനത്തിന് പകിട്ടേകി. 1,500 കലാ പ്രതിഭകൾ അണിനിരന്ന മെഗാ ദഫ്ഘോഷയാത്രയോടെയാണ് ചടങ്ങുകൾക്ക് തുടക്കമായത്. സയ്യിദ് അലി ബാഫഖി തങ്ങൾ പ്രാർത്ഥന നിർവഹിച്ചു. സി മുഹമ്മദ് ഫൈസി അധ്യക്ഷത വഹിച്ചു. സയ്യിദ് ഇബ്റാഹീമുൽ ഖലീൽ അൽബുഖാരി, ഡോ. മുഹമ്മദ് അബ്ദുൽഹകീം അസ്ഹരി, പേരോട് അബ്ദുർറഹ്മാൻ സഖാഫി, സി പി ഉബൈദുല്ല സഖാഫി സംസാരിച്ചു.

സയ്യിദ് അബ്ദുൽഫത്താഹ് അവേലം, സയ്യിദ് ഹാമിദ് ഇമ്പിച്ചിക്കോയ, അബൂഹനീഫൽ ഫൈസി, വി പി എം വില്യാപ്പള്ളി, വണ്ടൂർ അബ്ദുർറഹ്മാൻ ഫൈസി, പി വി മുഹ്‌യിദ്ദീൻ കുട്ടി മുസ്‌ലിയാർ, പി എസ് കെ മൊയ്തു ബാഖവി, അലവി സഖാഫി കൊളത്തൂർ, മുഹമ്മദ് കുഞ്ഞു സഖാഫി, അബ്ദുന്നാസിർ അഹ്സനി, സയ്യിദ് മുഹമ്മദ് തുറാബ് സഖാഫി, സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, ഹാജി ഇഹ്സാൻ ഗാഡ്‌വാല, ഹാജി ഹസീൻ അഗാഡി മഹാരാഷ്ട്ര, ഹാജി അഫ്താബ് സോപാരിവാല, എ പി അബ്ദുൽകരീം ഹാജി ചാലിയം, ഉസ്മാൻ സഖാഫി തിരുവത്ര, എൻ അലി അബ്ദുല്ല, പ്രൊഫ. എ കെ അബ്ദുൽ ഹമീദ്, എ സൈഫുദ്ദീൻ ഹാജി തുടങ്ങിയവർ സംബന്ധിച്ചു.

### റാലി വർണാഭമായി

സമ്മേളനത്തിന്റെ ഭാഗമായി 1500 കലാപ്രതിഭകൾ അണിനിരന്ന ഘോഷയാത്ര വർണാഭമായി. സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ ജില്ലാ കമ്മിറ്റിയുടെ പങ്കാളിത്തത്തോടെ നടന്ന ഘോഷയാത്രക്ക് സാദാത്തുക്കളും പ്രാസ്ഥാനിക നേതാക്കളും നേതൃത്വം നൽകി. മർകസ് കോംപ്ലക്സ് പരിസരത്തു നിന്നാരംഭിച്ച് അരയിടത്തുപാലം, മിനിബൈപാസ് വഴി സമ്മേളനനഗരിയായ കാലിക്കറ്റ് ട്രേഡ് സെന്ററിൽ സമാപിച്ചു.

പരമ്പരാഗത ബൈത്തുകളുടെയും മദ്ഹ്ഗാനങ്ങളുടെയും അകമ്പടിയോടെ താളപ്പെരുപ്പങ്ങൾ തീർത്ത് ചുവടുവെച്ച് ദഫ് മുട്ടി നീങ്ങിയ സംഘങ്ങൾ നഗരത്തിൽ സമ്മേളനത്തിന്റെ ഓളം സൃഷ്ടിച്ചു. വ്യത്യസ്ത വസ്ത്രാലങ്കാരങ്ങളും കൊടിതോരണങ്ങളും വൈവിധ്യമാർന്ന പ്രകടനങ്ങളും ഘോഷയാത്രക്ക് മിഴിവേകി. സി മുഹമ്മദ് ഫൈസി, വി പി എം വല്ല്യാപ്പള്ളി, അബൂഹനീഫൽ ഫൈസി, ഡോ. മുഹമ്മദ് അബ്ദുൽഹകീം അസ്ഹരി, സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, സയ്യിദ് സ്വാലിഹ് ജിഫ്‌രി, സയ്യിദ് സൈനുൽആബിദീൻ ജമലുല്ലൈലി, സയ്യിദ് ഹുസൈൻ ബാഫഖി, സയ്യിദ് മുഹമ്മദ് ബാഫഖി, സയ്യിദ് എസ് കെ തങ്ങൾ, മുഹ്‌യിദ്ദീൻ സഅദി കൊട്ടുക്കര, ഡോ. മുഹമ്മദ് കുഞ്ഞി സഖാഫി, സി പി ഉബൈദുല്ല സഖാഫി. കുഞ്ഞി മുഹമ്മദ് സഖാഫി പറവൂർ, പി മുഹമ്മദ് യൂസുഫ്. എൻ അലി അബ്ദുല്ല, മജീദ് കക്കാട്, പ്രൊഫ. എ കെ അബ്ദുൽഹമീദ്, കേരള മുസ്‌ലിം ജമാഅത്ത്, എസ് വൈ എസ്, എസ് എസ് എഫ്, എസ് ജെ എം, എസ് എം എ ജില്ലാ സാരഥികൾ റാലിക്ക് നേതൃത്വം നൽകി.

# സിറാജ് ക്യാമ്പയിൻ – മുഅല്ലിംകൾ സജീവമാകണം: എസ് ജെ എം

കോഴിക്കോട്: നേരിന്റെ അക്ഷരവെളിച്ചം എന്ന പ്രമേയത്തിൽ നടക്കുന്ന സിറാജ് ക്യാമ്പയിൻ വിജയിപ്പിക്കുവാൻ മുഅല്ലിംകൾ സജീവ രംഗത്തുണ്ടാകണമെന്ന് സുന്നീ ജംഇയ്യത്തുൽ മുഅല്ലിമീൻ ആഹ്വാനം ചെയ്തു. റെയ്ഞ്ചിൽ മദ്റസയുള്ള പ്രദേശങ്ങളിൽ കോപ്പികൾ വർദ്ധിപ്പിക്കാനും പുതിയ വരിക്കാരെ കണ്ടെത്തുന്നതിനും സംഘകുടുംബത്തോടൊപ്പം മുഅല്ലിംകളുടെ സജീവസാന്നിധ്യം ഉണ്ടാകണമെന്ന് എസ് ജെ എം സെൻട്രൽ സെക്രട്ടറിയേറ്റ് അഭ്യർത്ഥിച്ചു.

സമസ്തസെന്ററിൽ ചേർന്ന സെക്രട്ടറിയേറ്റ് യോഗത്തിൽ പ്രസിഡന്റ് സയ്യിദലി ബാഫഖി തങ്ങൾ അധ്യക്ഷത വഹിച്ചു. വി പി എം വില്യാപ്പള്ളി, അബൂഹനീഫൽ ഫൈസി, കെ പി എച്ച് തങ്ങൾ, പ്രൊഫ. എ കെ അബ്ദുൽഹമീദ്, സുലൈമാൻ സഖാഫി കുഞ്ഞുകുളം, കെ ഉമർ മദനി, വി വി അബൂബക്കർ സഖാഫി, ബശീർ മുസ്‌ലിയാർ ചെറൂപ്പ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു.

## സുന്നത്ത് കുസുമം കാമ്പയിൻ ഡിസം: 1 – 15

കോഴിക്കോട്: സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ മുഖപത്രങ്ങളായ സുന്നത്ത്, കുസുമം മാസികകളുടെ ഈ വർഷത്തെ പ്രചാരണ കാമ്പയിൻ ഡിസം: 1-15 കാലയളവിൽ നടത്താൻ എസ് ജെ എം സെൻട്രൽ സെക്രട്ടറിയേറ്റ് തീരുമാനിച്ചു. പ്രചാരണത്തിന്റെ ഭാഗമായി ജില്ലാ-മേഖല-റെയ്ഞ്ച് പ്രസിഡന്റ്, സെക്രട്ടറി, മാഗസിൻ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ സംയുക്തയോഗം നവംബർ ആദ്യ വാരത്തിൽ കോഴിക്കോട് ചേരും. സെക്രട്ടറിയേറ്റ് യോഗത്തിൽ പ്രസിഡന്റ് സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. വി.പി.എം വില്ല്യാപ്പള്ളി, അബൂഹനീഫൽ ഫൈസി, പ്രൊഫ. എ കെ അബ്ദുൽഹമീദ്, കെ പി എച്ച് തങ്ങൾ, കെ ഉമർ മദനി, സുലൈമാൻ സഖാഫി കുഞ്ഞുകുളം, വി വി അബൂബകർ സഖാഫി, ബശീർ മുസ്‌ലിയാർ ചെറൂപ്പ ചർച്ചകൾക്ക് നേതൃത്വം നൽകി.




## വിജയികളെ പ്രഖ്യാപിച്ചു

കോഴിക്കോട്: 'എന്റെ നാട്ടിലെ മീലാദാഘോഷം' എന്ന വിഷയത്തിൽ മദ്റസ വിദ്യാർത്ഥികൾക്കായി സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ സംഘടിപ്പിച്ച ലേഖനമത്സരത്തിലെ സംസ്ഥാനതല വിജയികളെ പ്രഖ്യാപിച്ചു. ഒന്നാം സ്ഥാനം: മുഹമ്മദ് ബിലാൽ കെ പി, അൽഫലാഹ് സുന്നി മദ്റസ, കടലുണ്ടി നഗരം റെയ്ഞ്ച്. രണ്ടാം സ്ഥാനം: ആഇശ സി, താജുൽഉലൂം മദ്റസ, കാടാച്ചിറ, ചക്കരക്കല്ല് റെയ്ഞ്ച്. മൂന്നാം സ്ഥാനം: നജ ഫാത്വിമ കെ.എ, മഖ്ദൂമിയ്യ മദ്റസ, തലയാട്, കട്ടിപ്പാറ റെയ്ഞ്ച്. ഈ മാസം ഏഴിന് നടക്കുന്ന എസ്.ജെ.എം വാർഷിക കൗൺസിലിൽ വിജയികൾക്ക് സമ്മാനം നൽകും. മത്സരത്തിൽ തെരഞ്ഞെടുക്കപ്പെട്ട 20 വിദ്യാർത്ഥികൾക്കു വേണ്ടി ഓൺലൈൻ രചനാ ശിൽപ്പശാല സംഘടിപ്പിക്കും.

## 586 മുഅല്ലിംകൾക്ക് ധനസഹായം

കോഴിക്കോട്: സുന്നീ ജംഇയ്യത്തുൽ മുഅല്ലിമീൻ ക്ഷേമനിധിയിൽ നിന്ന് സഹായാർഹരായ 586 മുഅല്ലിംകൾക്ക് ധനസഹായം അനുവദിച്ചു. മക്കളുടെ വിവാഹം, ഭവന നിർമ്മാണം, അറ്റകുറ്റപ്പണി, കിണർ നിർമ്മാണം. രോഗചികിത്സ, മുഅല്ലിമിന് മഹർ, വിലാദ എന്നീ ഇനങ്ങളിലായി 563 പേർക്കും സ്നേഹസ്പർശം പദ്ധതിയിലൂടെ 23 പേർക്ക് പ്രത്യേക സഹായവുമാണ് അനുവദിച്ചത്.

ഇതു സംബന്ധമായി സമസ്തസെന്ററിൽ ചേർന്ന ക്ഷേമനിധി ബോർഡ് യോഗത്തിൽ വി പി എം വില്യാപ്പള്ളി അധ്യക്ഷത വഹിച്ചു. അബൂഹനീഫൽ ഫൈസി, കുഞ്ഞുകുളം സുലൈമാൻ സഖാഫി, കെ ഉമർ മദനി, വി വി അബൂബക്കർ സഖാഫി, ചെറൂപ്പ ബശീർ മുസ്‌ലിയാർ ചർച്ചകൾക്ക് നേതൃത്വം നൽകി.

## 13 മദ്റസകൾക്ക് കൂടി അംഗീകാരം

കോഴിക്കോട്: സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ് പുതുതായി പതിമൂന്ന് മദ്റസകൾക്കു കൂടി അംഗീകാരം നൽകി.

എറണാകുളം, കണ്ണൂർ, വയനാട് ജില്ലകളിൽ നിന്നും കർണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നുമുള്ള മദ്റസകളാണ് പുതുതായി അംഗീകാരം നേടിയത്. കോഴിക്കോട് സമസ്തസെന്ററിൽ നടന്ന ബോർഡ് എക്സിക്യൂട്ടീവ് യോഗത്തിൽ വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി അധ്യക്ഷത വഹിച്ചു. പ്രൊഫ. എ കെ അബ്ദുൽഹമീദ് സ്വാഗതവും പ്രൊഫ. കെ എം എ റഹീം നന്ദിയും പറഞ്ഞു. സി പി സൈതലവി മാസ്റ്റർ വരവ് ചെലവ്, റിപ്പോർട്ട് അവതരിപ്പിച്ചു.

സയ്യിദ് ശറഫുദ്ധീൻ ജമലുല്ലൈലി, ടി അബൂഹനീഫൽ ഫൈസി, എൻ അലി അബ്ദുല്ല, പി എസ് കെ മൊയ്തു ബാഖവി, മജീദ് കക്കാട്, ഡോ. മുഹമ്മദ് കുഞ്ഞ് സഖാഫി, അബ്ദുറഹ്മാൻ ദാരിമി കൂറ്റമ്പാറ, പള്ളംങ്കോട് അബ്ദുൽഖാദിർ മദനി, കെ കെ അബ്ദുറഹ്മാൻ മുസ്‌ലിയാർ, പി സി ഇബ്റാഹീം മാസ്റ്റർ, സുലൈമാൻ സഖാഫി കുഞ്ഞുകുളം, ഇയഅ്ഖൂബ് ഫൈസി, അബ്ദുറഹ്മാൻ ദാരിമി സീഫോർത്ത്, അബ്ദുറഹ്മാൻ മദനി, ഉമർ മദനി, കെ കെ എം കാമിൽ സഖാഫി, ഡോ. ഹാജി അബ്ദുന്നാസിർ മുസ്‌ലിയാർ, ശാദുലി ഫൈസി, കെ കെ മുഹമ്മദലി ഫൈസി സംബന്ധിച്ചു.

## മർകസ് തിരുവസന്തം റൂഹുൽമഹബ്ബയോടെ സമാപിച്ചു

കോഴിക്കോട്: 'തിരുവസന്തം 1500' കാമ്പയിന്റെ ഭാഗമായി മർകസ് സ്റ്റുഡന്റ്സ് യൂണിയൻ ഇഹ്‌യാഉസ്സുന്ന സംഘടിപ്പിച്ച റൂഹുൽമഹബ്ബ പ്രകീർത്തനവേദി പ്രൗഢമായി. മർകസ് ശരീഅത്ത് കോളേജ്, റൈഹാൻ വാലി, ഹിഫ്ളുൽ ഖുർആൻ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ ബുർദ, നശീദ, ഖവാലി, മഖാമാത്തുൽഖുർആൻ, സീറ, സംഘഗാനം തുടങ്ങിയ വ്യത്യസ്ത ഇനങ്ങൾ അവതരിപ്പിച്ച് വേദിയെ മനോഹരമാക്കി.

മർകസ് കൺവെൻഷൻ സെന്ററിൽ നടന്ന പ്രകീർത്തനവേദി പ്രിൻസിപ്പൽ സുൽത്വാനുൽ ഉലമ കാന്തപുരം ഉസ്താദ് പ്രാർത്ഥന നിർവ്വഹിച്ച് ഉദ്ഘാടനം ചെയ്തു. സീനിയർ മുദരിസ് വി പി എം ഫൈസി വില്യാപള്ളി അധ്യക്ഷത വഹിച്ചു. അബ്ദുൽജലീൽ സഖാഫി ചെറുശ്ശോല സംസാരിച്ചു. ശമാഇലുറസൂൽ പഠനക്ലാസിന് സയ്യിദ് ജസീൽകാമിൽ സഖാഫി നേതൃത്വം നൽകി. അബ്ദുറഹ്മാൻ സഖാഫി വാണിയമ്പലം, ബശീർ സഖാഫി കൈപ്രം, അബ്ദുൽസത്താർ കാമിൽ സഖാഫി സംബന്ധിച്ചു. ചടങ്ങിൽ വിവിധ ഭാഷാ മാഗസിനുകൾ, പ്രവാചക കവിതാസമാഹാരം പ്രകാശനം ചെയ്തു.

## പണ്ഡിതർ സേവന സജ്ജരാവണം – ഖലീൽ തങ്ങൾ

കോഴിക്കോട് പണ്ഡിതർ വ്യത്യസ്ത വിജ്ഞാനശാഖകളിൽ അവഗാഹം നേടുന്നതോടൊപ്പം കാലികവും ആധുനികവുമായ വിഷയങ്ങളെക്കുറിച്ചുള്ള നിരന്തരമായ അന്വേഷണങ്ങളും പഠനങ്ങളും മുഖേന കഴിവാർജ്ജിക്കണമെന്ന് ബദറുസ്സാദാത്ത് സയ്യിദ് ഇബ്റാഹീം ഖലീലുൽ ബുഖാരി. സമൂഹത്തിനാവശ്യമായ അറിവും ധാർമ്മികമായ ഉത്തേജനവും നൽകി സേവനസജ്ജരായി കർമ്മരംഗം സജീവമാക്കണം. സമസ്ത കോഴിക്കോട് ജില്ലാ മുശാവറ സമസ്തസെന്ററിൽ സംഘടിപ്പിച്ച പണ്ഡിതശിൽപശാല ഉദ്ഘടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ പ്രസിഡന്റ് കോടമ്പുഴ ബാവ മുസ്‌ലിയാർ അധ്യക്ഷത വഹിച്ചു. ചെറുശ്ശോല അബ്ദുൽജലീൽ സഖാഫി, വെള്ളയൂർ അബ്ദുൽഅസീസ് സഖാഫി യഥാക്രമം ഇ-കൊമേഴ്സ്, ഇസ്തിഗാസ അവതരിപ്പിച്ചു.

സയ്യിദ് ഹബീബുൽ ബുഖാരി പ്രാർത്ഥന നടത്തി. ജന. സെക്രട്ടറി വി പി എം വില്യാപ്പള്ളി സ്വാഗതം പറഞ്ഞു. ഹുസൈൻ മുസ്‌ലിയാർ കൊടുവള്ളി, സയ്യിദ് ശിഹാബുദ്ദീൻ ബുഖാരി, എം അബ്ദുല്ലത്വീഫ് മുസ്‌ലിയാർ, ടി കെ അബ്ദുറഹ്മാൻ ബാഖവി, ശുകൂർ സഖാഫി വെണ്ണക്കോട്, അബ്ദുന്നാസിർ സഖാഫി അമ്പലക്കണ്ടി, അബൂബക്കർ സഖാഫി വെണ്ണക്കോട്, വി ബീരാൻകുട്ടി ഫൈസി, ഹംസക്കോയ ബാഖവി ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. സെക്രട്ടറി കെ എം ബശീർ സഖാഫി നന്ദി പറഞ്ഞു.

## പ്രാർത്ഥനാദിനം വിജയിപ്പിക്കുക: എസ് ജെ എം.

കോഴിക്കോട്: ഈ മാസം അഞ്ചിന് മദ്റസകളിൽ സംഘടിപ്പിക്കുവാൻ വിദ്യാഭ്യാസ ബോർഡ് ആഹ്വാനം ചെയ്ത പ്രാർത്ഥനാദിനം വിജയിപ്പിക്കുവാൻ സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ ആഹ്വാനം ചെയ്തു. ദിനാചരണത്തിൽ എല്ലാ മുഅല്ലിംകളും മാനേജ്മെന്റുകളും രക്ഷിതാക്കളും പ്രസ്ഥാന ബന്ധുക്കളും സഹകരിക്കണമെന്ന് എസ് ജെ എം സാരഥികളായ സയ്യിദ് അലി ബാഫഖി, അബൂഹനീഫൽ ഫൈസി, വി.പി.എം വില്യാപ്പള്ളി അഭ്യർത്ഥിച്ചു.

**മറുകുറിപ്പ്**

## പാരമ്പര്യം തിരിച്ചുപിടിക്കണം

മുമ്പ് കേരളക്കരയിലെ മുസ്‌ലിം വീടകങ്ങളിലെ ആത്മീയവെളിച്ചമായിരുന്ന മാലപ്പാട്ടുകളിൽ പലതും ഇന്ന് പേരിനുമാത്രമാണ് പലയിടങ്ങളിലും നിലനിൽക്കുന്നത്. ചരിത്രപരമായും ആത്മീയപരമായും ഏറെ പ്രാധാന്യമുള്ള മാലപ്പാട്ടുകൾ മഹാരഥന്മാരായ മുൻഗാമികളുടെ ജീവിതഗുണങ്ങളും സ്വഭാവസവിശേഷതകളും പഠിക്കാനും ജീവിതത്തിൽ പകർത്താനും സഹായകമാണ്. മുഹ്‌യിദ്ദീൻ മാല, രിഫാഈ മാല, നഫീസത്ത് മാല തുടങ്ങി കേരളക്കരയിൽ പ്രസിദ്ധമായ മലപ്പാട്ടുകൾ ശാരീരികവും മാനസികവുമായ രോഗങ്ങൾക്കുള്ള ആത്മീയചികിത്സയായി നമ്മുടെ മുൻഗാമികൾ ചൊല്ലിയിരുന്നു. കുട്ടികളെ ഉറക്കുമ്പോഴും വിശേഷദിവസങ്ങളിൽ കൂട്ടുകുടുംബങ്ങൾ ഒരുമിക്കുമ്പോഴും പ്രസവം പോലുള്ള പ്രയാസഘട്ടങ്ങളിലുമെല്ലാം എറെ ആദരവോടെ തന്നെ മാലപ്പാട്ടുകൾ ചൊല്ലിയിരുന്നവരാണ് കേരളക്കരയിലെ മുസ്‌ലിംകൾ. മഹാന്മാരുടെ പ്രകീർത്തനങ്ങൾ ആലപിക്കുന്നതു വഴി അവർ മുഖേന അല്ലാഹുവിന്റെ സഹായം ലഭിക്കുമെന്ന വിശ്വാസമാണല്ലോ മാലമൗലിദുകളുടെ അടിസ്ഥാനം. അപൂർവ്വം ചില മത്സരവേദികളിലും ആത്മീയസംഗമങ്ങളിലും ഒതുങ്ങുന്നതിനു പകരം സാങ്കേതികവിദ്യ ഏറെ വികസിച്ച പുതിയകാലത്ത് മാലപ്പാട്ടുകളെക്കുറിച്ച് ആഴത്തിൽ പഠിക്കാനും ജനകീയമാക്കാനും പൂർവികപാരമ്പര്യം തിരിച്ചുപിടിക്കാനും നാം സന്നദ്ധരാവണം.

**അബൂവാഹിബ ഫാളിലി**
**ചേലേമ്പ്ര**

Printed & Published by Kunhalavi musliyar on behalf of Samastha Isalamic Centre, Jaferkhan Colony, P.O Eranhipalam
Kozhikode - 673006 and printed at Al kamal offset, East Nadakkavu, Kozhikode, Editor : VP Moidu Faizy Villyapally